ജുനൈദ്.സി
ഒന്നാം വർഷ ബി.എസ്.സി ഫിസിക്സ്



# അധിനിവേശം
## സംസ്ക്കാരത്തിലും സാഹിത്യത്തിലും

അധിനിവേശങ്ങൾക്ക് മനുഷ്യചരിത്രത്തോളം തന്നെ പഴക്കമുണ്ട്. മനുഷ്യൻ വ്യത്യസ്ത സമൂഹങ്ങളായി വിവിധ സ്ഥലങ്ങളിൽ വാസമുറപ്പിച്ച് തങ്ങളുടേതായ സംസ്ക്കാരം രൂപപ്പെടുത്തിയെടുത്ത് ജീവിക്കാൻ തുടങ്ങിയപ്പോൾത്തന്നെ അന്യസമൂഹങ്ങളുടെ അധിനിവേശങ്ങൾക്ക് വിധേയരാകുകയോ തങ്ങളുടെ തന്നെ അധിനിവേശ സ്വപ്നങ്ങൾക്ക് നിറം പകരുകയോ ചെയ്തിട്ടുണ്ട്. അധിനിവേശ ശക്തികൾക്കെതിരെ ഏതെങ്കിലും രൂപത്തിലുള്ള പ്രതിരോധ ശ്രമങ്ങളും ചരിത്രത്തിൽ നിലനിന്ന് പോന്നിട്ടുണ്ട്. പ്രതിരോധശക്തികളൊക്കെയും തങ്ങൾക്കുള്ള ഊർജ്ജം സംഭരിച്ചത് ചില മാനവിക മൂല്യങ്ങളിൽ നിന്നാണ്. കാലാതിവർത്തിയായ മൂല്യങ്ങളോട് പ്രതിബദ്ധതയുള്ള ചെറുതെങ്കിലും ഒരു വിഭാഗത്തിന്റെ സാന്നിദ്ധ്യമാണ് മനുഷ്യസമൂഹത്തിന്റെ നിലനില്പിന് ആധാരമായി വർത്തിക്കുന്നത്.

ഭൗതികലോകത്തിന്റെ മുഖഛായ മാറിക്കൊണ്ടിരിക്കുമ്പോൾ അധിനിവേശത്തിന്റെ രൂപവും ഭാവവും മാത്രമാണ് മാറിക്കൊണ്ടിരിക്കുന്നത്. ഒരുകാലത്ത് സൈനികബലമായിരുന്നു ഈ ശക്തികളുടെ ആയുധമെങ്കിൽ ഇന്ന് പ്രക്ഷാളനം ചെയ്യപ്പെട്ട മനുഷ്യമസ്തിഷ്കങ്ങളാണ്. എന്നാൽ അധിനിവേശശക്തികൾ കൂടുതൽ കരുത്താർജ്ജിച്ചുകൊണ്ടിരിക്കുമ്പോൾ അതിനെതിരെ ചെറുത്തുനിൽക്കാൻ ബാധ്യതപ്പെട്ടവർ അധിനിവേശത്തിന്റെ തന്നെ കുഴലൂത്തുകാരായി മാറുന്ന വിചിത്രമായ കാഴ്ചയാണ് നമുക്കി

പ്പോൾ കാണാൻ സാധിക്കുന്നത്. ഈയവസ്ഥ കരിനിഴൽ വീഴ്ത്തിയിരിക്കുന്നത് നമ്മുടെ ജീവിതത്തിലും സംസ്ക്കാരത്തിലും സാഹിത്യത്തിലുമാണ്. നാമിന്നഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രതിസന്ധിയും ഇതുതന്നെ.

ഒരു ജനതയുടെ ജീവിതം അസാന്മാർഗികമാകുമ്പോൾ അഥവാ സംസ്ക്കാരത്തിന്റെ വൃക്ഷം വാടുമ്പോൾ ജീവിതത്തിലും എഴുത്തിലും അത് ഒരുപോലെ സ്വാധീനിക്കുന്നു. ബാഹ്യനേത്രങ്ങൾക്കൊണ്ട് ഒരു പക്ഷേ കാണാൻ സാധിക്കാത്ത ഇത് നമ്മുടെ പെരുമാറ്റത്തിലും വ്യവഹാരങ്ങളിലുമാണ് ബാഹ്യമായി വെളിപ്പെടുക. സാങ്കേതികതയുടെ കുത്തൊഴുക്കിന്റെ ആഗോളഗ്രാമമായി മാറിക്കൊണ്ടിരിക്കുന്നലോകത്ത് സ്വന്തം അസ്ഥിത്വം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന മലയാളിയെയാണ് നമുക്ക് കാണാൻ കഴിയുന്നത്. മലയാളിയുടെ ഈ സ്വത്വനഷ്ടത്തിന്റെ വേരുകൾ ചെന്നെത്തുന്നത് മൂല്യവിരുദ്ധമായ ചില സംസ്കാരങ്ങളിലും അവയുടെ അനുകരണങ്ങളിലുമാണ്. അതുകൊണ്ടുതന്നെ മലയാളിയുടെ അതിജീവനപ്രശ്നം സരളമായി പരിഹരിക്കാൻ കഴിയുന്ന ഒന്നല്ലതന്നെ.

'ഉപഭോഗമതം' നമ്മുടെ സംസ്കാരത്തിൽ പിടിമുറുക്കിയിരിക്കുന്നു. ആന്തരിക യാഥാർത്ഥ്യങ്ങളിലേക്കുള്ള നേർക്കാഴ്ചക്ക് തടയിടുകയും സദാപുറത്തേക്കുമാത്രം നോക്കാൻ പ്രേരിപ്പിക്കുകയുമാണ് 'ഉപഭോഗമതം' ചെയ്യുന്നത്. ഉപഭോഗപരത ജീവിതത്തിലേക്ക് ഒരു ലഹരിയായി സന്നിവേശിക്കപ്പെട്ടപ്പോൾ മലയാളിയെന്നത് ഉല്പാദന ക്ഷമതയില്ലാത്ത അനുകരണങ്ങളുടെ ആകെത്തുകയായിത്തീർന്നു.

ശരാശരി മലയാളിയുടെ സ്വപ്നം ആധുനികജീവിത സൗകര്യങ്ങളിലാണ്. ജീവിതം എളുപ്പവും ആനന്ദകരവുമാക്കുന്നതിന് ആധുനിക ഉപകരണങ്ങൾ മുഴുക്കെ വാങ്ങിക്കൂട്ടിയത് തന്റെ പരിസ്ഥിതിയെയും പാരമ്പര്യമൂല്യങ്ങളെയും അവഗണിച്ചുകൊണ്ടാണ്. ടെലിവിഷനില്ലാത്ത വീടിനെക്കുറിച്ച് ചിന്തിക്കാൻ കൂടി പറ്റാത്തിടത്തോളം കാര്യങ്ങളെത്തി നിൽക്കുകയാണ്. അത് സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന ഭീതിതമായ സാംസ്കാരിക വിപത്തുകളെക്കുറിച്ച് ബോധവാന്മാരല്ലാതെ വിവേചനരഹിതമായി ഉപയോഗിക്കപ്പെട്ടപ്പോൾ തകർന്നുകൊണ്ടിരിക്കുന്നത് ഭാര്യാഭർതൃബന്ധവും കുടുംബഅയൽപക്ക ബന്ധങ്ങളുമൊക്കെയാണ്. ആധുനിക സൗകര്യങ്ങൾ ഓരോന്നായി കരസ്ഥമാക്കിയതിലൂടെ സ്വാർത്ഥതയും സുഖലോലുപതയും കേരളീയന്റെ മുഖമുദ്രയായിത്തീർന്നു. 'അയൽക്കാരന്റെ അസൂയയിലാണ് തന്റെ അഭിമാനം' എന്നു പഠിപ്പിക്കപ്പെടുന്ന ഉപഭോഗലോകത്ത് അയൽപക്കബന്ധങ്ങൾ എങ്ങനെ ഊഷ്മളമാകും?

ഉപഭോഗസംസ്ക്കാരം നമ്മിലടിച്ചേൽപിച്ചത് യഥാർത്ഥ വികസനത്തിന് കത്തിവെക്കുന്ന വികസനസങ്കല്പത്തെയാണ്. സമാധാനവും അഭിവൃദ്ധിയും നേടിത്തരുന്നതാണ് യഥാർത്ഥ വികസനം. പ്രകൃതിവിഭവങ്ങളെ സന്തുലിതമായി ഭൗതികവീക്ഷണത്തിലെ സമ്പദ്സമൃദ്ധി, വികസനത്തിന്റെ ലക്ഷ്യമായി മാറിയപ്പോൾ നമുക്ക് നഷ്ടപ്പെട്ടത് സമാധാനവും അഭിവൃദ്ധിയുമാണ്. നമ്മുടെ പ്രകൃതിയെയും പാരമ്പര്യമൂല്യങ്ങളെയും അത് കൊന്നുകുഴിച്ചുമൂടുകയും ചെയ്തു. ആവശ്യമായാലും ഇല്ലെങ്കിലും പാരിസ്ഥിതികമായി എന്തെല്ലാം പ്രത്യാഘാതങ്ങൾക്കു കാരണമാകുമെങ്കിലും 'വിമാനത്താവളങ്ങൾ' നമ്മുടെ വികസനത്തിന്റെ പ്രതീകമായി കൊട്ടിഘോഷിക്കപ്പെടുന്നു. മാനസികാവസ്ഥയുടെ അടിസ്ഥാനം കിടക്കുന്നത് തലതിരിഞ്ഞ വികസന സങ്കൽപത്തിലാണ്.

മനുഷ്യനെ ഭൂമിയോടും പ്രകൃതിയോടും അടുപ്പിച്ചുനിർത്തുന്നത് ശാരീരികവേലയാണ്. ഈ ബന്ധം തകർത്തുകളയുമാറ് ശാരീരി

നോക്കൂ ....!
തോറ്റോടിയവന്റെ പതാക പോലെ
നമ്മുടെ ആകാശം ചാനൽമഴയിൽ
ഒലിച്ചുതീരുകയാണ്

കവേലക്കെതിരെയുള്ള മനോഭാവം കേരളീയനിൽ വളർന്നുകൊണ്ടിരിക്കുകയാണ്. 'വൈറ്റ്കോളർ' ജോലിയോടുള്ള അഭിനിവേശം സൃഷ്ടിച്ചു വിട്ടത് വലിയൊരു തൊഴിലില്ലാപടയെയാണ്. സാമ്പത്തിക അപഥസഞ്ചാരത്തിലേക്ക് ഇത് നമ്മെ കൊണ്ടെത്തിക്കുകയും ചെയ്തു. കള്ളക്കടത്തും കള്ളനോട്ടടിയും തട്ടിപ്പുകമ്പനികളുമൊക്കെ തഴച്ചുവളരുന്നത് ഈ സാഹചര്യത്തിൽ നിന്നാണ്.

മലയാളിയെ സ്വാർത്ഥരും സുഖിയരുമാക്കി മാറ്റിയതിൽ ഇന്നത്തെ വിദ്യാഭ്യാസവ്യവസ്ഥക്കും ചെറുതല്ലാത്ത ഒരു പങ്കുണ്ട്. പാഠമുൾക്കൊള്ളാൻ പര്യാപ്തമല്ലാത്ത ചരിത്രപഠനവും പ്രകൃതിയെ ചൂഷണം ചെയ്യാൻ മാത്രം പഠിപ്പിക്കുന്ന ശാസ്ത്രപഠനവുമാണ് വിദ്യാഭ്യാസരീതിയുടെ മുഖമുദ്ര. ഇതിലൂടെ സൃഷ്ടിക്കപ്പെടുന്നത് ഉത്തരവാദബോധമില്ലാത്ത ചരിത്രത്തെയും പാരമ്പര്യത്തെക്കുറിച്ചുമറിയാത്ത സമൂഹത്തെയുമാണ്. പ്രകൃതിയോടും മനുഷ്യനോടും പ്രതിബദ്ധതയുള്ളതും, വെള്ളത്തിന്റെ, വായുവിന്റെ, വൃക്ഷലതാദികളുടെ നേരെ നമ്രതയും പരിഗണനയും വെച്ചുപുലർത്തുകയും ചെയ്യുന്ന വിദ്യാഭ്യാസക്രമത്തിനു മാത്രമെ ഈ പ്രതിസന്ധിയിൽ നിന്ന് നമ്മെ രക്ഷിക്കാൻ കഴിയൂ.

സംസ്കാരത്തിന്റെ അടിവേരുമായി ബന്ധപ്പെട്ട ഉപരിപ്ലവമായ സൃഷ്ടികളാണ് മലയാള സാഹിത്യത്തിന്റെ മുഖമുദ്ര. ജീവിതഗന്ധിയായ സാഹിത്യം നമുക്കന്യമായിക്കൊണ്ടിരിക്കുകയാണ്. അപവാദങ്ങളില്ലെന്നല്ല പക്ഷെ അത്തരം നിലവാരമുള്ള സൃഷ്ടികൾക്കാവട്ടെ വായനക്കാർ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഈയവസ്ഥ സൃഷ്ടിച്ചതിൽ നമ്മുടെ സാഹിത്യപ്രവർത്തകർക്കും പങ്കില്ലേ എന്നത് പരിശോധിക്കപ്പെടേണ്ടതാണ്. സാധാരണക്കാരന്റെ ഭാഷയിൽ സംവദിക്കുവാൻ എത്രത്തോളം സാധിച്ചിട്ടുണ്ടെന്നത് വിലയിരുത്തേണ്ടതാണ്.

നഷ്ടപ്പെട്ടുപോയ മൂല്യങ്ങളെ വീണ്ടെടുക്കാനുള്ള ആഹ്വാനമാണ് സാഹിത്യം. മൂല്യങ്ങളെ പുനരുജ്ജീവിപ്പിക്കുകയും പുനർവായനക്ക് വിധേയമാക്കുകയും ചെയ്യുകയാണതിന്റെ ധർമ്മം. അതിനാൽ തന്നെ ഇൻഫർമേഷൻ ടെക്നോളജിയെ പോലെ ദിശാബോധമില്ലാത്ത വെറും വിവര സാഹിത്യമായി സൃഷ്ടികൾ മാറാൻ പാടില്ലാത്തതാണ്. യഥാർത്ഥ ധർമ്മം നിർവ്വഹിക്കുന്ന സൃഷ്ടികൾക്കേ അനശ്വരത പ്രാപിക്കാനുള്ള അർഹതയുണ്ടാവൂ.

മലയാളത്തിൽ ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനക്കാരും വർദ്ധിക്കുന്നുണ്ടെന്നത് സത്യമാണ്. വലിയൊരുവിഭാഗം വായനക്കാരുള്ളത് പൈങ്കിളികൾ എന്നാക്ഷേപിക്കപ്പെടുന്ന വിഭാഗത്തിനാണ്. എന്നാൽ നിലവാരമുള്ളവ എന്നു പറയപ്പെടുന്ന ആനുകാലികങ്ങൾ തന്നെ മാർക്കറ്റ് പിടിച്ചടക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത് സിനിമ എന്ന മാധ്യമം ഉപയോഗിച്ചാണെന്ന് കാണാതിരുന്നുകൂടാ. സിനിമയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുകയും താരങ്ങളുമായുള്ള അഭിമുഖങ്ങൾ വായനക്കാരെ ലഭിക്കാൻ അത്യാവശ്യമായി മാറുകയും ചെയ്താൽ നമ്മുടെ വായനാ സംസ്കാരം മലിനീകരിക്കപ്പെട്ടതായി നാം തിരിച്ചറിയേണ്ടതുണ്ട്.

ഈ സ്ഥിതിവിശേഷങ്ങളെല്ലാം സൃഷ്ടിച്ചതിൽ ആധുനിക പാശ്ചാത്യ സംസ്കാരം പ്രതിക്കൂട്ടിൽ തന്നെയാണ്. ആധുനിക മാധ്യമങ്ങളുപയോഗിച്ച് തങ്ങളുടെ ജീർണസംസ്കാരം കയറ്റിയയക്കുന്നതിൽ അവർ വിജയം വരിച്ചു. ആത്മഹത്യയിലേക്ക് നടന്നടുത്തുകൊണ്ടിരിക്കുന്ന പാശ്ചാത്യസംസ്കാരം ഇതര സംസ്കാരങ്ങളെ കൂടി നശിപ്പിച്ചേ അടങ്ങു എന്ന വാശിയിലാണ്.

നിർഭാഗ്യവശാൽ മൂന്നാം ലോകരാജ്യങ്ങളിലെ ജനത സ്വപ്നം കാണുന്നത് മുതലാളിത്ത സാമൂഹ്യക്രമത്തെയാണ്. കൈനിറയെ പണവും സ്വർഗീയജീവിതവുമാണ് നമ്മുടെ സ്വപ്നം. പക്ഷേ ജീവിതസൗകര്യങ്ങൾ മുഴുവൻ നേടിയ പാശ്ചാത്യ സമൂഹം ഇന്ന് സമാധാനം തേടി അലയുകയാണ്. പാശ്ചാത്യലോകത്ത് മനുഷ്യദൈവങ്ങളും കൾട്ടുകളും പെരുകി വരുന്നത് ഇതിന്റെ ഉത്തമദർശനമാണ്. ഇന്ത്യയിലുള്ള ഇത്തരം മനുഷ്യദൈവങ്ങളുടെ ആരാധകർ നല്ലൊരു വിഭാഗം പാശ്ചാത്യൻ ജനതയാണെന്നത് നാം മറക്കാതിരിക്കുക.



സാംസ്കാരിക അധിനിവേശങ്ങൾ സൃഷ്ടിച്ച പ്രത്യാഘാതങ്ങളെ ചെറുത്തു തോൽപിക്കാൻ പുതിയൊരു ചെറുത്തുനില്പ് എല്ലാ രംഗങ്ങളിലും വളർന്നു വരേണ്ടതുണ്ട്. സംസ്കാരം, മതം, രാഷ്ട്രീയം, കല, സാഹിത്യം, തുടങ്ങിയ മേഖലകളിലൊക്കെ അത്തരം ചെറുത്തുനില്പുകൾ അനിവാര്യമായി വന്നിരിക്കുന്നു. ഏതു സംസ്കാരത്തിൽ നിന്നായാലും നന്മയെ സ്വാംശീകരിക്കാനും തിന്മയെ തിരസ്ക്കരിക്കാനും നമുക്ക് സാധിക്കേണ്ടതുണ്ട്. പഴയതെല്ലാം നല്ലതാണെന്നോ പുതിയതെല്ലാം മോശമാണെന്നോ ഉള്ള ധാരണ അബദ്ധമാണ്. പഴയതിൽ ചീത്തയും പുതിയതിൽ നല്ലതുമുണ്ടാകാം. മൂല്യങ്ങൾ എവിടെനിന്നായാലും ഉൾക്കൊള്ളാനുള്ള മനസ്സാണ് നമുക്കുണ്ടായിരിക്കേണ്ടത്. വ്യത്യസ്ത രീതിശാസ്ത്രങ്ങളുടെ കീഴാള പക്ഷവായനയോ, സ്ത്രീപക്ഷ വായനയോ, ദളിത് വായനയോ അല്ല, മാനവിക വായനയാണ് നാം നടത്തേണ്ടത്.

ജലീൽ മശ്ഹൂർ

ഒന്നാം വർഷ എം.കോം.



# ക്യാമ്പസ് പുനർ നിർമ്മിക്കപ്പെടുന്നില്ല

"പ്ലീസ് ഒരു ചോക്കോസ്റ്റിക്ക്" തീപ്പൊരി വിതറിയ ഗഹനവും ഗൗരവവുമായ ചർച്ചകൾക്കും പ്രതികരണങ്ങൾക്കും വേദിയായിരുന്ന ക്യാമ്പസുകളിൽ നിന്ന് ഇന്നുയരുന്ന ഡയലോഗുകളിൽ ഒന്നുമാത്രമാണിത്.

കുത്തകക്കമ്പനികളുടെ പരസ്യങ്ങളെ ജീവിതത്തിലേക്ക് ആവാഹിക്കാനുള്ള വ്യഗ്രതയിൽ ക്യാമ്പസ് യുവതയുടെ കണ്ഠനാളങ്ങളിൽ നിന്നുയരുന്ന ദീനരോദനം. തനിക്കാവശ്യമില്ലാത്തതൊക്കെയും അനുകരിക്കാനുള്ള വെപ്രാളത്തിൽ സ്വയം പേറുകയാണവൻ. നർമ്മം കലർന്ന സൗഹൃദ സംഭാഷണങ്ങൾ, നൊമ്പരങ്ങൾ പങ്ക്വെക്കൽ അവയിലൂടെ ഊട്ടിയുറപ്പിക്കപ്പെടുന്ന സ്നേഹബന്ധങ്ങൾ ഇവയെല്ലാം ഇവിടെ അറുത്ത് മാറ്റപ്പെടുന്നു.

ജീവിതയാഥാർത്ഥ്യങ്ങളും, നഗ്ന സത്യങ്ങളും സ്വപ്നങ്ങൾക്കും മിഥ്യാധാരണകൾക്കും വഴിമാറുന്ന ആധുനിക ക്യാമ്പസിൽ സൗഹൃദബന്ധങ്ങൾ നാമമാത്രമാകുന്നു. അടിപൊളിയുടെ പുറം പകിട്ടുകളുടെ ലോകത്ത് ഊളിയിടുന്ന യുവതക്ക് യാഥാർത്ഥ്യത്തെ ഉൾക്കൊള്ളാനാവാതെ വരുമ്പോൾ, പുറംമോടി നഷ്ടപ്പെട്ട് യാഥാർത്ഥ്യത്തെ നേർക്കുനേർ കാണേണ്ടിവരുമ്പോൾ അവൻ ജീവിതത്തെ പോലും നഷ്ടപ്പെടുത്താൻ ശ്രമിക്കുന്നു.

ഏറ്റവും അടുത്ത സുഹൃത്തിനോട് മനസ്സ് തുറന്ന് സംസാരിക്കാൻ, അവനുമായി സല്ലപിക്കാൻ യുവത്വത്തിന് സമയമില്ലാതായിരിക്കുന്നു. 'ബിസി'യുടെ ലോകത്ത് സല്ലാപങ്ങൾക്ക് അവൻ ഇന്റർനെറ്റുകളെ ആശ്രയിക്കുന്നു. ക്ലാസ് മുറിയിൽ നിന്നും ഇന്റർനെറ്റ് കഫേകളുടെ കൂരിരുട്ട് നിറഞ്ഞമുറിയിൽ വിരൽ തുമ്പിൽ സൗഹൃദം പങ്കിടുന്ന യുവതക്ക് എന്തൊക്കെയോ നഷ്ടമാവുന്നില്ലേ?

പച്ചപ്പ് നിറഞ്ഞ ക്യാമ്പസുകൾക്കുള്ളിൽ വരണ്ടുണങ്ങിയ ഹൃദയങ്ങളുമായി ആർക്കോവേണ്ടി ആടിത്തിമിർത്ത് തകർന്നുപോവേണ്ടതാണോ നമ്മുടെ യുവത്വവും, കൗമാരവും.

ഒരുപുനർവിചിന്തനം ആവശ്യമായിരിക്കുന്നു. മനസ്സറിഞ്ഞ സൗഹൃദവും പ്രണയവും "ഹായ്-ബായ്" സംസ്കാരത്തിന്റെ കുത്തൊഴുക്കിൽ തകർന്നുപോയാൽ തളർന്ന് പോവുന്നത് മനുഷ്യത്വമല്ലേ? പുറംമോടിയെ മാത്രം നോക്കി ആളുകളെ വിലയിരുത്തിയാൽ മതിയോ? ജീവിതയാഥാർത്ഥ്യങ്ങളുമായി മല്ലിട്ട് മറ്റ് അനവധി ജീവിതങ്ങൾ കരുപിടിപ്പിക്കുന്ന, യഥാർത്ഥജീവിതങ്ങളെ കാമ്പസ് തിരിച്ചറിയേണ്ടേ? അവരെ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണ്ടേ?

അക്രമത്തെയും അനീതിയെയും അധാർമ്മികതയെയും ചെറുത്ത് തോല്പിക്കാൻ, അവക്കെതിരെ പ്രതികരിക്കാൻ, പ്രതിഷേധത്തിന്റെ അഗ്നിജ്വാലകളുയർത്താൻ, ചിന്തയുടെ, ചർച്ചകളുടെ, പ്രതികരണത്തിന്റെ വേദിയൊരുക്കാൻ കഴിഞ്ഞകാല ക്യാമ്പസുകളുടെ തീരത്തിലൂടെയെങ്കിലും നമുക്ക് ഒരു യാത്ര നടത്താൻ കഴിയണ്ടേ...? വിപ്ലവങ്ങൾക്ക് തുടക്കം കുറിച്ച പഴയകാല വിദ്യാർത്ഥികളുടെ സംഘടിത സ്വഭാവത്തെ നാണം കെടുത്തുന്ന, നിയന്ത്രിക്കാനാവാത്ത വൃത്തികെട്ട പേരുകളിലറിയപ്പെടുന്ന വെറും ഗ്യാങ്ങുകളായി വിദ്യാർത്ഥികൾ മാറിത്തുടങ്ങിയിരിക്കുന്നു. ഇവിടെ മനുഷ്യൻ മനുഷ്യനെത്തന്നെ മറക്കുന്നു-അവൻ കടന്നുവന്ന പാതകളെ വിസ്മരിക്കുന്നു. പാവപ്പെട്ടവനെ അറിയുന്നതിനും അവനെ സഹായിക്കുന്നതിനും പകരം അവനു മുന്നിൽ സൗഹൃദത്തിന്റെ വാതായനങ്ങൾ പോലും കൊട്ടിയടക്കുന്നു.

യാഥാർത്ഥ്യങ്ങളെ മറന്ന് സ്വപ്നത്തിൽ തിമിർത്താടുന്ന മനുഷ്യന് മനുഷ്യത്വം പോലും നഷ്ടമാകുന്നു. കുത്തകക്കമ്പനികളുടെ പരസ്യത്തിന്റെ ഭാഗമായി, ക്യാമ്പസുകൾ തരം താഴുമ്പോൾ വിപ്ലവങ്ങൾക്ക് അസ്ഥിവാരമിട്ട, പ്രതികാരത്തിന്റെ തീപ്പന്തങ്ങളേന്തിയ കലാലയങ്ങൾ മയക്കത്തിലാണോ എന്ന ചോദ്യമുയരുന്നു.

ധൈഷണികമായ ചിന്തകൾക്ക് പുനരാരംഭം കുറിക്കാൻ ഗഹനവും ഗൗരവവുമായ ചർച്ചകളും പ്രതികരണങ്ങളും, നന്മയുടെ ഉറവവറ്റാത്ത സൗഹൃദത്തിന്റെ വിത്തുകളും കാമ്പസുകളിൽ പാകാൻ, ചിന്താദാരിദ്ര്യം കൊണ്ട് വരണ്ടുണങ്ങുന്ന കാമ്പസുകൾക്ക് പുത്തനുണർവ്വ് പകരാൻ നമുക്ക് യത്നിക്കാം. ക്യാമ്പസുകളെ പാരമ്പര്യത്തെ അറിഞ്ഞ്, യാഥാർത്ഥ്യബോധത്തെ ഉൾക്കൊണ്ട് നന്മയിലേക്ക് നയിക്കാം.

haris.k.
third BA english

# "Campus;
## The Hearthrob of Youth



*"All our knowledge brings us to our ignorance"* -
T.S. Eliot

We are extremely fortunate to have lush green campuses with us to suck the dew of wisdom. As it is generally agreed, Campus is an Eden for those butterflies who have ruptured the hard shells of school life. With total abandon, they would like to enjoy the carte blanche of adolescence to enlighten their hearts and warm their minds. Breaking the chains of restraints and restrictions has always been a thrilling experience for these teenagers.

Campus life furnishes one of the notable vicissitudes in the long span of human life, and it plays a decisive role in shaping the personality of an individual. It must not be neglected that parents have a lion's share in enriching the character of a man. An individual procures most of the traits of his personality from his childhood. But when he leaves behind his child hood, his teachers enter into their task of moulding his character; and gradually they begin to replace parents in this significant task. Thus the character of an individual is mostly moulded in the smithy of campus by the smith called "teacher" It is often said that a cam-

pus can make a bad one worse and a good one better.In a nutshell a short span of life spent on a vital campus can necessarily exert a bonafide influence upon the personality of a person.

But now this splendid picture has entirely given way to pathetic portrait. It is a tedious toil of a brave man to try to picturise the present day campus. As all of us know, the student life is the blending of vigorous youth and the vitality of knowledge.So everybody pins their hopes on student community. But it is a pity that most of the present campuses are injurious to the healthy growth of the multi faced development of students.

On these campuses, the bed rock principles of society•like, discipline, and obedience, are targets of ridicule. No care for charity and integrity. There is neither honesty nor purity in life. A Platonic love has longbeen alienated to our modern campuses. If one's purse is jingling, one will be loved by a victim of consumerism which has spread even to the heart and mind of campus love.

If our campuses used to come alive with creative discussions two decades ago, now it has been replaced by the lucrative advancement in the field of information technology. The invasion of interest has impoverished the student community to some extent. Knowingly or unknowingly todays chatting and emailing have reduced our student community to passive idleness. Students are inclined to despise even their devoted teachers. It is very pathetic to listen to the wail of a teacher.

*" I rescued him from the hell*
*of penury and taught him well.*
*As he was a boy sans brother*
*I loved him well as a mother*
*I, the solace in his solitude*
*Ensured to receive from him this attitude,*
*Until he was yoked by the other*
*Who petrified him with terror*
*Came they with a few more one day,*
*Beseeching my chastity to pay*
*Terrified I kept myself away*
*Our warden sent them away"*

Whoever the speaker of the above verse may be, it epitomizes the lack of moral principles on modern campuses.

Now politics in our campuses has become gamesome and rather troublesome. Though politics give an opportunity for an assemblage of students devoid of religion and caste, it does more harm than good, to the student community. Many a campus has now become a dais for learning the psendo politics of disloyalty and exploitation. Political leaders are coerced to agree with what their leader say. It is only due to the public support as well as the student support, that politics is still active on campuses. Despite these disadvantages, politics paves the way for youth to have a vivid idea of their political future. So it can be granted to some extent; but better to completely keep away from this influence.

Students concept of education has also been devastated by selfish motives. A massive but slender shift has taken place in the attitude of students as well as teachers. The education process has commenced aiming at individual accomplishments rather than mass educaiton. One's after egos become one's enemies when the rank lists are published. So today's education itself is a sort of tug-of -war.

The existing mode of education should be replaced by an education useful for the majority in the community. The education process has to be subjected to a total and comprehensive reform. A slight change in the system of education can lead to an enormous alternation in the whole society. So every one should attempt to perform that task. And teachers should be entrusted with the task of guiding them.

In spite of all these Hawks and follies, campus is a solace for students. The colourful period of life spend on a beautiful and luminous campus is undoubtedly blissful.

So at present we can drink the campus life to the lees.


*To end, I envince campus as evergreen*
*Amongst all the pleaures we have ever seen,*
*A solace from grief for teenagers,*
*Who seldom pay praise or wages*

*For procuring intact fortitude*
*From the teachers full of gratitude*
*To fly life - long like a moth*
*To say sooth, campus makes us soothe.*

# ചില വർത്തമാന ചിന്തകൾ....

കുഞ്ഞഹമ്മദ് കോട്ടപ്പള്ളി
രണ്ടാം വർഷ ബി.എ. ഇംഗ്ലീഷ്

സിദ്ധന്റെ ജീർണ്ണിച്ച ശരീരം ഉയിർത്തെഴുന്നേൽക്കാൻ ശ്വാസമടക്കി കാത്തിരിക്കുന്നവരുടെ 'വിവരസാങ്കേതികത' യുടെ വ്യാപനത്തിനിടയിൽ മധ്യപ്രദേശിലെ കുട്ടുബായിയിലൂടെ സതി ആചാരം ആവർത്തിക്കപ്പെട്ടുവെന്നത് അത്ഭുതത്തിന് വക നൽകുന്നില്ല. മഴ ദേവതയെ തൃപ്തിപ്പെടുത്താൻ നഗ്നരായി നിലമുഴുതുന്ന ദൃഢവിശ്വാസികളുടെ നാട്ടിൽ അറുപത് കഴിഞ്ഞ അമ്മക്ക് ആത്മഹത്യ ചെയ്യാൻ ആസിഡ് ലഭ്യമായ പുരോഗതിയിലും അതിശയോക്തിയില്ല. മുലപ്പാലിന് വെമ്പുന്ന കുട്ടിയുടെ വായിലേക്ക് പെട്രോൾ ഒഴിച്ചുകൊടുക്കുന്ന ഭരണാധികാരികളുടെ 'സഹിഷ്ണുത'യിൽ അപ്രതീക്ഷിതമായി ഒന്നുമില്ല.. !




പിഞ്ചുബാലികയുടെ ഭാവി നേരത്തെയാക്കികൊടുത്ത നിയമമറിയുന്ന വക്കീൽ ജയിലിലടയ്ക്കപ്പെടും മുമ്പ് സൂര്യനെല്ലി, മട്ടാഞ്ചേരിയായത്, വളർച്ചയുടെ ഗതിവേഗത കൊണ്ടായിരിക്കാം....! കോളേജ് കുമാരിയെ ശരീരശാസ്ത്രം പഠിപ്പിച്ച പന്തളത്തെ ലക്ച ററുടെ ആത്മാർത്ഥതക്ക്

അവാർഡ് നൽകേണ്ടതായിരുന്നിട്ടും ആരുമതിന് തുനിഞ്ഞില്ലെന്നത് ദുഃഖകരം ...! യൂണിവേഴ്സിറ്റി മുതൽ നാം 'സ്ത്രീപഠനം' തുടങ്ങിയത് നന്നായി. ആത്മഹത്യ പതിവാക്കിയ ഡി.ജി.പി മാരെ സ്ത്രീകളെ നൽകിയെങ്കിലും രക്ഷപ്പെടുത്തിയില്ലെങ്കിൽ നാളെ നമ്മെ അതിക്രമങ്ങളിൽ നിന്നും കാക്കാനാളുണ്ടാവില്ലെന്നത് ഭീതീജനകമാണ്.... അത്യാഹിതങ്ങളിൽ നിന്നും അഭയം തേടി ആതുരാലയങ്ങളിലെത്തുന്ന യുവതികളെ 'ബദ്ധശ്രദ്ധരായി പരിചരിക്കാൻ' നമ്മുടെ നാട്ടിൽ ആൾക്കാർ സുലഭമാണല്ലോ...? നിരത്തിലും നിലകളിലും പെണ്ണിനെ പിന്തുടരാൻ ആളുണ്ടാകുമ്പോൾ കാമപൂരണത്തിന് അലവൻസ് നൽകാതിരിക്കുന്നതിലേ അന്യായമുള്ളൂ..... നീലച്ചിത്രങ്ങളും സൗന്ദര്യമത്സരങ്ങളുമില്ലെങ്കിൽ ജീവിതം നിരർത്ഥകമായിടത്ത് 'സ്ത്രീസേവ' നഴ്സറി മുതലാക്കിയതിന് പലരോടും കടപ്പാടുണ്ട്. യൂണിവേഴ്സിറ്റികളിൽ ഗവേഷണവിഷയമായി ഇത് അംഗീകരിക്കപ്പെടണം...

ഇതൊന്നുമില്ലെങ്കിൽ ആളറിയാത്ത ഭ്രൂണഹത്യയും കുടുംബാസൂത്രണവും നമുക്ക് അഭിലഷണീയം..... ! സോറി, അത്രയും വൈകിക്കൂടാ.... ഇവിടെയാണ് പുതിയ പരിഹാരങ്ങൾ നിർദ്ദേശിക്കപ്പെടേണ്ടത്. പെണ്ണിന്റെ വയറ്റിലെ മാംസപിണ്ഡം കീറിയെടുത്ത് ലായനിയിലിട്ട് സൂക്ഷ്മദർശനിയുപയോഗിച്ച് പരിശോധിക്കുക. ആണാണെങ്കിൽ അമ്മയുടെ വയറ്റിൽ തിരികെകയറ്റി തുന്നിക്കെട്ടാമല്ലോ... ? അല്ലെങ്കിൽ തീയിലേക്ക് വലിച്ചെറിയാം. ഗുജറാത്തിലെ കണ്ടുപിടുത്തം വെറുതെയാകരുതല്ലോ.. ? ഇത് വഴി ശതമാന സംവരണത്തിനും 'വേശ്യ'യെന്ന പദത്തിന് പുല്ലിംഗവും തേടി നിരത്തിലിറങ്ങിയ മഹിളാ സംഘങ്ങളെ തിരികെ കയറ്റാം....

അല്ലെങ്കിലും സ്വാതന്ത്ര്യത്തിന്റെ മധു നുണയുന്ന നാമെന്തിനിതിലൊക്കെ വ്യാകുലരാവണം. ഗുജറാത്തിൽ പീഡിപ്പിക്കപ്പെട്ടത് സ്ത്രീയെയായിരുന്നില്ലല്ലോ ...?

ന്യൂനപക്ഷക്കാരിയെയല്ലേ..... ഭീകരർ .! അവർക്ക് മനുഷ്യഹൃദയമുണ്ടാകാൻ വഴിയില്ല. അവർ കണ്ണീരിന്റെ ഉറവ വറ്റിയവർ. വയോവൃദ്ധനായ കച്ചവടക്കാരൻ തന്റെ ചായയുടെ പണം ചോദിച്ചതിന് അയാളുടെ താടി പിടിച്ചു വലിക്കാനും മകളെ ട്രെയിനിലേക്ക് വലിച്ചിഴച്ച് വേണ്ടതൊക്കെ ചെയ്യാനും, ജന്മഭൂമി സംരക്ഷിക്കാൻ വംശശുദ്ധീകരണയജ്ഞത്തിന് ടിക്കറ്റില്ലാതെ യാത്ര ചെയ്യാനും സ്വാതന്ത്ര്യമുള്ളിടത്ത് കണ്ണീരുണ്ടാവരുത്. രാജ്യത്തിന്റെ സമൂലമായ വളർച്ചക്ക് തുടിക്കുന്ന രാജ്യസ്നേഹവുമായി സർവ്വവും ത്യജിച്ച 'ദ്രോഹികളുടെ' മജ്ജയും മാംസവും

തീയിലിട്ട് നശിപ്പിക്കാൻ 'തെഹൽകഭാര താംബക്കാർ' പരിശീലനം നേടിയെടുക്കുമ്പോൾ സാമൂഹ്യവും രാഷ്ട്രീയവും മതപരവുമായ സകല സംരക്ഷണങ്ങളും അർഹിക്കുന്നുണ്ടിവിടെ......

സ്വാതന്ത്ര്യത്തിന്റെ അരനൂറ്റാണ്ടിന് ശേഷം അറുപത് കോടി ജനങ്ങൾ പട്ടിണികിടക്കുന്നുണ്ടെങ്കിലും ആശങ്കയെന്തിന്...? അവർക്ക് തെരുവുകളിൽ തെണ്ടാനുള്ള വിശാലമായ സ്വാതന്ത്ര്യം നിലവിലില്ലേ.... അതിന് സ്ഥലപരിധിയോ സമയപരിധിയോ നാം നിശ്ചയിച്ചിട്ടില്ല. തോന്നുമ്പോൾ മരിക്കാനുള്ള അവകാശമില്ലാത്തത് ഒരു പോരായ്മയായിരിക്കാം. ദയാവധത്തിന് അനുവാദം കിട്ടാൻ കോടതിയിൽ അപേക്ഷ നൽകൽ, ഇതിന് പരിഹാരമാകാം. മാന്യമായി ആത്മഹത്യ ചെയ്യാനുള്ള അവകാശം നാം നേടിയെടുക്കേണ്ടതായിരുന്നു. പ്രതീക്ഷയുടെ സ്വർഗ്ഗത്തിൽ നിന്നും വർഷം തോറും സ്വയം കുഴിമാടങ്ങൾ തേടിപ്പോകുന്ന പത്ത് ലക്ഷം മനുഷ്യരുടെ പേരിൽ നാം കേസ് രജിസ്റ്റർ ചെയ്യുന്നതെന്തിന്..... ?!

തിന്നാനും കുടിക്കാനുമില്ലെങ്കിലും അഭിമാനത്തോടെ തലയുയർത്തി നടക്കാൻ നമുക്ക് അണുബോംബുകളില്ലേ. മനുഷ്യന്റെ ഏറ്റവും വലിയ ആവശ്യം അപ്പമാണെന്ന ഗ്രീക്ക് പഴമൊഴിക്ക് സ്വല്പം മാറ്റം വരുത്തി, 'അണു' വാണെന്ന് തെളിയിക്കുക വഴി ലോകത്തിന് പുതിയ സംഭാവന അർപ്പിക്കുകയാണ്. മനുഷ്യന് മൂല്യം നഷ്ടപ്പെട്ടിട്ട് യുഗങ്ങളായെങ്കിലും അവയവങ്ങൾക്ക് ഇന്നും വിലയുണ്ടല്ലോ ? പട്ടിണി കിടക്കുന്നവർക്ക് വിൽക്കാൻ വൃക്ക..... കണ്ണ്..... കാത്..... ! അത് വാങ്ങാൻ ആളുമുണ്ട്; തലച്ചോറ് അമേരിക്കയിൽ പണയത്തിലാണെങ്കിലും.....!

അരനൂറ്റാണ്ട് കാലം കൊന്നാലും തീരാത്ത ജനങ്ങളുള്ളിടത്ത് സായിപ്പന്മാർ ഇട്ടുതന്ന ലക്ഷ്മണരേഖയ്ക്ക് ഇരുവശത്ത് നിന്നും തരിശുഭൂമിക്ക് വേണ്ടി പോരാടുന്നത് രാജ്യസ്നേഹത്തിന്റെ ദൃഢത കൊണ്ടാവാം. കാശ്മീരിലെ ദാർ തടാകം ഉപ്പ് രസമുള്ളതാണെന്ന് ഗവേഷകർ കണ്ടെത്തിയാൽ അമ്മമാരുടെ രാജ്യസ്നേഹം കണ്ണിലൂടെ ഒഴുകിയതാണെന്ന് അഭിമാനത്തോടെ പറയാം. നിണത്തിന്റെ നിറമുള്ള നദിയിലെ കറുത്തനിഴലുകൾ രാജ്യസേവനം കഴിഞ്ഞുപോയ പട്ടാളക്കാരുടെതാണെന്ന് തെളിയിക്കാൻ എളുപ്പമാണ്. ത്യജിക്കപ്പെട്ട ജീവന്റെ കണക്കെടുക്കുന്നതിന് പകരം ആത്മഹത്യ ചെയ്യാൻ നദിയിൽ ചാടിയ 'ഷഹനാസിനെ' ഭീകരതയുടെ മുദ്രചാർത്തി തുറുങ്കിലടച്ച്, ഏഴുവർഷത്തെ ചോദ്യം ചെയ്യലിലൂടെ പൈതലിനെ സമ്മാനിച്ചത്, അമേരിക്കക്കാർ സംയുക്ത വർമ്മയെ പിടിച്ചുവെച്ചത് സഹിക്കാൻ തുണയാവും...! ഹിരോഷിമയും നാഗസാക്കിയും കഴിഞ്ഞതോർത്ത് തേങ്ങുമ്പോഴും രേഖക്കിരുവശത്തുനിന്നും അണുബോംബിനെക്കുറിച്ച് വീമ്പിളക്കു

ന്നത് ഏമാന്മാരുടെ രാജ്യസംരക്ഷണ ത്വരകൊണ്ടാവാം.

റോക്കറ്റും റൊട്ടിയും തമ്മിൽ ഇക്കാലത്ത് വലിയ ബന്ധമുണ്ട്. അഫ്ഘാനിസ്ഥാനിലെ വിശക്കുന്ന പിഞ്ചുപൈതങ്ങൾക്ക് റൊട്ടിയും ക്ലസ്റ്റർ ബോംബും ഒരുമിച്ച് വർഷിച്ചുകൊടുത്ത അമേരിക്കൻ കാരുണ്യത്തിന്റെ നവയാഥാർത്ഥ്യങ്ങൾ പിന്തുടരേണ്ടവരാണ് നാം. അർഹതയുള്ളവരല്ലേ അതിജീവിക്കേണ്ടത്. ആർക്കാണർഹതയെന്ന് ഹിറ്റ്ലർ വിവരിച്ചതാണല്ലോ. കൊല്ലുന്ന രീതികളിലെ കണ്ടെത്തലുകൾ നടപ്പാക്കാൻ നാമിനിയും വൈകരുത്. ജീവനില്ലാത്ത നഗരങ്ങളെ നിമിഷം കൊണ്ട് ചാമ്പലാക്കുന്നതിൽ തെറ്റില്ല. ജീവനുള്ള ജാതിക്കാരനെ വേദനിപ്പിച്ചുകൊല്ലണം. ഭരണാനുമതിയോടെ നടന്ന ഗുജറാത്തിലെ ഗവേഷണങ്ങൾ ഏതു രീതിയിലാണ് കൂടുതൽ വേദനയർഹിക്കുന്നത് എന്ന് തെളിയിക്കാനുള്ള ശ്രമമായി നമുക്ക് കാണാം. ശിലായുധങ്ങൾ ഏറ്റവും പ്രയോജനപ്പെടുത്തേണ്ട കാലമാണിത്. എറിഞ്ഞുകൊല്ലുക, നിലത്തടിച്ചുകൊല്ലുക, പെട്രോളൊഴിച്ചുകൊല്ലുക, വെട്ടിക്കൊല്ലുക, ബലാൽസംഗം ചെയ്ത് കൊല്ലുക. ... ഇവയിലേതാണ് സ്വീകാര്യമായതെന്നു മനസ്സിലാക്കാൻ ഗുജറാത്തിലെ ജ്യോതിഷത്തിന്റെ, ജ്യോതിസ്സറിയാവുന്ന യുവഗവേഷകരെ കൊണ്ട് വരിക. ശേഷം 'ന്യൂനപക്ഷക്കാരന്റെ' നെഞ്ചിൽ ഒരു മീറ്റർ വെക്കുക. വേദനയുടെ മീറ്റർ പ്രവർത്തിക്കട്ടെ. അതുവഴി ഏറ്റവും നല്ലരീതിയേതെന്നു കണ്ടുപിടിക്കാം. പക്ഷെ ഗുജറാത്തിൽ തീയിലെറിയപ്പെട്ട പിറക്കാത്ത കുട്ടിയിൽ മീറ്റർ ബന്ധിച്ചിട്ടു കാര്യമില്ല. തീ ആ പൈതലിനോട് വികൃതമായി പെരുമാറില്ലല്ലോ... തീയുടെ കരുണ കാണാൻ അതിബുദ്ധിമാന്മാർക്ക് കഴിയാതെ പോയതെന്ത് ....! ഏർവാടിയിൽ തീ ആളിപടരുന്നത് കണ്ട് പൊട്ടിച്ചിരിച്ച ഭ്രാന്തന്മാരെ ഇവർ മറന്നുപോയതാവാം. ഇന്ത്യൻ മനസ്സുകളിലെ സഹനശേഷി അറിയാൻഗുജറാത്തിലെ ഷാ ആലം ക്യാമ്പിൽ കഴിയുന്ന ന്യൂനപക്ഷക്കാരിയുടെ നെഞ്ച് പിളർന്ന് പരിശോധിക്കൂ...



ഗുജറാത്തിലെ 'സേവന'ത്തിനെതിരെ പാർലമെന്റ് നിർത്തിവെച്ചത് അതിർത്തി ഞരങ്ങിയപ്പോൾ അവസാനിപ്പിച്ചില്ലായിരുന്നെങ്കിൽ വലിയ പാതകമാവുമായിരുന്നു. കർമനിരതനായ മോഡി പ്രഥമപൗരന്റെ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെടാതിരുന്നത് നിർഭാഗ്യം കൊണ്ടുമാത്രമാണ്. ഈ നിർഭാഗ്യവാനും, രാജ്യസ്നേഹി അദ്വാനിയും, കവി വാജ്പേയിയും ത്രിമൂർത്തികളായി സൃഷ്ടിയും സ്ഥിതിയും സംഹാരവും പഠിപ്പിക്കാൻ സർവ്വകലാശാലകൾ തുടങ്ങുമെന്ന് നമുക്ക് ആശിക്കാം. ഇവിടെ നിന്ന് പുറത്ത് വരുന്ന വംശശുദ്ധിക്കാരന്റെ വായിലുള്ളതായിരിക്കണം നിയമം. കൃത്യവിലോപം നടത്താത്ത ഇവരുരുവിടുന്ന വാക്കുകൾ പകർത്തിയെടുക്കണം. ചരിത്രത്തിലെവിടെയോ ഇരുളടയേണ്ട വാക്യങ്ങളാണെങ്കിലും അവ നാളെയുടെ പ്രത്യയശാസ്ത്രങ്ങളാണ്...

രാജ്യത്ത് അതിക്രമം ചെയ്തയാളെ തിരിച്ചറിയുന്ന കാര്യത്തിൽ നാം അമേരിക്കയെ പിന്തള്ളാൻ പോവുകയാണ്. ഭീകരാക്രമണങ്ങൾക്ക് ശേഷം കിട്ടുന്ന ശവങ്ങളെ വിദേശഭീകരരാണെന്ന് തിരിച്ചറിയാൻ സെപ്തംബർ പതിനൊന്നിലെ സംഭവത്തിന് ലാദനാണുത്തരവാദിയെന്നവർ തീരുമാനിച്ച സമയത്തിന്റെ പകുതി പോലും വേണ്ട എന്നത് നമ്മുടെ രഹസ്യപോലീസിന്റെ വളർച്ചയുടെ 'പാരമ്യത' സൂചിപ്പിക്കുന്നു.

നമ്മെ ഭരിക്കുന്നവർ എന്നും മതേതരത്വത്തിന്റെ കാവൽഭടന്മാർ ആയി 'വർത്തിച്ചിട്ടുണ്ട്'. ഇഫ്താർ പാർട്ടിക്ക് തൊപ്പിയണിഞ്ഞ്- കൃസ്ത്യൻ പള്ളിയിൽ കുർബാനയ്ക്കിരുന്ന് - അമ്പലത്തിൽ കുറിതൊട്ടു നിൽക്കുന്ന മതേതരത്വ

ത്തെ നെഞ്ചിലേറ്റിയവർ നാടുനീളെ സുലഭമാണല്ലോ... മുസ്ലിംകൾ പാകിസ്ഥാനിലേക്ക് ചേക്കേറുകയോ വി. എച്ച്.പി.യുടെ ദാസൻമാരായി വർത്തിക്കുകയോ ചെയ്താൽ മതേതരത്വം പൂർണ്ണമാവുകയും, അവരുടെ അടയാളങ്ങളായ താജ്മഹൽ, കുത്തബ് മീനാർ തുടങ്ങി 'അനാവശ്യമന്ദിര'ങ്ങൾ മണ്ണോട് ചേരുകയും ചെയ്താൽ രാജ്യരക്ഷ ഭദ്രമാവുകയും ചെയ്യുമല്ലോ ....?

ആത്മാർത്ഥത തുളുമ്പുന്ന അധികാരമോഹം 'ലവലേശ'മില്ലാത്ത ലഘു പാർട്ടികൾ കൂണുപോലെ മുളച്ചത് ആശ്വാസമാണ്. ഇവരുടെ ആത്മാർത്ഥതയുടെ ഡിഗ്രി അളന്നാൽ ജയലളിതയോ മമതയോ മായാവതിയോ മുമ്പിലെത്തുക...? നേട്ടങ്ങളുടെ കിടപ്പനുസരിച്ച് ആരുമാവാം. ഇവർക്കൊരു കേന്ദ്രമന്ത്രി പദം കിട്ടിയാൽ തീരാത്ത പ്രശ്നങ്ങളൊന്നും ഇന്നിന്ത്യയിലില്ലല്ലോ... രാജ്യം മുഴുവൻ ഗുജറാത്തായാലും അവർ കാത്തിരിക്കുന്ന 'തിരുവിളി' വന്നാൽ എല്ലാം മറക്കാം.

ദാഹിച്ചുകരയുന്ന കുട്ടികൾക്ക് പെട്രോൾ നൽകാൻ സേവനസന്നദ്ധരായ പാർട്ടിക്കാർക്ക് പമ്പുകൾ സൗജന്യമായി നൽകിയ സമകാലികതയിൽ ധീരമായ പ്രവചനങ്ങളും പരീക്ഷണങ്ങളും ഇനിയും തുടരാം. കാർഗിലിൽ ശവപ്പെട്ടിയിലൂടെ നേടിയതിനെക്കാളും, ആയുധം വാങ്ങിയ വകയിൽ കിട്ടിയതിനേക്കാളും വലിയത് ഒരു തവണ കൂടി കസേരയാണ്. സ്വാതന്ത്ര്യത്തിന് ശേഷം ആയിരത്തിലേറെ കലാപങ്ങൾ നടന്നിട്ടുണ്ടെന്നും , മുറിവുകൾ ഒരിടത്തും ഉണങ്ങിയിട്ടില്ലെന്നും അക്ഷരത്തിന്റെ വെളിച്ചമെത്താത്തവർ ഇനിയുമുണ്ടെന്നും തുടങ്ങി 'അവഗണിക്കപ്പെടേണ്ട' ആവശ്യങ്ങളേക്കാൾ



ഇന്ത്യക്കാരന്റെ പ്രഥമവും പ്രധാനവുമായ ജനവികാരം രാമജന്മഭൂമി മന്ദിരമാണല്ലോ....! അക്ഷരമറിയാത്തവനെന്നും അങ്ങിനെയിരിക്കേണ്ടത് ഭരണകൂടത്തിന്റെ വലിയ ആവശ്യമാണ്. വിദ്യയില്ലാത്തവനോടേ വികൃതി കാട്ടാൻ ഒക്കുകയുള്ളൂവെന്ന ബാലപാഠമറിയാത്തവൻ ഈ നൂറ്റാണ്ടിൽ ജീവിക്കേണ്ടവനല്ലായിരിക്കാം.......

ലോകജനത ചൊവ്വയിലും ചന്ദ്രനിലും ജീവന്റെ അംശം കണ്ടെത്താനുള്ള തീവ്രയത്നത്തിനിടയിൽ നമ്മുടെ ശനിയെക്കുറിച്ച് ആശങ്കരാവേണ്ട ജ്യോതിഷ നവീന വിദ്യയുടെ വിപ്ലവയുഗത്തിൽ പിറക്കുന്ന കുഞ്ഞിന്റെ ജാതകത്തിൽ 'സ്വാഭാവികമരണ'മുണ്ടായിരിക്കില്ല. അതിന് വംശനാശം സംഭവിച്ചിട്ട് യുഗങ്ങൾ ഏറെയായി.

പ്രചോദനത്തിന് ലഹരി അനിവാര്യമായ യുഗത്തിൽ പ്രതീകരണശേഷിയുള്ള യുവാക്കൾക്ക് വർഗ്ഗീയതയും കിട്ടിയിരിക്കുന്നു എന്നത് പരിഭ്രമത്തിന് ഇടവരുത്തേണ്ട. മദ്യത്തിനും പുകവലിക്കും എതിരെ നാടുനീളെയുള്ള ആരോഗ്യത്തിന് ഹാനികരമാണെന്ന ബോർഡിൽ വർഗീയതയും ഉൾപ്പെടുത്തണം. ശേഷം സമാധാനത്തിന് നിരത്തിലിറങ്ങി നിലവിളിക്കാം. കടിച്ചുകീറി കൊലവിളി നടത്താം....വൈറ്റ് ഹൗസ് മേധാവി സമാധാനത്തിന് വേണ്ടിയുള്ള യുദ്ധാഹ്വാനം ചെയ്തിട്ട് പിന്നിലണിനിരക്കാതിരിക്കുന്നത്, ഒന്നുമല്ലെങ്കിൽ ബഹുമാനക്കുറവല്ലേ...?

രാജ്യസ്നേഹത്തിന്റെ കാര്യത്തിൽ നാമെത്രയോ മുന്നിലാണല്ലോ..? തെഹൽക റിപ്പോർട്ടറുടെ ഓഫീസ് റെയ്ഡ്ചെയ്യുന്നതും അലക്സ് പെറിയെന്ന

ടൈം ലേഖകന് രണ്ട് പൗരത്വമുണ്ടെന്ന് കണ്ടെത്തിയതും ഷർട്ടഴിച്ചിടും വേഗത്തിൽ മന്ത്രിപദം രാജിവെച്ചുതിരിച്ചുവരാനും പ്രചോദനമാവുന്നതും, ഈ രാജ്യ സ്നേഹമാണല്ലോ... ?

അല്ലെങ്കിലും നമുക്കിവയിലൊക്കെ എന്തുകാര്യം....... ?!

കൂട്ടിലടയ്ക്കപ്പെട്ട കിളി സുരക്ഷിതയും, ചില്ലുകൂട്ടിലെ മത്സ്യം സുഖത്തിലും ജീവിക്കുന്ന ഉത്തരാധുനിക യുഗത്തിൽ ജയിലിൽ അടക്കപ്പെടുന്നവനാണ് സുരക്ഷിതനെന്ന് മനസ്സിലാക്കാൻ സ്വാതന്ത്ര്യത്തിന്റെ അമ്പതാണ്ടിന്റെ ആവശ്യമില്ല. എവിടെ മനസ്സ് നിർഭയവും ശിരസ്സ് ഉയർന്ന് നിൽക്കുകയും ചെയ്യുന്നുവോ, എവിടെ സങ്കുചിതത്വത്തിന്റെ മതിൽക്കെട്ടുകളാൽ മനുഷ്യൻ വിഭജിക്കപ്പെടാതിരിക്കുകയും ചെയ്യുന്നുവോ, അവിടെയാണ് സ്വാതന്ത്ര്യമെന്ന ടാഗോറിന്റെ മൊഴി നമുക്ക് സ്മരിക്കാം. ഇന്നിന്റെ ജയിലുകളിലും ഭ്രാന്താലയങ്ങളിലും മാത്രമേ ഇവ പ്രാവർത്തികമാവുന്നുള്ളുവെങ്കിലും...

ഇന്ത്യ ജീവിക്കുന്നത് ഗ്രാമങ്ങളിലാണെന്ന ഗാന്ധിജിയുടെ വാക്യം ഗ്രാമങ്ങളും ഇന്നു ഭ്രാന്താലയങ്ങളാണെന്ന തിരിച്ചറിവില്ലാതെ വായിക്കാനാവുമോ.....

കഴുതയുടേയും കുയിലിന്റേയും ശബ്ദം ഒരേയുറവിടത്തിൽ നിന്നും വരുമെന്ന വ്യർത്ഥമായ ചിന്തകൾക്ക് നമുക്ക് വിരാമമിടാം.

വർഷം തോറും ചെങ്കോട്ടയിൽ പതാകയുയർത്തി നമ്മെ അഭിസംബോധനം ചെയ്യുന്ന പ്രധാനമന്ത്രിമാരെ കാതോർത്തിരിക്കാം..... പിക്കാസോയുടെ ചിത്രത്തിൽ അനാവരണം ചെയ്തതുപോലെ പതിരുമാറ്റിവെച്ച് കതിരും കൊത്തി നമ്മിൽ നിന്നും പരിഹസിച്ച് പറന്നകലുന്ന വെള്ള പ്രാവുകളെ നോക്കിനിൽക്കാം. പതിരുകാൺകെ നമുക്കത് കണ്ട് കൈകൊട്ടിച്ചിരിക്കാം...

ഇനിയൊരിക്കലും തിരിച്ചുവരില്ലെന്ന് വിളിച്ചുപറഞ്ഞ് വാനിലേക്ക് പറന്നുയരുന്ന സമാധാനത്തിന്റെ സന്ദേശവാഹകരെ നോക്കി വീണ്ടും നമുക്ക് വിളിച്ചുപറയാം..

**ഭാരമാ..........താ...കീ...**

dept. of english



# Why hats are not always good

They loved top hats. Therefore their river system got spoiled Sounds funny? Listen to this true story.

In the early 1800s, the Rocky Mountains in America were home to plenty of those little animals called beavers. They contributed to keeping the ecosystem intact. They would build little dams across streams and live in the little islands so formed. For these dams and homes, they cut logs from trees around. When the big trees are reduced, small plants and grass below them get sunlight and grow well. The roots of these form a network that prevents soil erosion. The dams also filter the water. This clear, clean water below the dam is a great home for fish. The water behind the dam increases and spreads out, covering more land. In these wetlands marsh mammals browse and birds and ducks build nests and feed. All was thus well with the Rocky Mountains streams, till the demand for top hats arose.

Top hats made of beaver fur became very popular among fashionable gentlemen in the US and Europe. Because of the high demand, many trappers went to the Rocky Mountains. They killed and skinned the beavers, then sold the fur to hat manufacturers. When the beavers were gone, the dams deteriorated and the force of the water carried the logs and mud downstream. The ponds drained, leaving the wetlands high and dry. The wildlife vanished. Water grew muddy. Fish no longer had their quiet, clear ponds. The large trees on the hillsides grew profuse and the network of grass roots below them lessened. When rains came, the soil was swept away by the rushing waters. The small, clear streams became wild rushing rivers of mud and stones at certain times of the year, and dry at other times. The whole ecosystem of the Rocky Mountains changed -- all because people chose to wear a certain kind of hat.

But no, that was not the mistake. The mistake was in deciding to hunt the beavers beyond the need, to subject ecosystem to market demands. As Gandhiji said, the earth provides enough for everyone's need, but not for any one's greed. This then is the basic principle of environmental ethics. Use me, says nature, but do not exploit me. Nature is the goose that lays the golden eggs, but you have to be satisfied with what she offers you in abundance. Nature has a delicate balance. which gets upset by excessive use. The Mina Mata and the Itai Itai




diseases in Japan, the Bhopal gas tragedy in India, the Chernobyl disaster in Russia --- these are all man-made tragedies. They are retribution for upsetting this balance; punishments as natural and as sure as getting burned for dipping fingers in hot water.

Rachel Carson in her book *The Silent Spring* pointed to the big loss suffered by mankind because of man's "assault on the environment". The most alarming assault is the contamination of air, earth, rivers, and sea with dangerous materials. The poisons travel from link to link of the food chain. The lesson is: Good actions have good consequences, bad actions bad consequences. This is the law of nature.

Man is inventing and spraying chemicals, destroying eco-systems developed through millions of years. By releasing harmful greenhouse gases into the atmosphere, we are even causing calamitous changes in the climate. The ozone layer that protects the earth from dangerous radiation is getting depleted. The atmospheric heat is increasing; this could well lead to widespread floods, extreme temperatures, even total disappearance of countries into the sea.

The lesson that the environment gives us is: there is no room for selfishness. Nature is in such a wonderful state of interdependence that, like an arch which is strong with all bricks in place, everything sustains everything else. So long as you let others live, you are also safe. The moment one brick thinks it can go it alone and dominate others, the whole structure collapses. Such is the case with the human society in the social environment, like the natural environment, variety makes for richness and stability. Monoculture is as much fatal and dull, as plurality is dynamic and beautiful. Nature shows the way in going beyond man made boundaries of nation states, castes or races. It preaches (by practising) the self-sustaining ethics of tolerance.

Environmental ethics are relevant not only to nature and society, but to economics even. If Rachel Carson asked the question "What has silenced the voices of spring in countless towns in America?" Amartya Sen enquired, "Why is there so much poverty in some places?" And both came up with similar answers. The biologist points to the ecological imbalances, and the economist to the economic imbalances, both created by predatory habits of man. Carson dismisses the claim that increased farm production necessitates exploitation; in fact



overproduction is the real problem. Sen has persuasively argued how it is not shortage of production but fautly distruibution that causes poverty in several parts of the world. A few wealthy nations try to monopolize the world's resources and use up the world's energy. They cause pollution that contaminates the earth and depletes its resources. It is foolish to think that such monopolization harms the poor nations alone. The world economy itself is a kind of ecological system. Money cannot be productive unless it is in currency. It has to flow from the haves to the have nots so that the latter have the purchasing power to sustain the former's products. Thus, ecologically or economically, biologically or chemically, everything is sustained by a delicate balance of variety, plurality and interdependence. Neither the eco-system nor the economic and the social systems can upset this balance. Self-centred growth without restraint is no growth - after all, cancer is a kind of growth. Schumacher's classic critique of the purely profit-driven modern industrial state, *Small is Beautiful*, emphasizes the need to bring non-economic, ethical factors into decision and policy making.

Environmental ethics are in fact the extension of spiritual ethics. As the physical world manifests a divine order of empathy which is rewarded, the ethics of social life also point to a healthy order that follows certain principles. Physical laws and ethical norms thus become complementary emanating from the same divine principle. By showing courtesy, diginty, tolerance, respect and good conduct, our society would be a more livable, far better place than it is now.

All this boils down to one idea: in everything we do in society, or to nature, or to ourselves, there is a right way and a wrong way. Service and tolerance, mutual sustenance and support, and acceptance of variety and plurality are virtues that create prosperous nations. Intolerance and arrogance are sins against oneself and others. They cause conflict and ruin.

Indeed, environmental ethics is all about making the right choice and discarding the wrong. Live and let live - that is all we know of environmental ethics, and all we need to know.

*(TALK GIVEN ALL INDIA RADIO)*



sumeetha. M
second BA economics

# Give the Girl Her Space

Seasons have passed by, years have flown. Still, we are barely concerned about the mounting problems of half the population - the women of our country.

Perhaps, the very priorities we assign to people are wrong. The stereo -type gender roles that our society limits our women thwarts the development of the society itself.

Even though through the years, the disappointment, the birth of a girl child brings has declined it still lingers on. Even in the so called 'literate Kerala' the fact remains the same. Statistics may proclaim a very low rate of female infanticide, but the attitude and approach of the society to the girl is sickening.

The visual media, which has penetrated into almost all walks of our life, has done nothing to change this mindset. Whether it be Hindi films or regional movies or daily soaps in the channels, the woman is idolized as a symbol of suffering her duty is emphasised - that she must be a 'perfect wife' a ‘perfect mother’ etc. The educated girl in most of the serials end up either in a bad marriage or in total desperation of not being able to find a suitable husband. The message that the media imparts to the society is totally wrong. But the media is not to be blamed fully, it just reflects the attitude of the society.

Education which plays a vital role in shaping one's life, is denied to the girl- child. Money is saved for her marriage which ultimately turns out to be the first priority, Even though, women have barged into almost all fields of employment, still the representation of women in the law- making bodies is very less.

India is a land with a unique culture. History reveals that women have been respected throughout the ages. But in the modern era violence against women has increased manifold.

From bridal finery to ashes this is the fate of many an Indian girl who enters into the sa-

cred bond of marriage. Dowry is a social stigma where a woman is merely reduced to a commodity - who is bargained for in the market of marriage alliances .The sad truth is that educated young men accept dowry, from educated parents.

The world has shrinked into an era of hi-tech technology. Yet we leave our women- totally neglected.

The priorities, the attitudes, need a radical change. If I can dare to dream beyond the horizon, then perhaps all girls can. This is not a revolutionary thought. If dreams should be transformed into reality it requires courage and encouragement too. I always ponder upon the lives of girls like me, whose world is fenied. Who are left in a choiceless world in the age in which we talk about gender equality and women empowerment it is paradoxical to see girls battling with life.

Even though, women have come a long way, they are still treated as secondary citizens. Young men, can make a sincere effort to wipe off the visible and invisible 'Lakshman Rekhas'

Life is the most precious gift, perhaps its high time, we realize that we should make life easier for others too. I can write so, because I am born in a priveleged world. My decisions are respected for I am an individual. If education does not help one to see things in the right perspective, then such a system of education is worthless.

If a girl is educated, then she is gifted a world of opportunities. Education can mould, her into a self reliant individual . No girl is a chattel, she too has the right to take her own decisions.

The need of the hour is to execute our ideas. Let's respect, the girl, for the only thing she requires to break the shackles is some space. Give the girl her space - then you'll see the difference.

# ഗുജറാത്തിന്റെ നിലവിളി

നസീർ

മനുഷ്യസ്വാതന്ത്ര്യത്തിന്റെ ഏറ്റവും ഉദാത്തമായ ആവിഷ്ക്കാരമാണ് സച്ചിദാനന്ദൻ കവിതകൾ. 1987ൽ സച്ചിദാനന്ദൻ എഴുതിയ 'ആദികവികൾ' അവസാനിക്കുന്നത് ഇങ്ങിനെയാണ്.

**"ആദി കവികളെ**
**എന്റെ വാക്കുകൾക്ക് നിങ്ങളുടെ പഴമൊഴികളുടെ**
**വീര്യവും കരുണയും പകർന്നു തരൂ..**
**ഞാനെന്റെ കഠിനയാത്ര തുടങ്ങട്ടെ**
**എന്റെ ദേശത്തിന്റെ കുരുതികളിലേക്കും കരുത്തുകളിലേക്കും"**

ഗുജറാത്ത് വംശഹത്യയെ ആധാരമാക്കി സച്ചിദാനന്ദൻ എഴുതിയ കവിതകൾ ഈ വരികളെ അന്വർത്ഥമാക്കുന്നു. ഗുജറാത്തിനെ കുറിച്ച് മലയാളത്തിൽ എഴുതപ്പെട്ട ഏറ്റവും കരുത്തുറ്റ വാക്കുകൾ ഈ കവിതകളിലേതാണ്. ഗർഭിണിയുടെ വയർപിളർന്ന് ഗർഭസ്ഥ ശിശുവിനെ പുറത്തെടുത്ത് കത്തിക്കുന്നത് സിംഹവാലൻ കുരങ്ങിന്റെ വംശനാശത്തോളം നമ്മെ അലട്ടേണ്ടതാണെന്ന് നമ്മുടെ 'സാഹിത്യകുമാരിമാർ'ക്ക് അനുഭവപ്പെടുന്നില്ല. ഇവിടെയാണ് 'സാക്ഷ്യങ്ങൾ' എന്ന സച്ചിദാനന്ദൻ കവിത മനുഷ്യത്വത്തിന്റെ രോദനമായിത്തീരുന്നത്.

**"ഇല്ല, ഒരമ്മയും ഇങ്ങനെ കുഞ്ഞിനെ**
**ചിതയിലേക്കു പെറ്റിട്ടുണ്ടാവില്ല**
**ഒരു നിലവിളിയും ഇങ്ങനെ**
**ഉയരും മുമ്പേ ചാരമായിട്ടുണ്ടാവില്ല"**

ഫാസിസ്റ്റ് ഭീകരവാഴ്ച കവി ഇങ്ങനെ രേഖപ്പെടുത്തുന്നു.

**"പെട്ടെന്നായിരുന്നു എല്ലാം അവസാനിച്ചത്**
**കൊടിയും പന്തവുമായി അവർ വന്നു.**
**വാളും ത്രിശൂലവുമായി അവർ വന്നു**
**അവരെന്റെ കൈകാലുകൾ കെട്ടിയിട്ടു**
**വാൾകൊണ്ട് അടിവയർ നെടുകേ പിളർന്നു**
**അവർ നിന്നെ വലിച്ചു പുറത്തിട്ടപ്പോൾ**
**നീ പൊക്കിൾകൊടിയിൽ മുറുകെപ്പിടിച്ചുവോ"?**

ഗുജറാത്ത് കലാപത്തിന്റെ ആസൂത്രിതമായ നീക്കത്തിന് തെളിവായിരുന്നു സ്ത്രീകളുടെ പങ്കാളിത്തം. കസ്തൂർ ബായുടേയും മീരാബായുടേയും പിൻമുറ

ക്കാർ ഗുജറാത്തിൽ ഫാസിസ്റ്റ് ഭീകരതക്ക് പിന്നണി പാടുകയായിരുന്നു.

**"എനിക്കു വിശ്വസിക്കാൻ വയ്യ**
**മുലപ്പാൽ കൊണ്ട് തീ ആളിക്കത്തിക്കാമെന്ന്!**
**താരാട്ടുകൊണ്ട് ഭൂകമ്പമുണ്ടാക്കാമെന്ന്!"**

ഒരു അഗ്നിബാധയെപ്പോലെ ഇന്ത്യയെ കീഴടക്കിക്കൊണ്ടിരിക്കുന്ന ഫാസിസ്റ്റുമുഖം സേതു എന്ന കവിതയിൽ സച്ചിദാനന്ദൻ ചിത്രീകരിക്കുന്നു.

**"വടോദരയിൽ കൊട്ടാരത്തിനരികിലെ**
**വടവൃക്ഷത്തിൽ തമ്പടിച്ചിരുന്ന ഒരു കുരങ്ങൻ**
**പൂർവ്വികനെ സ്മരിച്ച് വാലിൽ തുണിചുറ്റി**
**വീടുകൾക്കും കടകൾക്കും തീ കൊളുത്തിപ്പറഞ്ഞു;**
**"ഗർവോടെ പറയൂ, നാം കുരങ്ങുകളാണെന്ന്!"**
**മറ്റു കുരങ്ങുകൾ ഒന്നൊന്നായി തിരിച്ചുവന്നു**
**സേതു പണിതിരുന്ന കല്ലുകൾ**
**ഇളക്കിയെടുത്ത് അമ്പലംപണി തുടങ്ങി:**
**രാവണന്."**

ഇന്ത്യ ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ ഭീഷണി ഈ ഫാസിസ്റ്റ് ചിന്താഗതിയാണെന്നതിൽ കവിക്ക് സന്ദേഹമില്ല. മാനവികതയുടെ അപചയത്തിലാണ് ഫാഷിസം വളരുന്നത്. നരഭോജികൾ എന്ന കവിത ഇതിന്റെ പ്രഖ്യാപനമാണ്.

**"താടി വളർന്നത് പെട്ടെന്നായിരുന്നു.**
**നെറ്റിയിൽ ഭസ്മവും കുങ്കുമവും പ്രത്യക്ഷപ്പെട്ടു**
**ഉടുപ്പും പുതപ്പും കാവിനിറമായി**
**കൈയിൽ ത്രിശൂലം വന്നുചേർന്നു**
**ചുണ്ടിൽ രാമനാമവും.**
**പിന്നീടാണ് ആഹാരരീതി മാറിയത്**
**അത്താഴം ശിശുക്കളുടെ മാംസമായി**
**ദാഹം തീർക്കാൻ മുതിർന്നവരുടെ രക്തവും**
**അങ്ങനെയാണ് ഞങ്ങളുടെ**
**നഗരങ്ങളെല്ലാം കാടുകളായത്**
**ഗുഹകളിലിരുട്ടകറ്റാൻ**
**ഇപ്പോൾ ഞങ്ങൾ മനുഷ്യരെ കത്തിക്കുന്നു.**
**ഹാ, എന്തൊരു കൊതിപ്പിക്കുന്ന സുഗന്ധം!"**

സ്ഥാനമാനങ്ങൾ കവികളെ വിലയ്ക്കുവാങ്ങുന്ന കാലഘട്ടത്തിൽ പ്രത്യാശയുടെ പൊൻതിരിയായി സച്ചിദാനന്ദൻ കവിത ശോഭിക്കുന്നു. സമകാലിക ഇന്ത്യൻ ചരിത്രത്തിന്റെ ഹിംസാരൂപം കവി ചിത്രീകരിക്കുന്നത് ഇങ്ങനെയാണ്.

**"ഇന്ന് ഞാനറിഞ്ഞു**
**മരണത്തിന്റെ നിറം**
**കറുപ്പല്ല കാവിയാണ്"**

ഫാഷിസ്റ്റ് വാനമ്പാടികളുടെയും, ആക്രോശനായകന്മാരുടെ ഫാഷിസ്റ്റ് ഗർവിന്റെയും, നരഭോജികളുടെയും ലോകത്ത് മനുഷ്യത്വത്തിന്റെ വറ്റാത്ത കണികയായി സച്ചിദാനന്ദൻ കവിത നിറഞ്ഞുനിൽക്കുന്നു. കാട്ടാളത്തത്തിന്റെ നേരെ മാനിഷാദ പാടിയ ആദികവിയുടെ ഹൃദയം ആധുനികകവിതക്ക് നഷ്ടമായിട്ടില്ലെന്ന് ഈ കവിതകൾ ശബ്ദമുയർത്തി പ്രഖ്യാപിക്കുന്നു.

# ഇവിടെ എല്ലാവർക്കും സുഖം തന്നെ !!!

**അബ്ദുൽ കലാം**

**ഒന്നാം വർഷ എം.എ അറബിക്**

എല്ലാവരുമുണ്ടായിട്ടും അനാഥരാക്കപ്പെട്ട ഒരു വലിയ വിഭാഗത്തിന്റെ വേദനകൾ തിരിച്ചറിയാനുള്ള ശ്രമ ഫലമായാണ് ഞങ്ങൾ വൃദ്ധസദനത്തിലെത്തിച്ചേർന്നത്. അസ്വസ്ഥതകളുടെ തെരുവീഥികളിൽ വീർപ്പുമുട്ടുന്നവർക്ക് എന്തുകൊണ്ടും പ്രതീക്ഷയുടെ കവാടം തുറന്നു കൊടുക്കുന്നവയാണ് വൃദ്ധസദനങ്ങൾ. കഴിവും പ്രാപ്തിയുമുള്ള ബന്ധുക്കളുണ്ടായിട്ടും അവഗണന മാത്രം നേരിടേണ്ടി വരുന്ന വാർദ്ധക്യം.... സ്നേഹവും ശുശ്രൂഷയും അനിവാര്യമായ ഘട്ടത്തിൽ ഒറ്റപ്പെട്ടു പോകുന്ന ഹതഭാഗ്യർ.... ഇവരെ സംബന്ധിച്ചിടത്തോളം വൃദ്ധസദനങ്ങൾ ഒരനുഗ്രഹമാണ്.

വൃദ്ധസദനത്തിലെ മാനേജരുമായും അന്തേവാസികളുമായും ഞങ്ങൾ സംസാരിച്ചു. ഒരു ദിവസം രാവിലെ തന്റെ വീട്ടുവാതിൽക്കൽ അനാഥമായി കാണപ്പെട്ട ഒരു വൃദ്ധയുടെ ദയനീയാവസ്ഥയാണത്രെ ഇത്തരത്തിലൊരു സ്ഥാപനം തുടങ്ങാൻ മാനേജരെ പ്രേരിപ്പിച്ചത്. താങ്ങു തണലും നഷ്ടപ്പെട്ട് തനിച്ചാകുന്ന വൃദ്ധജനങ്ങൾക്ക് ആശ്വാസമേകാനും അവർക്ക് പ്രതീക്ഷകളുടെ ഒരു ലോകം തുറന്നുകൊടുക്കാനും അദ്ദേഹം ശ്രമിച്ചു.

**ഒരായുഷ്കാലം മുഴുവൻ തന്റെ പ്രിയപ്പെട്ടവർക്കുവേണ്ടി ജീവിച്ച് ത്യാഗത്തിന്റെയും സഹനത്തിന്റെയും കൊടുമുടികൾ കയറി ഒടുവിൽ തനിച്ചാക്കുന്ന വാർദ്ധക്യങ്ങൾ.......**

മനസ്സിൽ ഉപേക്ഷിക്കപ്പെട്ടതിന്റെ വേദനയുണ്ടെങ്കിൽ കൂടി ഇവിടത്തെ അന്തേവാസികളെല്ലാം സന്തുഷ്ടരാണ്. പലരെയും കഷ്ടപ്പെട്ടു വളർത്തിയ, സ്വന്തം മക്കൾ തന്നെയാണ് ഇങ്ങനെയൊരു ലോകത്തേക്ക് അവരെ വലിച്ചെറിഞ്ഞത്. ജോലിയും, ബാദ്ധ്യതയും സമയക്കുറവും...... സ്വന്തം മാതാപിതാക്കളെ ഉപേക്ഷിക്കുന്നതിന് ഇവർക്കുള്ള കാരണങ്ങൾ പലതാണ്..... വർത്തമാനലോകത്തിന്റെ ചാക്രികതയ്ക്കുള്ളിൽപ്പെട്ട് സ്നേഹത്തിന്റെയും ബന്ധങ്ങളുടെയും വിലയെ മറക്കുന്ന മനുഷ്യൻ !! ഈ വൃദ്ധരോ.... ആരോടും പരാതിയോ പരിഭവമോയില്ലാതെ ഇപ്പോഴും തങ്ങളെ ഇവിടേക്കു തള്ളിയവരോടുള്ള സ്നേഹവും ഉള്ളിലൊതുക്കി സ്വന്തം വിധിയെ പഴിച്ചു കഴിഞ്ഞു കൂടുന്നു.

സ്വന്തം വീട്ടിൽ ഒരന്യനെപ്പോലെ കഴിയേണ്ടിവന്നപ്പോൾ മനസ്സുമടുത്ത് വീടുവിട്ടിറങ്ങിയ വിജയപണിക്കരോടാണ് ഞങ്ങളാദ്യം സംസാരിച്ചത്. ഇവിടെ നല്ല സുഖം തന്നെ...... ഭക്ഷണവും സ്നേഹവും വേണ്ടുവോളം ലഭിക്കുന്നു, അദ്ദേഹം പറയുന്നു. തന്റെ വീടും നാടും വിട്ട് വൃദ്ധസദനത്തിന്റെ നാലു ചുമരുകൾക്കുള്ളിൽ കഴിയേണ്ടിവന്നെങ്കിലും ഇദ്ദേഹത്തിന് പരാതിയൊന്നുമില്ല. ഇവിടത്തെ പരിപാലകരുടെ നല്ല രീതിയിലുള്ള പെരുമാറ്റവും സഹായമനസ്ഥിതിയും ഇദ്ദേഹത്തെ സന്തോഷിപ്പിക്കുന്നു.

ജീവിതത്തിലെ വലിയൊരു ഭാഗം പുതുതലമുറക്ക് മാർഗ്ഗനിർദ്ദേശം നൽകിയിരുന്ന രമടീച്ചറിപ്പോൾ ഇവിടെയാണ്. സംസാരിക്കാൻ കുറച്ചാളുകളെ കിട്ടിയപ്പോൾ ടീച്ചർക്കു സന്തോഷം !! ഒറ്റക്കായി എന്ന വിഷമമുണ്ടെങ്കിലും ദിവസവും നാലും അഞ്ചും പത്രം വായിക്കാനും ടെലിവിഷൻ വഴി ലോകവാർത്തകളറിയാനും കഴിയുന്നത് ഒരു മഹാ ഭാഗ്യമായി ടീച്ചർ കരുതുന്നു. കണ്ണിനു കാഴ്ച കുറവാണെങ്കിൽ കൂടി ഇന്നും ടീച്ചർ നല്ല പോലെ വായിക്കുകയും അയൽവാസികളായ വിദ്യാർത്ഥികൾക്ക് ട്യൂഷനെടുക്കുകയും ചെയ്യുന്നു. വൃദ്ധസദനത്തിലെ താമസത്തെക്കുറിച്ച് ടീച്ചർക്കും പരാതികളില്ല. എല്ലാവരും ഏതാണ്ടൊരേപ്രായക്കാരായതിനാൽ ഇവർക്ക് ഒരുമിച്ചുകൂടി സംസാരിക്കാനും ആശയങ്ങൾ പരസ്പരം കൈമാറാനും എളുപ്പത്തിൽ സാധിക്കുന്നുമുണ്ട്.

ഏറെക്കാലം ദുരന്തങ്ങളിലൂടെ കടന്നുവന്ന് ഒടുവിൽ ഈ വഴിയമ്പലത്തിൽ അഭയം തേടിയവരെക്കുറിച്ച് മാനേജരുമായി സംസാരിക്കുകയായിരുന്നു ഞങ്ങൾ. പുറത്തു നിന്ന് ആരാണാ വന്നിരിക്കുന്നതെന്ന പരുക്കൻ ശബ്ദം. നോക്കിയപ്പോൾ അരമുണ്ടുമുടുത്ത് കലപ്പയും കയ്യിലേന്തി നിൽക്കുന്ന വർഗീസേട്ടൻ ! ഞങ്ങളദ്ദേഹത്തെ പരിചയപ്പെട്ടു. എഴുപതോടടുത്തിരിക്കുന്ന ഈ പൂർവ്വകാല കർഷകന് കാർഷികവൃത്തിയെക്കുറിച്ചു പറയാൻ ആയിരം നാവ് ! ഇപ്പണി ഞാനിന്നും നിർത്തിയിട്ടില്ല. എന്റെ വിയർപ്പിന്റെ ഫലമാണിതെല്ലാം... തൊട്ടു മുന്നിലെ പച്ചക്കറിത്തോട്ടത്തിലേക്ക് വിരൽ ചൂണ്ടി വർഗീസേട്ടൻ പറയുന്നു. ഇവിടെ ഓരോ ജന്മത്തിനും പറയാൻ കഥകൾ പലതാണ്. കഷ്ടപ്പെട്ടതിന്റെയും വേദനകളുടേയും ഒറ്റപ്പെടലിന്റെയും കഥ. ഇവിടത്തെ സ്നേഹവും പരിചരണവും മനസ്സിനു സന്തോഷം തരുമ്പോഴും ഇവരുടെയെല്ലാം ഉള്ളിൽ നഷ്ടപ്പെട്ടുപോയ, കിട്ടാതെപോയ സ്നേഹത്തെക്കുറിച്ചോർത്തുള്ള ഒരു വലിയ നിലവിളിയുണ്ട്. ഏറ്റവുമധികം സഹായമാവശ്യമുള്ള വാർദ്ധക്യത്തിൽ പരിഗണിക്കപ്പെടാതെ പോകുന്നതിന്റെ അസ്വസ്ഥതയുണ്ട്.

ഇതുപോലൊരു കഥയാണ് രാമേട്ടന്റെയും. ജന്മനാട്ടിൽ നിന്നും എത്രയോ കാതങ്ങളകലെ ഈ വൃദ്ധസദനത്തിൽ തനിക്കായി നൽകപ്പെട്ട കൊച്ചു മുറിയിൽ ജനലിലൂടെ ദൂരേക്കു നോക്കിയിരിക്കുന്ന രാമേട്ടൻ ! ഏതോ നഷ്ടസമൃതികളുടെ ഭാരവും പേറി ഒറ്റപ്പെടലിന്റെ നിമിഷങ്ങളിൽ പഴയ ഓർമ്മകളെ അയവിറക്കുകയായിരിക്കാം ആ പാവം വയസ്സൻ !! ആദ്യം ഒരല്പം മടിച്ചെങ്കിലും രാമേട്ടൻ തന്റെ കഥ പറഞ്ഞു.

ജീവിത ക്ലേശങ്ങൾക്കിടയിലും രണ്ടു മക്കളെ കഷ്ടപ്പെട്ടു പഠിപ്പിച്ച് ഉദ്യോഗസ്ഥരാക്കി. രണ്ടുപേരും രണ്ടു വഴിക്കു പോവുകയും ചെയ്തു. ഞാൻ അനാഥനായി ആ സ്നേഹം എനിക്കിനി എവിടെ നിന്ന് ലഭിക്കാൻ.......?!! രാമേട്ടന്റെ നെടുവീർപ്പിന് കണ്ണീരിന്റെ നനവ്....

ഏറ്റവുമൊടുവിലാണ് ഞങ്ങൾ ചേക്കുട്ടിയെയും ഭാര്യയെയും കണ്ടത്. ഞങ്ങളെ കണ്ടപ്പോൾ ചേക്കുട്ടി തലതിരിച്ചു. പക്ഷെ ഭാര്യ അവരുടെ വേദനകളെല്ലാം തുറന്നു പറഞ്ഞു. ആറു മക്കളിൽ അഞ്ചുപേരെ പഠിപ്പിച്ച് ഉദ്യോഗസ്ഥരാക്കി, ഒരാളെ വിദേശത്തുമയച്ചു. ആറുപേർക്കും മാതാപിതാക്കൾ ഇപ്പോൾ ഒരധികപ്പറ്റായി മാറി. ഇവർ ഉറക്കത്തിൽ പോലും മക്കളെ വിളിച്ച് നിലവിളിക്കാറുണ്ടെന്ന് മാനേജർ ചേക്കുട്ടിയെ ചൂണ്ടിക്കാണിച്ചു പറയുന്നു.

ഒരായുഷ്കാലം മുഴുവൻ തന്റെ പ്രിയപ്പെട്ടവർക്കുവേണ്ടി ജീവിച്ച് ത്യാഗത്തിന്റെയും സഹനത്തിന്റെയും കൊടുമുടികൾ കയറി ഒടുവിൽ തനിച്ചാക്കുന്ന വാർദ്ധക്യങ്ങൾ....... വൃദ്ധസദനങ്ങളിൽ ഇവർക്ക് സന്തുഷ്ട ജീവിതം തിരിച്ചു ലഭിക്കുന്നുവെങ്കിലും ഇവർക്കെല്ലാം സ്നേഹരാഹിത്യത്തിന്റെ കഥകളാണുള്ളത്.

ആവശ്യം കഴിഞ്ഞാൽ വലിച്ചെറിയുകയെന്ന കമ്പോളസംസ്കാരവും സ്വാർത്ഥതയും വേരുപിടിച്ച ഒരു മനുഷ്യവിരുദ്ധ സമൂഹത്തിന്റെ ഇരകളാണ് ഇവരെല്ലാം.


അമ്മേ ഞാൻ നിന്റെ വയറ്റിൽ.......

നീയോ എന്റെ മനസ്സിൽ....... എന്നു കവി പാടിയത് ഇവിടെ തിരുത്തിയെഴുതുന്നു. സൈബർ യുഗത്തിലെ മനസ്സാക്ഷി മരവിച്ച മനുഷ്യൻ മാതാപിതാക്കളെയോർക്കുന്നേയില്ല. അവർ നശിച്ചാലും താൻ നന്നാവണമെന്ന അധഃപതിച്ച മാനസികാവസ്ഥ എല്ലാവരെയും പാലു നൽകിയ കൈയിൽ തന്നെ കൊത്തുന്ന അവസ്ഥയിലെത്തിച്ചിരിക്കുന്നു. രക്തബന്ധത്തിന്റെ പവിത്രതയും സ്നേഹത്തിന്റെ വിശുദ്ധിയും ഊഷ്മളതയുമറിയാത്ത ഒരു ജനതയാണ് ഇന്നത്തേത്. താൻ തന്നെ നിർമിച്ച വേലിക്കെട്ടുകൾക്കപ്പുറം കടക്കാൻ ശ്രമിക്കാതെ ഏണിപ്പടികൾ മാത്രം സ്വപ്നം കാണുന്ന മനുഷ്യന് മാതാപിതാക്കളെക്കുറിച്ചോർക്കാൻ സമയമെവിടെ !! ഇന്ന് വർദ്ധിച്ചു വരുന്ന വൃദ്ധസദനങ്ങൾ ഇത് തെളിയിക്കുകയാണ്. പരസ്പരം സ്നേഹിക്കാനോ സഹായിക്കാനോ ശ്രമിക്കാതെ ഉയരങ്ങൾ തേടി പറക്കുകയാണ് ആധുനികലോകം. ഇതിനെതിരെ മനുഷ്യത്വം നശിച്ചിട്ടില്ലാത്തവരുടെ കൂട്ടായ്മ അനിവാര്യമാണ്. അവശതയനുഭവിക്കുന്ന സമൂഹത്തിൽ നിന്നും തഴയപ്പെട്ട ഇത്തരം ഹതഭാഗ്യരുടെ കണ്ണീരൊപ്പാനും ഇവർക്കുവേണ്ടി പ്രവർത്തിക്കാനും നമുക്കുകഴിയണം. മനസ്സാക്ഷി നഷ്ടപ്പെട്ടിട്ടില്ലാത്ത, പ്രബുദ്ധരായ നന്മയുടെ അംശം മനസ്സിൽ **അവശേഷി**ച്ചിട്ടുള്ളവർക്കേ അതിനുകഴിയൂ.

# 'കറുത്ത ഗർത്തങ്ങളുടെ' പ്രകാശം

നബ്‌ലു റാഷിദ്
ഒന്നാം വർഷ ബി.എ. ഇക്കണോമിക്സ്

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതി സാമൂഹിക രാഷ്ട്രീയ സാമ്പത്തിക പരിവർത്തനങ്ങൾക്കും വിജ്ഞാന വിസ്ഫോടനത്തിനും ലോക മഹായുദ്ധങ്ങൾക്കും സാക്ഷ്യം വഹിച്ചുകൊണ്ടാണ് കടന്നുപോയത്. ആഗോളമായി തന്നെ മനുഷ്യ ചേതന ഏറെ അസ്വസ്ഥതകളും വിഹ്വലതകളും പങ്കുവെക്കപ്പെട്ട കാലഘട്ടമായിരുന്നു അത്. ഇന്ത്യയിലാണെങ്കിൽ സ്വാതന്ത്ര്യത്തിന്റെ പുലരി മോഹിച്ചുകൊണ്ട് നടന്ന ദേശീയ പ്രക്ഷോപങ്ങളുടെ വേലിയേറ്റവും ആ കാലഘട്ടത്തിലുണ്ടായി. വിശ്വവ്യാപകമായും ഇന്ത്യയിലും നടന്ന ഈ സംഭവങ്ങളുടെ അലയൊലികൾ കേരളത്തിന്റെ ഭൂമികയിലും പ്രതിധ്വനി സൃഷ്ടിക്കുക തന്നെ ചെയ്തു. സാമൂഹിക രാഷ്ട്രീയ രംഗങ്ങളിൽ നടന്ന പരിവർത്തനങ്ങൾ മലയാള സാഹിത്യ മണ്ഡലത്തിലും നവോത്ഥാനത്തിന് വഴിതെളിയിച്ചു. വൈക്കം മുഹമ്മദ് ബഷീറെന്ന അതുല്യ പ്രതിഭ ജന്മംകൊണ്ടത് ഈയൊരന്തരീക്ഷത്തിലാണ്.



ഭാഷയുടെ വ്യാകരണ നിയമമറിയാതെ, അക്ഷരങ്ങൾ പോലും പൂർണ്ണമായി അറിയാതെ സാഹിത്യത്തിലേക്ക് കടന്നുവന്ന് ഭാഷാ വിപ്ലവം സാധ്യമാക്കിയ അസാമാന്യ പ്രതിഭയായിരുന്നു വൈക്കം മുഹമ്മദ് ബഷീർ. വാക്കുകൾക്ക് കരയിപ്പിക്കുവാനുള്ള ശക്തിയുണ്ടെന്ന്, മലയാളിയെ ആദ്യമായി ബോധ്യപ്പെടുത്തിയത് മറ്റാരുമായിരുന്നില്ല. സാഹിത്യത്തിന് വെളിയിലെന്ന് മുദ്രകുത്തപ്പെട്ടിരുന്ന സാധാരണക്കാരന്റെ സംസാരഭാഷയായ 'മലബാർ മാപ്പിള ഭാഷ' ബഷീർ സാഹിത്യത്തിന്റെ ശ്രീകോവിലിൽ കുടിയിരുത്തി. സാഹിത്യ ഭാഷ എന്ന സങ്കൽപ്പത്തിനെ തന്റെ സൃഷ്ടിയിലൂടെ ബഷീർ കീഴ്മേൽ മറിച്ചു.

നോവൽ എന്ന സാഹിത്യ മാധ്യമത്തിനെയും മലയാളത്തിൽ നവീകരണത്തിന് വിധേയമാക്കിയത് ബഷീറാണ്. പരമ്പരാഗത നോവൽ സങ്കൽപ്പങ്ങളെ അദ്ദേഹം അട്ടിമറിച്ചു. നോവൽ - ചെറുകഥ എന്ന വേർതിരിവ് അസാധ്യമാക്കുന്ന വിധത്തിൽ നോവലിന്റെ രൂപഘടന തന്നെ അദ്ദേഹം പരിഷ്കരിച്ചു. സാഹിത്യേതരമെന്ന് മുദ്രയടിക്കപ്പെട്ട ആചാരങ്ങളെയും അനുഭ

വങ്ങളെയും അദ്ദേഹം സാഹിത്യത്തിലേക്ക് പ്രവേശന സാധ്യമാക്കി. അങ്ങിനെ മലയാളിയുടെ ഭാവുകത്വത്തിനെ നവീകരിക്കാനും അദ്ദേഹത്തിന് കഴിഞ്ഞു.

അനുഭവങ്ങളുടെ ഒരു വലിയ ഭാണ്ഡം തന്റെ സൃഷ്ടിയിലൂടെ ബഷീർ മലയാളത്തിന് നൽകി. അനുഭവങ്ങളുടെ ചൂടും ചൂരും തന്റേതു മാത്രമായ ശൈലിയിലൂടെ, ഭാഷയിലൂടെ ബഷീർ പങ്കുവെച്ചു. അനുഭവങ്ങളുടെ വൈവിധ്യങ്ങളിലൂടെ മലയാളിയെ ഞെട്ടിപ്പിക്കാനും ചിന്തിപ്പിക്കാനും ചിരിപ്പിക്കാനും കരയിപ്പിക്കാനും ബഷീറിന് കഴിഞ്ഞു.

മലയാള സാഹിത്യ മണ്ഡലത്തിൽ എഴുത്തച്ഛനു ശേഷം പിറവിയെടുത്ത മഹാപ്രതിഭയായി വൈക്കം മുഹമ്മദ് ബഷീർ സാഹിത്യ ചരിത്രത്തിൽ തന്റെ സ്ഥാനം കോറിയിട്ടു. ജീവിതകാലത്ത് തന്നെ ഇതിഹാസമായി മാറിയ ആ മൗലിക പ്രതിഭ മരണത്തിന് ശേഷവും മലയാള സാഹിത്യത്തിൽ സജീവ സാന്നിധ്യമാണ്. റൊമാന്റിസം, റിയലിസം, സർറിയലിസം, മേഡേണിസം, പോസ്റ്റ് മേഡേണിസം തുടങ്ങിയ സാഹിത്യ പ്രസ്ഥാനങ്ങൾ മലയാള സാഹിത്യത്തിലേക്ക് കടന്നുവരികയും തിരോഭവിക്കുകയും ചെയ്യുമ്പോൾ ബഷീർ നിരന്തരം ചർച്ച ചെയ്യപ്പെടുന്നു. ജീവിച്ചിരിക്കുന്ന കാലഘട്ടത്തിൽ ബഷീർ കൃതികൾ പൂർണ്ണമായും സംവേദനം ചെയ്യപ്പെട്ടിട്ടില്ല എന്നാണ് ഇത് കാണിക്കുന്നത്. ഭാവിയുടെ മുദ്ര സൃഷ്ടികളിൽ ഒളിപ്പിച്ചു വച്ച അസാധരണ പ്രതിഭയ്ക്ക് മാത്രമേ ഇത് സാധ്യമാവുകയുള്ളൂ.


ഒന്നും ഒന്നും കൂടിയാൽ എത്രയാണെന്ന അധ്യാപകന്റെ ചോദ്യത്തിന് "മ്മ് ണി ബല്യ ഒന്ന്" എന്ന ഉത്തരമാണ് ബാല്യകാല സഖിയിൽ മജീദ് നൽകുന്നത്. രണ്ട് ചെറിയ നദികൾ കൂടിച്ചേരുമ്പോൾ ഒരു വലിയ നദിയായി തീരുന്നുവെന്ന തന്റെ നിത്യകാഴ്ചയുടെ അനുഭവ ഭൂമികയിൽ നിന്നാണ് മജീദ് ആ ഉത്തരം നൽകിയത്. ഗ്രന്ഥങ്ങളിൽ നിന്ന് ആർജ്ജിക്കുന്നത് മാത്രമാണ് അറിവെന്നും അതിനപ്പുറത്ത് അറിവിന് മേഖലയില്ലെന്നും വിശ്വസിക്കുന്ന പണ്ഡിത സമൂഹത്തിന്റെ പ്രതീകമായ അധ്യാപകൻ ആ ഉത്തരം പറഞ്ഞതിന് മജീദിനെ നിറുത്തി തല്ലുകയാണ് ചെയ്തത്. അനുഭവത്തിന്റെ കൈയ്യൊപ്പാണ് അറിവ് എന്ന ദർശനം സൃഷ്ടികളിലൂടെ മലയാളത്തിന് പരിചയപ്പെടുത്തിയ ബഷീർ ബാല്യകാല സഖിയിലെ മജീദിനെ പോലെ സാഹിത്യപണ്ഡിതന്മാർ ഇന്നും ശിക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. എൻ.എസ്സ്. മാധവൻ ബഷീർ സാഹിത്യത്തിലെ കറുത്ത ഗർത്തങ്ങൾ എന്ന പേരിൽ പച്ചകുതിരയിൽ എഴുതിയ ലേഖനത്തിലൂടെ ബഷീറിനുള്ള ശിക്ഷ തുടർന്നുകൊണ്ടേയിരിക്കുന്നു.

സാധാരണ മനുഷ്യന് സങ്കൽപ്പിക്കാൻ കഴിയുന്നതിനുമപ്പുറത്തുള്ള അനുഭവങ്ങളെ സ്വന്തമാക്കിയ ബഷീറിന്റെ സൃഷ്ടികളെ സിവിൽ സർവ്വീസിന്റെ ഉന്നതങ്ങളിൽ ഇരിക്കുന്ന മാധവന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ലായെന്നത് ബഷീറിന്റെ ഔന്നിത്യത്തിനെയാണ് കാണിക്കുന്നത്. (കലണ്ടറിന്റെയും കണക്കുകളുടെയും ലോകത്ത് ബഷീറിന്റെ ജീവിതം ചിട്ടപ്പെടുത്താൻ ശ്രമിക്കുന്നത്, തന്റെ അറിവിന്റെ പരിമിതമായ ലോകത്തേക്ക് ഒരു മഹാ പ്രതിഭയെ തളച്ചിടാൻ ശ്രമിക്കുന്ന ജ്ഞാനിയുടെ അജ്ഞതയെ വെളിവാക്കുന്നു).

സാധാരണ മനുഷ്യന് സങ്കൽപ്പിക്കാൻ കഴിയുന്നതിനുമപ്പുറത്തുള്ള അനുഭവങ്ങളെ സ്വന്തമാക്കിയ ബഷീറിന്റെ സൃഷ്ടികളെ സിവിൽ സർവ്വീസിന്റെ ഉന്നതങ്ങളിൽ ഇരിക്കുന്ന മാധവന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ലായെന്നത് ബഷീറിന്റെ ഔന്നിത്യത്തിനെയാണ് കാണിക്കുന്നത്.

സാബിത്. ടി.കെ

ഒന്നാം വർഷ, ബി.എസ്.സി ബോട്ടണി



# മലയാളി സമൂഹവും മാധ്യമസംസ്കാരവും

മലയാളികൾ അഥവാ കേരളീയർ (ലോകത്ത് വസിക്കുന്ന 98% കേരളീയരുടെയും സംസാരഭാഷ മലയാളമാണ്. അതിനാൽ ഈ രണ്ട് സംജ്ഞകൾ തമ്മിൽ വലിയ അന്തരമില്ലെന്ന് തോന്നുന്നു.) എന്നും എവിടേയും ഒരു പ്രത്യേക സമൂഹമായാണ് വർത്തിച്ചു വന്നിട്ടുള്ളത്. സ്വാതന്ത്ര്യത്തിന് മുമ്പ് മലയാളം സംസാരിക്കുന്നവർ, മൂന്ന് വ്യത്യസ്ത ഭരണാധിപൻമാരുടെ കീഴിലായിരുന്നപ്പോൾ പോലും, 'ഒരു മലായാളി സമൂഹം' നിലനിന്നിരുന്നു. ജനങ്ങളുടെ വസ്ത്രധാരണ രീതിയിലുള്ള സാമ്യം, കച്ചവടത്തിലുള്ള പരസ്പരബന്ധം, ആയോധന കലകളിലുള്ള പൊതുസ്വഭാവം, പ്രത്യേക ചികിത്സാ രീതികൾ, എന്തിനധികം, ഈ പ്രദേശങ്ങളിലെ കാലാവസ്ഥയിലുള്ള ഐക്യം പോലും, ഒരുതരം മലയാളത്തനിമയുടെ സൃഷ്ടിപ്പിന് നിദാനമായ ഘടകങ്ങളായിരുന്നു.

അതുപോലെ ഇന്നും, നാം ഇന്ത്യയിലെ മറ്റുജനവിഭാഗങ്ങളിൽ നിന്നും വിഭിന്നമായി ഒരു പ്രത്യേക സമൂഹമായാണ് കഴിഞ്ഞുപോരുന്നത്. ജാതിയുടെയും മതത്തിന്റെയും രാഷ്ട്രീയത്തിന്റെയും അടിസ്ഥാനത്തിൽ മലയാളികൾ പലതട്ടിലാണെങ്കിലും, ഇതിനെല്ലാമുപരിയായി മലയാളി (കേരളീയർ) എന്ന ഒരു ബോധം മുഴച്ചുനിൽക്കുന്നതായി കാണാം. അടുത്ത കാലത്തായി ഈ ബോധത്തിന്റെമേൽ കരിനിഴൽ വീണിട്ടുണ്ട് എന്ന കാര്യം മറച്ചുവെക്കുന്നില്ല. എന്നിരുന്നാലും ലോകത്തെ മറ്റുജനവിഭാഗങ്ങൾക്കിടയിലില്ലാത്ത ഐക്യബോധം നമുക്കുണ്ട്. രാഷ്ട്രീയമായി പലചേരികളിലാണെങ്കിലും, കേരളത്തിന്റെ പൊതുവായ പ്രശ്നങ്ങളിൽ പാർലിമെന്റിലും മറ്റും നമ്മുടെ പ്രതിനിധികൾ ഒന്നിക്കുന്ന കാഴ്ചയും നാം കാണുന്നുണ്ട്. ഇതും ഇന്ത്യയിലെ മറ്റു മിക്ക സംസ്ഥാനങ്ങളിലും അചിന്തനീയമായ ഒരു കാര്യമാണ്.

സാംസ്കാരികമായും മലയാളി ഏതുകാലത്തും ഉന്നതനായിരുന്നു. തന്റേതായ ചില ചിട്ടവട്ടങ്ങൾ ലോകത്തെവിടെയായാലും മലയാളി പാലിക്കാറുണ്ട്. ചില പ്രത്യേക പൈതൃകങ്ങൾ തങ്ങളുടെ സംസ്കാരത്തിന്റെ ആണിക്കല്ലായി കേരളീയർ സ്വീകരിച്ചു പോന്നിട്ടുണ്ട്. പക്ഷെ 1950കൾക്ക് ശേഷം മലയാളി സാംസ്കാരികമായി പിന്നോട്ടടിക്കുന്നത് നാം കാണുന്നു. ഇതിന് പലകാരണങ്ങൾ ചൂണ്ടിക്കാണിക്കപ്പെടാമെങ്കിലും അതാത് കാലത്തെ മാധ്യമങ്ങളാണ് ഏറ്റവും പ്രകടമായ പങ്കു വഹിക്കുന്നതെന്ന് സമൂഹത്തിലേക്കിറങ്ങിച്ചെന്ന് അന്വേഷിച്ചാൽ ആർക്കും മനസ്സിലാകും.

### *മാധ്യമങ്ങൾ*

ലോകത്ത് ഏതു സംസ്കാരത്തെയായാലും സമുഹത്തെയായാലും ആ കാലഘട്ടത്തിലെ മാധ്യമങ്ങൾ സ്വാധീനിച്ചിട്ടുണ്ട് എന്ന് ചരിത്രത്തിൽ നിന്ന് നമുക്ക് മനസ്സിലാക്കാം. ദൃശ്യ ശ്രാവ്യ, അച്ചടി, ഇലക്ട്രോണിക് മാധ്യമങ്ങൾക്ക് പുറമെ പ്രസംഗം, പാട്ട്, എഴുത്ത്, മുതലായവയും 'മാധ്യമം' എന്ന വാക്കിന്റെ അർത്ഥപരിധിയിൽപെടുന്നു. മാധ്യമങ്ങൾ എന്നാൽ 'ബഹുജന ബോധത്തിനുള്ള മാർഗ്ഗങ്ങൾ' എന്നു പൊതുവേ വിവക്ഷിക്കപ്പെടുന്നു. ആശയവിനിമയം, സന്ദേശപ്രചരണം മുതലായവയാണ് മാധ്യമങ്ങളുടെ പ്രധാനലക്ഷ്യങ്ങൾ. എന്നാൽ ഇരുപതാം നൂറ്റാണ്ടിന്റെ അവസാനദശകങ്ങളായപ്പോഴേക്കും, മാധ്യമങ്ങളുടെ ഉദ്ദേശശുദ്ധി തന്നെ ചോദ്യം ചെയ്യപ്പെടുന്ന ഒരു അവസ്ഥയാണ് സംജാതമായിരിക്കുന്നത്. മാധ്യമങ്ങൾ തങ്ങളുടെ ലക്ഷ്യത്തിൽ നിന്നും ഓടിയൊളിക്കുന്ന ദു:ഖകരമായ കാഴ്ചയാണ് നാം കാണുന്നത്. ആഗോളവൽക്കരണം, മുതലാളിത്വത്തിന്റെ സ്വാധീനം മുതലായവയൊക്കെ ഇതിന്റെ കാരണമായി ചൂണ്ടിക്കാട്ടാമെങ്കിലും, കേവലം സങ്കുചിത കച്ചവട താത്പര്യമാണ് ഇതിനു പിന്നിലെന്ന് തിരിച്ചറിയാൻ 'ബുദ്ധിജീവി' പരിവേഷമൊന്നും ആവശ്യമില്ല.

അച്ചടി മാധ്യമവും, ദൃശ്യ ശ്രാവ്യമാധ്യമവും,ഇലക്ട്രോണിക് മാധ്യമവും ഒരേസമയം നമ്മുടെ സംസ്കാരത്തേയും സമൂഹത്തേയും സ്വാധീനിച്ചുകൊണ്ടിരിക്കുന്നു. ഒരു സമൂഹം അല്ലെങ്കിൽ ഒരു ജനത ഏതുതരം സംസ്കാരത്തിൽ ഏതു നിലവാരത്തിൽ ജീവിക്കണമെന്ന് തീരുമാനിക്കുന്നതും, അതടിച്ചേൽപ്പിക്കുന്നതും, ഇന്ന് മാധ്യമങ്ങളുടെ അലിഖിത നിയമങ്ങളിൽ ഒന്നായിക്കഴിഞ്ഞിരിക്കുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ അച്ചടിമാധ്യമങ്ങൾക്കും, റേഡിയോവിനുമായിരുന്നു പ്രാമുഖ്യം. ഈ മാധ്യമങ്ങൾ നമ്മുടെ സമൂഹത്തെ നയിച്ചുകൊണ്ടിരിക്കുന്നതിലുള്ള വ്യതിയാനം മനസ്സിലാക്കാൻ 1950 കളിലേയും, ഇന്നത്തെ കേരളത്തെയും താരതമ്യം ചെയ്തു നോക്കിയാൽ മതി. 19ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഉദയം ചെയ്ത സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങൾ ഉഴുതു മറിച്ചിട്ട മണ്ണിലാണ് 46വർഷം മുമ്പ് കേരള സംസ്ഥാനം രൂപീകരിക്കപ്പെട്ടത്. ഫ്യൂഡൽ, ജാതി, നാടുവാഴിത്ത മുദ്രകൾ പതിഞ്ഞ ആ കാലഘട്ടത്തിലെ സാമൂഹിക ഘടനയ്ക്കും, സംസ്കാരത്തിനുമെതിരെ പൊരുതിയ, സാമൂഹിക, സാംസ്കാരിക നായകൻമാരോടൊപ്പം, പത്രങ്ങളും കേരളത്തെ സാമൂഹികമായും സാംസ്കാരികമായും പുതുക്കിപ്പണിയുന്നതിൽ പ്രസ്താവ്യമായ പങ്കുവഹിച്ചിട്ടുണ്ട്. 'സ്വദേശാഭിമാനിയും ഉണ്ണിനമ്പൂതിരിയും' സ്വാതന്ത്ര്യ പ്രസ്ഥാനങ്ങളിലെന്ന പോലെ അക്കാലത്തെ കേരള സംസ്കാരത്തിലും ഉയർത്തിയ അലകൾ അത്രവേഗം വിസ്മരിക്കാൻ പറ്റുന്നതല്ല.

പത്രങ്ങളും ആനുകാലികങ്ങളും മലയാളി സമൂഹത്തെ തങ്ങളുടെ സ്വാധീനവലയത്തിൽ തളച്ചിട്ടിരിക്കുകയാണ്. ഇന്ന് ഓരോപത്രമു

തലാളിയും, തന്റെ പത്രത്തിന്റെ സർക്കുലേഷൻ കൂട്ടുന്നതിൽ മാത്രം ശ്രദ്ധിച്ച് പാതി സത്യവും, പാതികളവുമായി, തങ്ങളുടെ വരിക്കാരിൽ ഭൂരിഭാഗത്തിനും ഇഷ്ടപ്പെടുന്ന രീതിയിൽ വാർത്ത പടച്ചുവിടുകയാണ് ചെയ്യുന്നത്. ഒരു സംഭവം വാർത്താരൂപത്തിൽ വായനക്കാരന്റെ മുന്നിലെത്തുമ്പോൾ അതിലടങ്ങിയ 'സത്യം' തിരിച്ചറിയണമെങ്കിൽ ചുരുങ്ങിയത് മൂന്ന് പത്രങ്ങളെങ്കിലും വായിക്കണമെന്ന അവസ്ഥയാണ് ഇന്ന് സാക്ഷരകേരളത്തിൽ നിലനിൽക്കുന്നത്. അതായത് ഒരു പത്രമുതലാളി ഏതു മത-രാഷ്ട്രീയ-ജാതി ചേരിയിൽ വിശ്വസിക്കുന്നുവോ, അവർക്കനുകൂലമായി പേനയുന്താൻ ജേർണലിസ്റ്റുകളെ നിർബന്ധിക്കുകയാണ്. ഇക്കാലത്ത് ലോകത്ത് വാർത്താപ്രാധാന്യം നേടിയ ഏതെങ്കിലും ഒരു വിഷയത്തിൽ ശരാശരി മലയാളിക്ക് സ്വന്തമായ ഒരഭിപ്രായമുണ്ടോ എന്ന കാര്യത്തിൽ സംശയമാണ്. അവർ തങ്ങൾ വിശ്വസിക്കുന്ന പത്രത്തിന്റെ ആശയങ്ങളും, നൽകുന്ന വാർത്തകളും, വിശ്വസിക്കുകയാണ് ചെയ്യുന്നത്. ഈ സമൂഹത്തിൽ മാധ്യമങ്ങൾ ചെലുത്തുന്ന സ്വാധീനം തിരിച്ചറിയാൻ ഇതിൽപരം വിശേഷണങ്ങൾ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. യഥാർത്ഥത്തിൽ തെറ്റായ വാർത്തകൾ നൽകുക വഴി ഈ പത്രങ്ങൾ സമൂഹത്തോട് വിശ്വാസവഞ്ചന കാണിക്കുകയാണ് ചെയ്യുന്നത്.

പത്രങ്ങളുടെ സ്വാധീനവലയമുള്ള മറ്റൊരു മാധ്യമമാണ് ടെലിവിഷൻ. 'കണ്ണുകളുടെ ചൂയിംഗം' എന്ന് മാർഷൽ മക്ലൂഗൻ വിളിച്ചടെലിവിഷൻ ഒരു ജനതയെ മുഴുവൻ അന്ധതയിലാഴ്ത്തിക്കൊണ്ടിരിക്കുന്നു. ഇലക്ട്രോണിക് മാധ്യമരംഗത്ത് സ്വദേശിയും വിദേശിയും തമ്മിലുള്ള കടിപിടി നമ്മുടെ സംസ്കൃതിയുടെ കാതലായ ഭഗങ്ങൾക്കുമേൽ വലിയൊരു തള്ളിക്കയറ്റം തന്നെ നടത്തിയിരിക്കുന്നു. സിനിമയും, സീരിയലും, പരസ്യചിത്രങ്ങളും, വീരസാഹസിക കഥകളും നൽകിയ ജീവിതശൈലിയും, കൊച്ചുകൂരയിലെ യാഥാർത്ഥ്യവും തമ്മിൽ പൊരുത്തപ്പെടാനാവാതെ ജീവിതം, സ്വയം മായകളിൽ കോർത്തിട്ട് ഹോമിക്കുന്നവരുടെ എണ്ണം ദിനംപ്രതി വർദ്ധിക്കുകയാണ്. സ്വന്തം സംസ്കൃതിയുടെ ആഴവും പരപ്പും തിരിച്ചറിയാതെ പാശ്ചാത്യ പ്രവണതയുടെ അത്ഭുതലോകം കണ്ട് മിഴിച്ചിരിക്കുന്ന ജനത ഒരു സംസ്കൃതിക്കും ഗുണകരമല്ല.

ഇന്ന് കേരളത്തിൽ, ചെറുപട്ടണങ്ങളിൽ പോലും ലഹരിയുടെയും, ലൈംഗികതയുടെയും ചെലവിൽ അധോലോകം തഴച്ചുവളരുന്നു. ഒരു ഭാഗത്ത് ലൈംഗികഅരാജകത്വം കൊടികുത്തിവാഴാൻ ശ്രമിക്കുമ്പോൾ മറുഭാഗത്ത് മലയാളി കുടുംബദാർഢ്യം പഴങ്കഥയാകുന്ന അവസ്ഥയാണിന്നുള്ളത്. ഈ സാംസ്കാരിക തകിടംമറിച്ചിൽ എങ്ങിനെയുണ്ടായി എന്നന്വേഷിക്കുമ്പോൾ നമുക്ക് ദൃശ്യമാധ്യമങ്ങളടങ്ങുന്ന മാധ്യമങ്ങളുടെ പങ്ക് കണ്ടെത്താനാവും.

പ്രായവ്യത്യാസത്തിനനുസരിച്ച് കുട്ടികൾക്ക് വേറെ, യുവാക്കൾക്ക് വേറെ, വൃദ്ധൻമാർക്ക് വേറെ എന്ന തരം തിരിച്ചാണ് മാധ്യമങ്ങൾ പരിപാടികൾ പ്രേക്ഷകരിലേക്കിട്ടു കൊടുക്കുന്നതെന്ന് പരിപാടികൾ ശ്രദ്ധിക്കുന്ന ആർക്കും മനസ്സിലാകും. 'സൂപ്പർമാനും' 'നരിമാനും' കുട്ടികളുടെ സാമാന്യബുദ്ധിയെ ചോദ്യംചെയ്യുകയും അവരെ തങ്ങളുടേത് പോലെ വേഷം കെട്ടാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. യുവാക്കൾക്ക് വേണ്ടി മാത്രം അവതരിപ്പിക്കപ്പെടുന്ന സിനിമകളും, ടിവി പരിപാടികളും ഉപയോഗിക്കുന്ന ഭാഷപോലും വ്യത്യസ്തമാണ്. വേണ്ടിടത്തും വേണ്ടാതിടത്തും ഇംഗ്ലീഷ് വാക്കുകൾ കുത്തിത്തിരുകിയ ഒരു തരം 'മംഗ്ലീഷ്' - ഈ 'മംഗ്ലീഷ്' ഇന്ന് യുവാക്കളിലെ സാംസ്കാരികാധഃപതന


പത്രങ്ങളും
ആനുകാലികങ്ങളും മലയാളി
സമൂഹത്തെ തങ്ങളുടെ
സ്വാധീനവലയത്തിൽ
തളച്ചിട്ടിരിക്കുകയാണ്.



ത്തിന്റെ പ്രതീകമായി മാറിയിരിക്കുന്നു. 'വാലൻന്റൈൻസ്'ഡേയിലും 'ന്യൂഇയർ'ഡേയിലും ആൺപെൺ വ്യത്യാസമില്ലാതെ നഗ്നനൃത്തങ്ങളും, ക്ലബ്ഡാൻസുകളും നമ്മുടെ നഗരങ്ങളിലും നടമാടിക്കൊണ്ടിരിക്കുന്നു. നമ്മുടെ സാംസ്കാരിക ചൂഷണത്തിന്റെ ആഴം വർദ്ധിച്ചുവരികയാണെന്ന് ഇതിൽ നിന്നും മനസ്സിലാക്കാം. പത്ര ദൃശ്യമാധ്യമങ്ങളാണ് ഇവയ്ക്കൊക്കെ അകമഴിഞ്ഞ പിന്തുണയും, പ്രോത്സാഹനവും നൽകുന്നത്.


ടി.വി ചാനലുകളുടെ എണ്ണം കൂടിയപ്പോൾ അവയിലെ പരിപാടികളുടെ നിലവാരം വർദ്ധിക്കുമെന്ന് ചിലരെങ്കിലും വിശ്വസിച്ചു. പക്ഷെ പല ചാനലുകളും അനാരോഗ്യകരമായ മത്സരങ്ങളിൽ ഏർപ്പെടുകയാണ് ചെയ്തത്. ഇവയിൽ 90 ശതമാനവും സിനിമാധിഷ്ഠിത പരിപാടികളാണ്. തുടർസീരിയലുകളിലാണെങ്കിൽ 'മോങ്ങികളും' 'തേങ്ങികളും' മാത്രമായി അധഃപതിച്ച സ്ത്രീകഥാപാത്രങ്ങൾ. ഈ ചാനലുകളെകൊണ്ട് ആകെ നേട്ടമുണ്ടാക്കുന്നത് പരസ്യക്കാർ മാത്രമാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ചാനലുകളും പരസ്യക്കാരും ഒന്നുചേർന്നാണ് നമ്മുടെ സാംസ്കാരികാപചയം ഇത്രയധികം വഷളാക്കിയത്. നാം എന്ത് കഴിക്കണമെന്നും, എന്ത് കുടിക്കണമെന്നും, ഏത് സോപ്പ് ഉപയോഗിക്കണമെന്നും, എന്തിനധികം ഏത് ബ്രാൻഡിലുലള അണ്ടർവെയർ ധരിക്കണമെന്നുപോലും തീരുമാനിക്കുന്നത് പരസ്യക്കാരാണ്. അതല്ലെങ്കിൽ അവർ നമ്മെ ബ്രെയിൻ വാഷ് ചെയ്യുകയാണ്.

രാഷ്ട്രീയമായും, സാംസ്കാരികമായും, സാമൂഹികമായും മലയാളിതരം തിരിക്കപ്പെട്ടിട്ടുണ്ട് എന്ന വസ്തുത അവിതർക്കമാണ്. രാഷ്ട്രീയമായി ഏതെങ്കിലും ഒരു കക്ഷിയിൽ വിശ്വാസമർപ്പിക്കണമെന്നത് കേരളത്തിൽ അലിഖിത നിയമമായി മാറ്റിക്കഴിഞ്ഞു. അധ്യാപരുടേതായാലും, എഴുത്തുകാരുടേതായാലും, വിദ്യാർത്ഥികളുടേതായാലും, ചുമട്ടുതൊഴിലാളികളുടേതായാലും, രാഷ്ട്രീയ നിറവും ചായ്‌വും നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിഷ്പക്ഷത ഒരു തരം തട്ടിപ്പായാണ് ഇവിടെ വിവക്ഷിക്കപ്പെടുന്നത്. പണ്ടൊക്കെ സാംസ്കാരിക നായകൻമാർക്കെങ്കിലും സഹിഷ്ണുതയുണ്ടായിരുന്നു. ഇന്ന് അവരാണ് ഏറ്റവും വലിയ അസഹിഷ്ണുതയുടെ വക്താക്കൾ. ഈ ദൗർബല്യം നമ്മുടെ പത്രങ്ങളേയും ടി.വി.ചാനലുകളെയും പിടികൂടിയിട്ടുണ്ട്. ജനങ്ങളെ സത്യം അറിയിക്കാനും, അവരെ മൂല്യങ്ങളുടെ ഭാഗത്ത് നിർത്താനും, സാംസ്കാരികമായും, സാമൂഹികമായും വികസനത്തിലേക്ക് നയിക്കാനും, ഈ മീഡിയകൾക്ക് ബാധ്യതയുണ്ട്. ജനസമൂഹത്തിൽ, ജന നായകത്വത്തിൽ നിലനിൽക്കുന്ന അധമസംസ്കാരം നിലനിർത്താനും പ്രോത്സാഹിപ്പിക്കാനുമാണ് ഇന്നത്തെ മാധ്യമ സംസ്കാരം ഉതകുന്നത്. സാക്ഷര കൈരളി കണ്ണു തുറക്കാൻ സമയമായിരിക്കുന്നു. ഇന്നത്തെ അവസ്ഥയിൽ ദുഃഖിക്കാനും, ശോഭനമായ ഒരു ഭാവി നമുക്ക് കൈവരുമെന്ന് സ്വപ്നം കാണാനും, ഇനിയും നഷ്ടപ്പെട്ടിട്ടില്ലാത്ത (നഷ്ടപ്പെടുമോ എന്നറിയില്ല) അവകാശത്തിന്റെ പിൻബലത്തിലാണ് ഇത്രയും പറയാൻ ധൈര്യം വന്നത്. നവകേരള സൃഷ്ടിപ്പിനായ് **നമുക്ക്** കാത്തിരിക്കാം....












# മരുന്നടിച്ച് കൊല്ലുക

ജാഫർ സാദിഖ്
രണ്ടാം വർഷ ബി.എ. അറബിക്

മരുന്നുകൾ രോഗചികിത്സയ്ക്കുള്ളതാണെന്നാണ് പാവം വിദ്യാഭ്യാസമില്ലാത്ത സാധാരണക്കാർ മനസ്സിലാക്കിയത്. അത് കൊണ്ടാണവർ ചികിത്സയ്ക്കായി ആശുപത്രികളിൽ അഭയം തേടുന്നത്. രോഗമുണ്ടാക്കുന്ന മരുന്നിനെക്കുറിച്ച് അവർ കേട്ടിട്ടില്ല. കേരളത്തിന്റെ വടക്കെ അറ്റത്ത് കർണ്ണാടക സംസ്ഥാനത്തിനോട് ചേർന്ന് കിടക്കുന്ന ഒരു ഗ്രാമം, അവിടത്തെ ജനങ്ങളും അങ്ങിനെ തന്നെയായിരുന്നു. അസുഖം വന്നാൽ അവർ ആതുരാലയങ്ങളിലേക്ക് ഓടും. പക്ഷെ അപ്പോഴും തലമുകളിലൂടെ പറക്കുന്ന ഹെലികോപ്റ്റർ അവർക്ക് കൗതുകമായിരുന്നു. അതിൽ വല്ല അവിവേകവും ഉണ്ടാകുമെന്ന് അവർ നിനച്ചില്ല. കാരണം ഹിരോഷിമയിലും നാഗസാക്കിയിലും അണുബോംബിടുക വഴി ഉണ്ടായ അവിടത്തെ പ്രത്യാഘാതങ്ങളെക്കുറിച്ചും പുതുതലമുറയിലുണ്ടായ വൈകല്യങ്ങളെ കുറിച്ചും വാതോരാതെ സംസാരിക്കുന്ന ഭരണാധികാരികളുടെ നിർദ്ദേശപ്രകാരം പാവപ്പെട്ട സാധാരണക്കാരന് നൽകുന്ന സഹായമായിരുന്നല്ലോ അത്. അണ്ടിവിറ്റ് കാശുണ്ടാക്കുന്ന കർഷകനെ ഈ രീതിയിൽ സഹായിച്ചത് എതിർക്കാനാരും മുതിരേണ്ടതില്ലല്ലോ ...?. ഇത്രയും കാലം തങ്ങളനുഭവിച്ച മാറാവ്യാധികൾക്കും ദുരിതങ്ങൾക്കും കാരണം ഈ സഹായമാണെന്ന് തിരിച്ചറിയാൻ ഇവിടുത്തുകാർ ഏറെ താമസിച്ചുപോയി. തങ്ങളുടെ ദുരിതങ്ങൾ ജലാധാരിയുടെ കോപമാണെന്നായിരുന്നു ഇത്രയും കാലം അവർ വിശ്വസിച്ചത്. ഹെലികോപ്റ്ററിൽ നിന്നും താഴേക്ക് പതിച്ചിരുന്ന മരുന്ന് തുള്ളികളാണ് ദയനീയമായ വൈകല്യങ്ങൾക്ക് കാരണമെന്ന് കണ്ടെത്തപ്പെട്ടതോടെ ലോകശ്രദ്ധ അവിടേക്കായി. എൻഡോസൾഫാനെന്ന കീടനാശിനി തങ്ങളുടെ ജിവിതത്തിൽ വരുത്തിവെച്ച വ്യാധികൾക്കെതിരെ അധികാരികളുടെ കണ്ണുതുറപ്പിക്കാൻ അവർ കോടതി കയ

ഓരോ ദിവസവും പുതിയ കീടനാശിനി കണ്ടുപിടിക്കുകയാണ് നമ്മുടെ ലക്ഷ്യമെന്ന് ഭരണാധികാരികൾ മനസ്സിലാക്കുന്നിടത്ത് ഇത് ശ്രദ്ധിക്കപ്പെടാതെ പോയത് അത്ഭുതമല്ല അങ്ങിനെ അവരും ഒരു കീടനാശിനിയായി മാറുന്നു. എൻഡോസൽഫാൻ ഏറ്റവും കൂടുതൽ ഉൽപാദിപ്പിക്കുന്ന രാജ്യമാണ് ഇന്ത്യ. നാം ഓരോ തവണയും കൂടുതൽ മാരകമായ കീടനാശിനി കണ്ടുപിടിക്കുന്നു. ഡി.ഡി.റ്റി. എൻട്രിൻ, ആൾട്രിൻ തുടങ്ങിയവയെല്ലാം എൻഡോസൽഫാന്റെ പൂർവ്വികരാണ്. ഓൾഗാനോക്ലിറിൻ വിഭാഗത്തിൽപ്പെട്ട ഈ കീടനാശിനി അതി വിദൂരമല്ലാത്ത പ്രത്യാഘാതങ്ങൾ മനുഷ്യശരീരത്തിലുണ്ടാക്കുന്നു. ആറു രാജ്യങ്ങൾ നിരോധിച്ചതും ഇരുപത്തിയൊന്ന് രാജ്യങ്ങളിൽ ശക്തമായ നിയന്ത്രണവുമുള്ള ഈ വിപത്തിനെയാണ് കാസർഗോഡ് ജില്ലയിലെ കശുവണ്ടിത്തോട്ടങ്ങളിൽ സാങ്കൽപ്പിക കീടങ്ങളുടെ പേരിൽ ഭരണാധികാരികൾ വീണ്ടും ഉപയോഗിക്കാൻ അനുവാദം നൽകിയിരിക്കുന്നത്. തെറ്റായ രീതിയിലൂടെ നിയമകുരുക്കുകളിൽ നിന്നും ഇതിനെ മോചിപ്പിക്കുകയും വ്യവസായികളുടെ താൽപര്യം സംരക്ഷിക്കുകയും ചെയ്യാനാണ് ഇത് വഴി ഗവൺമെന്റ് ശ്രമിക്കുന്നത്. ഇതിനിടയിൽ ബലിയാടാകുന്ന പരിസരവാസികളായ ദരിദ്രനാരായണന്മാരെ ആരും ശ്രദ്ധിക്കാതെ പോകുന്നു. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒക്യുപേഷണൽ ഹെൽത്തിന്റെ പഠനറിപ്പോർട്ടുകളും സെന്റർ ഫോർ സയൻസ് & എൻവയോൺമെന്റിന്റെ പരിശോധനയിലും തെളിഞ്ഞത് പ്രകാരം പാദ്രയിലെ ജനങ്ങളുടെ മുലപ്പാലും രക്തവും വിഷലിപ്തമായിരിക്കുന്നു.



കാർഷിക സമ്പദ്വ്യവസ്ഥയുള്ള കേരളത്തിൽ മാരകമായ വിവിധ തരം കീടനാശിനികളുടെ ഉപയോഗം വ്യാപകമായിട്ടുണ്ട്. റബ്ബർ, പച്ചക്കറികൾ, വാഴ, തെങ്ങ്, കവുങ്ങ്, നെല്ല് തുടങ്ങിയ എല്ലാ കൃഷികളും വിഷങ്ങളിലധിഷ്ടിതമായത് അങ്ങിനെയാണ്. പ്രധാനപുഴകളുടെ ഉൽഭവസ്ഥാനങ്ങളെല്ലാം തന്നെ തേയില, ഏലം തോട്ടങ്ങളാണെന്നിരിക്കെ കേരളത്തിലൊഴുകുന്ന ജലധാരകൾ എത്രമാത്രം വിഷം ഒളിഞ്ഞിരിക്കുന്നതാണെന്ന് ഊഹിക്കാവുന്നതേയുള്ളൂ. ഗ്രാസിം ഫാക്ടറിയിലെ മലിനജലം ചാലിയാറിന് തീരത്തെ ജനങ്ങൾക്ക് കാൻസർ എന്ന ദുരിതം സമ്മാനിച്ചത് നമുക്ക് മറക്കാനാകുമോ...?

വൈദ്യഗവേഷണരംഗത്ത് ഇന്ത്യയിലെ പരമോന്നത സ്ഥാപനമായ ഐ.സി.എം.ആർ. കശുവണ്ടിത്തോട്ടങ്ങൾക്ക് ചുറ്റും താമസിക്കുന്നവരുടെ മാറാരോഗങ്ങൾക്കും ദുരിതങ്ങൾക്കും എൻഡോസൽഫാനെന്ന കീടനാശിനിയാണ് കാരണമെന്ന് തെളിയിച്ചതോടെ സ്വന്തം ജനതയേയും ശാസ്ത്രത്തേയും വഞ്ചിച്ച കാർഷിക സർവ്വകലാശാലാ ഗവേഷകരുടെ മുഖം മൂടി അഴിഞ്ഞു വീണു. കീടനാശിനി ലോബിക്ക് വേണ്ടി തെറ്റായ റിപ്പോർട്ട് നൽകിയ ഇവരും അത് കണ്ട് നിരോധനം പിൻവലിച്ച സർക്കാറിന്റേയും നടപടി വ്യാപകമായും തുറന്നുകാട്ടപ്പെടേണ്ടതാണ്. അതിനാരും തുനിയാറില്ലെന്നത് നിർഭാഗ്യകരമാണ്. "എള്ള് ചോരുന്നതറിയുന്നവർ ആന ചോരുന്നതറിയാൻ ശ്രമിക്കാറില്ല" എന്ന ആപ്തവാക്യം ഇവിടെ യാഥാർത്ഥ്യമാകുകയാണ്. നാഡീ വ്യൂഹങ്ങൾക്കും തലച്ചോറിനെപോലും ഗുരുതരമായ ക്ഷതമേൽപ്പിക്കുന്നതും അത് വഴി അംഗവൈകല്യവും ബുദ്ധിമാന്ദ്യവും സർവ്വവ്യാപിയായി മാറാനും കാരണമാകുന്ന ഇതിനെതിരെ മുഖം തിരിഞ്ഞ് നിൽക്കാനാകുമോ ? ജനങ്ങൾക്ക് സുരക്ഷിതത്വം നൽകേണ്ട സർക്കാർ തന്നെ ഈ മരുന്നടിക്ക് സമ്മതം നൽകുന്നത് വേലി തന്നെ വിള തിന്നുന്നത് പോലെയാണ്. ഇത്തരം മരുന്നുകളും കീടനാശിനികളും ഉണ്ടാക്കുന്ന പരിസ്ഥിതി മലിനീകരണ പ്രശ്നങ്ങൾക്കെതിരെ മുഖം തിരിഞ്ഞ് നിന്നാൽ ബുദ്ധിയും സൗന്ദര്യവുമുള്ള മനുഷ്യൻ ഓർമ്മയാകുന്നത് ഇനിയും വിദൂരമല്ല.

# മൗലാനാ അബുസബാഹ് ലൈബ്രറി സമുച്ചയം

എം. അയ്യൂബ്
ചീഫ് ലൈബ്രേറിയൻ

വിജ്ഞാനം വെളിച്ചമാണ്. ജീവിതത്തിന്റെ വഴി കാട്ടിയാണ്. ലൈബ്രറികൾ വെളിച്ചമാകുന്ന വിജ്ഞാന രേഖ കൾ സൂക്ഷിക്കുകയും, വിജ്ഞാന ദാഹികൾക്ക് യഥാസമയം നൽകുകയും ചെയ്യുന്ന കേന്ദ്രങ്ങളാണ്. ഫാറൂഖാബാദ് കാമ്പ സിന്റെ വിജ്ഞാനകേന്ദ്രവും ഹൃദയവുമാണ് ഫാറൂഖ് കോളേജ് ലൈബ്രറി. എല്ലാ വിധ ആധുനിക സൗകര്യങ്ങ ളോടും കൂടി പണി പൂർത്തീകരിച്ച കോളേ ജിന്റെ പുതിയ ലൈബ്രറി സമുച്ചയം ഫാറൂ ഖാബാദ് ക്യാമ്പസിന്റെ വെളിച്ചമായ മർഹൂം മൗലാനാ അബുസബാഹ് അഹ മ്മദലി സാഹിബിന്റെ നാമത്തിൽ അറിയ പ്പെടുന്നത് തികച്ചും അനുയോജ്യവും അർഹിക്കുന്നതുമാണ്.



ABUSABAH LIBRARY COMPLEX

1989ൽ കോളേജിന്റെ നാൽപതാം വാർഷികാഘോഷ പരിപാടി കളുടെ ഒരു പദ്ധതിയായിട്ടായിരുന്നു ലൈബ്രറി സമുച്ചയത്തിന്റെ പ്രവർത്തന ങ്ങൾ തുടങ്ങാനിരുന്നത്. പക്ഷെ ചില കാര ണങ്ങളാൽ അന്ന് പ്രവർത്തനം തുടങ്ങാൻ കഴിയാതെ വന്നു. 1989ൽ ഉണ്ടാക്കിയ പ്ലാൻ ഉപേക്ഷിക്കുകയും 1999ൽ എല്ലാ വിധ ആധുനിക സൗകര്യങ്ങളും ഒരുക്കാൻ കഴി യുന്ന ഒരു പുതിയ പ്ലാൻ ഉണ്ടാക്കുകയും, സമുച്ചയത്തിന്റെ ജോലികൾ ആരംഭിക്കുകയും ചെയ്തു. കോളേജ് മാനേജിങ്ങ് കമ്മറ്റിയുടെ പ്രത്യേക താൽപര്യമാണ് ചുരുങ്ങിയ സമയത്തി നകം ലൈബ്രറി കെട്ടിടത്തിന്റെ നിർമ്മാണ ജോലികൾ തീർക്കാൻ കഴിഞ്ഞത്. ഇന്നത്തെ ഇലക്ട്രോണിക് യുഗത്തിൽ ഇത്ര വലിയ ഒരു ലൈബ്രറി സംവിധാനം കോളേജിന് വേണമോ എന്ന സംശയം പലരും ഉന്നയിച്ചിരുന്നു. അതിന് മറുപടിയായി ഒന്ന് മാത്രമെ പറയാനുള്ളൂ. വിവര സാങ്കേതിക വിദ്യ എത്ര പുരോഗമിച്ചാലും പുസ്തകങ്ങൾ പുസ്തകങ്ങൾ തന്നെയാണ്. പുസ്തകങ്ങളെ മാറ്റാൻ മറ്റൊന്നിനുമാകില്ല. ഇല ക്ട്രോണിക്സ് മാധ്യമങ്ങളും, പുസ്തകങ്ങളും പരസ്പര പൂര കങ്ങളാണ്. ഒന്നിനെ മറ്റൊന്നിന് മാറ്റാൻ സാധിക്കുകയില്ല. എല്ലാ വിവരങ്ങളും വിരൽതുമ്പിൽ ഒതുക്കാൻ പറ്റിയിരുന്നെ

ങ്കിൽ ഈയിടെ ഉദ്ഘാടനം കഴിഞ്ഞ നാൽപത്താറായിരം ചതുരശ്ര മീറ്റർ ചുറ്റളവിൽ നൂറ്റി തൊണ്ണൂറ്റിയൊന്ന് കോടി രൂപ ചെലവ് ചെയ്ത് നിർമ്മിച്ച ദില്ലിയിലെ പടുകൂറ്റൻ പാർലമെന്റ് ലൈബ്രറിയുടെ ആവശ്യമെന്താണ്?

ഇരുപത്തേഴായിരം ചതുരശ്രയടി വിസ്തീർണ്ണമുള്ള അബുസബാഹ് ലൈബ്രറി സമുച്ഛയത്തിൽ എല്ലാ വിധ ആധുനിക സജ്ജീകരണങ്ങളും ഒരുക്കുവാനുള്ള ശ്രമത്തിലാണ്. ലൈബ്രറി സമയം അദ്ധ്യാപകർക്കും, വിദ്യാർത്ഥികൾക്കും സൗകര്യമായ രീതിയിൽ രാത്രി എട്ട് മണി വരെ നീട്ടാൻ ആലോചനയുണ്ട്. ലൈബ്രറി പ്രവർത്തനങ്ങൾ കൂടുതൽ ശാസ്ത്രീയമായി ക്രമീകരിക്കുന്നതിന് ആവശ്യമായ ഓട്ടോമേഷൻ ജോലികൾ നടന്നു വരുന്നു.

ഒരു ലക്ഷത്തിലധികം പുസ്തകങ്ങൾ സൂക്ഷിക്കുവാനുള്ള സൗകര്യം ലൈബ്രറിക്കകത്തുണ്ട്. അഞ്ഞൂറോളം വായനക്കാർക്ക് ഒരേ സമയത്ത് ലൈബ്രറിയിൽ ഇരുന്ന് വായിക്കാൻ കഴിയും. ഗൗരവപൂർവ്വമായ ലൈബ്രറി ഉപയോഗത്തിന് ബുദ്ധിമുട്ടുണ്ടാകാത്ത രീതിയിൽ ദിനപത്ര വായനക്ക്, പ്രത്യേകം സൗകര്യം ഒരുക്കിയിട്ടുണ്ട്. ആനുകാലിക പ്രസിദ്ധീകരണങ്ങൾക്ക് രണ്ടു വിഭാഗങ്ങൾ ഉണ്ടായിരിക്കും. ലഘു വായനക്കാവശ്യമായ ഒരു വിഭാഗവും, വിഷയാടിസ്ഥാനത്തിലുള്ള (Subject Journals) മറ്റൊരു വിഭാഗവും. ബിരുദ, ബിരുദാനന്തര കോഴ്സുകൾക്ക് നിർദ്ദേശിക്കപ്പെട്ട എല്ലാ പുസ്തകങ്ങളുടെയും കോപ്പികൾ ലൈബ്രറിക്കകത്ത് വെച്ച് തന്നെ ഉപയോഗിക്കുവാൻ സഹായിക്കുന്ന ഒരു പ്രത്യേക റഫറൻസ് വിഭാഗം ഒരുക്കുന്നുണ്ട്.

പത്തോളം കംപ്യൂട്ടറുകളടങ്ങിയ ഒരു ഇന്റർനെറ്റ് സെന്റർ പുതിയ ലൈബ്രറിയിൽ സജ്ജമാക്കുന്നു. കൂടാതെ പഠനാവശ്യത്തിനും, പൊതുവായ വിവരങ്ങൾ അറിയുന്നതിനും ആവശ്യമായ കോംപാക്റ്റ് ഡിസ്കിന്റെ ഒരു ശേഖരം മൈക്രൊലൈബ്രറി വിഭാഗത്തിൽ ഉണ്ടായിരിക്കും. എട്ടോളം കംപ്യൂട്ടറുകൾ പ്രസ്തുത ആവശ്യത്തിനായി നീക്കി വെക്കുന്നുണ്ട്. ലൈബ്രറിയിൽ ഏതെല്ലാം പുസ്തകങ്ങളാണ് ഉള്ളതെന്നും അവ വായനക്ക് ലഭ്യമാണോ എന്നുമുള്ള വിവരങ്ങൾ കംപ്യൂട്ടറുകളുടെ സഹായത്തോടെ എളുപ്പത്തിൽ അറിയുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കും. റഫറൻസ് ആവശ്യത്തിനായി ഉപയോഗിക്കുന്ന എല്ലാ തരം പുസ്തകങ്ങളും - വിജ്ഞാനകോശങ്ങൾ, പല തരം നിഘണ്ടുകൾ മുതലായവ - അടങ്ങിയ ഒരു റഫറൻസ് വിഭാഗം പ്രത്യേകമായി സജ്ജീകരിക്കുന്നുണ്ട്. കൂടാതെ വിവിധ പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനാവശ്യമായ എല്ലാ വിധ രേഖകളും ഉൾക്കൊള്ളുന്ന ഒരു കരിയർ കോർണർ ഒരുക്കുവാനും പദ്ധതിയു

ണ്ട്. കംപ്യൂട്ടറിന്റെ സഹായത്തോടെ വിവിധ കോഴ്സുകളുടെ വിവരങ്ങൾ അറിയുന്നതിനുള്ള സൗകര്യവും ഈ വിഭാഗത്തിൽ ഒരുക്കുന്നുണ്ട്.

നൂറോളം പേർക്കിരിക്കാവുന്ന ഒരു ഓഡിയോ വിഷ്വൽ തിയേറ്റർ പുതിയ ലൈബ്രറി സമുച്ചയത്തിന്റെ പ്രത്യേകതയാണ്. ദൃശ്യ ശ്രാവ്യ മാധ്യമങ്ങളുടെ സഹായത്തോടെ പഠനത്തിനും, പൊതുവായ ആവശ്യത്തിനും ഉതകുന്ന ക്ലാസുകൾ, സെമിനാറുകൾ തുടങ്ങിയവ സംഘടിപ്പിക്കുന്നതിന് പ്രസ്തുത വിഭാഗത്തിൽ സൗകര്യമുണ്ടായിരിക്കും. കോളേജിൽ ഒരു പ്രസിദ്ധീകരണ വിഭാഗം ആരംഭിക്കുന്നതിന്റെ ഭാഗമായി പുതിയ ലൈബ്രറി സമുച്ചയത്തിൽ ഒരു പ്രിന്റിംഗ് പ്രസ്സ് തുടങ്ങുവാനുള്ള നടപടികൾ എടുത്ത് വരുന്നു. അക്കാദമിക് ആവശ്യത്തിനും മറ്റും രേഖകൾ കുറഞ്ഞ ചിലവിൽ അച്ചടിച്ച് പുറത്തിറക്കാൻ ഈ പ്രസ്സ് ഏറെ സഹായകരമാകും.

ഏതൊരു ലൈബ്രറിയുടെയും മേന്മ അതിന്റെ ഉപയോഗത്തിലാണ്. പുതിയ ലൈബ്രറി സമുച്ചയത്തിന്റെ - മൗലാനാ അബുസബാഹ് അഹമ്മദലി ലൈബ്രറി സമുച്ചയത്തിന്റെ - എല്ലാ മേന്മയും അതിന്റെ ശരിയായ ഉപയോഗത്തിലാണ്. കഴിവിന്റെ പരമാവധി എല്ലാ സൗകര്യങ്ങളും ഉപയോഗപ്പെടുത്താൻ ഫാറൂഖാബാദ് അക്കാദമിക് സമൂഹം തയ്യാറാകണം. വെളിച്ചമാകുന്ന വിജ്ഞാനം കഴിയുന്നത്ര സ്വായത്തമാക്കാനും ജീവിതത്തിൽ അത് പകർത്താനും ശോഭനമായ ഒരു ഭാവി പടുത്തുയർത്താനും ഫാറൂഖാബാദ് ക്യാമ്പസിന്റെ വെളിച്ചമായ മർഹൂം മൗലാനാ അബുസബാഹ് അഹമ്മദലി സാഹിബിന്റെ സ്വപ്നം യാഥാർത്ഥ്യമാക്കാനും അദ്ദേഹത്തിന്റെ നാമത്തിലുള്ള ലൈബ്രറിക്ക് കഴിയുമാറാകട്ടെ എന്ന് നമുക്ക് സർവ്വശക്തനോട് പ്രാർത്ഥിക്കാം.




മൗലാനാ അബുസബാഹ് അഹമ്മദലി

1906ൽ ചാവക്കാടിനടുത്ത വേമ്പനാട് ഗ്രാമത്തിലെ ഒരിടത്തരം കുടുംബത്തിൽ ജനിച്ച അബുസ്സബാഹ് സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം മദിരാശിയിലെ ജമാലിയ കോളേജിൽ നിന്നും, ഈജിപ്തിലെ വിഖ്യാതമായ അൽ അസ്ഹർ സർവ്വകലാശാലയിൽ നിന്നും ഉന്നത വിദ്യാഭ്യാസം നേടി. ഇന്ത്യയിൽ തിരിച്ചെത്തിയ മൗലവി സാഹിബ് മൗലാനാ മുഹമ്മദലി, മഹാത്മാ ഗാന്ധി, മൗലാനാ ആസാദ്, അല്ലാമാ മുഹമ്മദ് ഇക്ബാൽ എന്നിവരോടൊത്ത് പ്രവർത്തിച്ചിരുന്നു. 1942ൽ അദ്ദേഹം ആനക്കയത്ത് ഒരു അറബിക് കോളേജ് ആരംഭിക്കുകയും 1944ൽ അത് വിപുലീകരണോദ്ദേശത്തോടെ മഞ്ചേരിയിലേക്ക് മാറ്റുകയും തുടർന്നു 1948ൽ റൗസത്തുൽ ഉലൂം അറബിക് കോളേജ് എന്ന പേരിൽ ഫറോക്കിൽ സ്ഥാപിക്കുകയും ചെയ്തു. അറബിക് കോളേജിന് വേണ്ടിയുള്ള കെട്ടിടം പണി പുരോഗമിക്കുമ്പോഴാണ് ഒരു ഒന്നാം ഗ്രേഡ് ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുവാനുള്ള സംരംഭം തുടങ്ങിയത്. മദിരാശി സർവ്വകലാശാലയുടെ അംഗീകാരം ലഭിക്കാൻ കോളേജിന് സ്വന്തം കെട്ടിടം വേണമെന്ന് വന്നപ്പോൾ അറബിക് കോളേജിന് പണിതു വന്നിരുന്ന കെട്ടിടം അദ്ദേഹം ഫാറൂഖ് കോളേജിന് വിട്ടു കൊടുത്തു. 1971ൽ നിര്യാതനായ മൗലവി സാഹിബ് തന്റെ അവസാന ശ്വാസം വരെ ഫാറൂഖാബാദിലെ സ്ഥാപനങ്ങൾ കൈവരിച്ച സാംസ്കാരിക വിപ്ലവത്തിൽ ഒരു സുപ്രധാന കണ്ണിയായി പ്രവർത്തിച്ചിരുന്നു. അതു കൊണ്ട് തന്നെയാണ് അദ്ദേഹത്തെ ഫാറൂഖാബാദിന്റെ വെളിച്ചമെന്ന് വിശേഷിപ്പിച്ചത്.

അഹമ്മദ് ഷമീം

രണ്ടാം വർഷ ബി.എ ഇക്കണോമിക്സ്



# നേർകാഴ്ച

മലയാള നടി സംയുക്താവർമ്മയും കുടുംബവും അമേരിക്കയിൽ വിമാന യാത്ര ചെയ്തു. അവരുടെ പെരുമാറ്റ രീതിയിൽ സംശയം തോന്നിയ വിമാന ജീവനക്കാരിൽ ചിലർ അവരെ തടഞ്ഞു നിർത്തുന്നു. എഫ് ബി ഐ അധികൃതരുടെ ചോദ്യംചെയ്യലുകൾക്കൊടുവിൽ തങ്ങൾ ഉദ്ദേശിച്ച രീതിയിൽ കുഴപ്പക്കാരല്ലെന്ന് കണ്ട് അവരെ വിട്ടയക്കുന്നു. ഈയൊരു വാർത്തക്ക് ഒന്നാം പേജിൽ അച്ചുനിരത്തിയാണ്, മലയാള പത്രങ്ങൾ ജൂലൈ 18 ന് ജനങ്ങൾക്ക് മുമ്പിലെത്തിയത് .

സെപ്റ്റംബർ 11ന് മുമ്പായിരുന്നു ഈ സംഭവമെങ്കിൽ ചിലപ്പോൾ അതൊരു സാധാരണ വാർത്ത പോലുമാകുമായിരുന്നില്ല. അതായത് സെപ്റ്റംബർ 11 ന്ശേഷം കേവലം ഒരുസ്ത്രീയുടെ ആംഗ്യപ്രകടത്തിനു മുന്നിൽ പോലും വിറകൊള്ളുന്ന ഒരമേരിക്കയെയാണ് നാം കാണുന്നത്. പറഞ്ഞുവരുന്നത്, വർത്തമാന കാല ലോകചരിത്രം, സെപ്റ്റംബർ 11 എന്ന ഒരു രേഖയാൽ , അതിനു മുമ്പുള്ളതെന്നും ശേഷമുള്ളതെന്നും , വ്യക്തമായി വേർതിരിക്കപ്പെട്ടിരിക്കുന്നു എന്നാണ്.

സെപ്തംബർ 11ന് മുമ്പുള്ള ലോകം അമേരിക്ക എന്ന കുടത്തിലെ ഭൂതത്തെ ന്യൂക്ലിയസായി സ്വീകരിച്ചായിരുന്നു കറങ്ങിയത്. ലോക സമാധാനത്തിന്റെ കുത്തക അവർ ഏറ്റെടുത്തു. സ്വയം അവരോധിത ലോകപോലീസായി കുറേ വിലസി. ലോകത്തെവിടെയെങ്കിലും ഒരു ഈച്ച പറന്നാൽ തങ്ങളുടെ റഡാറുകൾ കണ്ടുപിടിക്കുമെന്ന് വീമ്പിളക്കി. പക്ഷെ ആ ഒരൊറ്റ ആക്രമണവും അതിന് ശേഷം ലോകത്ത് നടന്ന സംഭവങ്ങളും ഈ അവകാശ വാദങ്ങളെ ചീട്ടു കൊട്ടാരം പോലെ തകർത്തു. ആരും അജയ്യരല്ല എന്ന് തെളിയിക്കുന്നതായിരുന്നു ഈ ആക്രമണം.

സെപ്തംബർ 11ന് മുമ്പ് അമേരിക്ക ലോകത്തെ വിറപ്പിച്ചു നിർത്തിയിരുന്നെങ്കിൽ അതിന് ശേഷമുള്ള അമേരിക്കയെ ഹിറ്റ്ലർ അധികാരമേറ്റെടുക്കുന്നതിന് മുമ്പുള്ള ജർമ്മനിയുമായി താരതമ്യം ചെയ്യാമെന്ന് തോന്നുന്നു. അതായത് എല്ലാം കുഴഞ്ഞ് മറിഞ്ഞ, എന്താണ് ചെയ്യേണ്ടതെന്നറിയാത്ത ഒരവസ്ഥ. ആ ഒരവസ്ഥയിൽ നിന്നും ഉടലെടുത്ത നിരാശാബോധമാണ് അഫ്ഘാനിലും, ഇറാഖിലും മറ്റും ആക്രമണമായി പരിണമിച്ചത്.

ലോക വ്യാപാരകേന്ദ്രത്തിൽ നടന്ന ആക്രമണം യഥാർത്ഥത്തിൽ ആരാണ് ആസൂത്രണം ചെയ്തതെന്നോ, നടപ്പിലാക്കിയതെന്നോ ഇന്നും വ്യക്തമല്ല. 'ചത്തത് കീചകനെങ്കിൽ കൊന്നത് ഭീമൻ തന്നെ' എന്ന വരട്ട് തത്വശാസ്ത്രത്തിൽ പിടിച്ചുതൂങ്ങുകയാണ് 'യാങ്കിക്കഴുകൻ' ചെയ്തത്. പണ്ടൊരു തിമോത്തി മക്വി കൂട്ടക്കൊല നടത്തിയപ്പോൾ, ഒരന്വേഷണം പോലും നടത്താതെ, 'ഇസ്ലാമിക ഭീകരവാദികളാണ്' ഇതിന്റെ പിന്നിലെന്ന് പ്രഖ്യാപിച്ചവരാണ് അമേരിക്ക.

ഈ ആക്രമണത്തിന്

ശേഷം ലോകത്ത് മുഴങ്ങിക്കേട്ട മൂന്ന് പദങ്ങളാണ് 'ഇസ്ലാമിക ഭീകരവാദം' 'അൽഖാഇദ' 'ഉസാമബിൻലാദൻ' എന്നിവ. അഫ്ഘാൻ, ഇറാഖ്, മുതലായ ഭാവിയിൽ തങ്ങൾക്ക് ബദലാവാൻ സാദ്ധ്യതയുള്ള ശക്തികളെ തകർക്കാൻ വേണ്ടി ഈ മൂന്ന് പദങ്ങളും ഉപയോഗിക്കുകയാണ് അമേരിക്കൻ ഭരണകൂടം ചെയ്തത്. അമേരിക്കൻ പ്രതിരോധ സെക്രട്ടറി റൊണാൾഡ് റംസ്ഫെൽഡ് ഈയിടെ നടത്തിയ അഭിപ്രായപ്രകടനം ഈ വസ്തുതയെ സാധൂകരിക്കുന്നതാണ്. തിമോത്തി മക്വിയുടെ കാര്യത്തിൽ സംഭവിച്ചത് പോലെ ഈ സംഭവത്തിന്റെ യാഥാർത്ഥ്യവും കാലമാണ് തെളിയിക്കേണ്ടത്. നമുക്ക് കാലത്തിന് വഴിമാറിക്കൊടുക്കാം.

സെപ്തംബർ 11ന് ശേഷം ലോകത്ത് വ്യക്തമായ രണ്ട് ചേരികൾ നിലവിൽ വന്നിട്ടുണ്ട്. ഒരുഭാഗത്ത് കമ്മ്യൂണിസ്റ്റ് രാജ്യങ്ങളും, ഇസ്ലാമിക രാജ്യങ്ങളുമാണെങ്കിൽ, മറുഭാഗത്ത് സാമ്രാജ്യത്വശക്തികളുമാണുള്ളത്. ശീതസമരകാലത്തെ അനുസ്മരിപ്പിക്കുന്ന വാക്‌യുദ്ധമാണ് നടന്നുകൊണ്ടിരിക്കുന്നതെങ്കിലും, അമേരിക്കൻ വിരുദ്ധചേരിയിൽ സോവിയറ്റ് യൂണിയനെ പോലെയുള്ള ശക്തമായ ഒരു രാജ്യത്തിന്റെ അഭാവം വ്യക്തമാണ്.

ഏതായാലും, വേൾഡ് ട്രേഡ് സെന്റർ ആക്രമണത്തിന് ശേഷം ലോകത്ത് ആകെ ഒരു 'ഇളകിമറിയൽ' നടന്നിട്ടുണ്ട്. ഈ ഇളക്കിമറിയലിൽ Survival of the fittest എന്നു പറഞ്ഞത് പോലെ അമേരിക്കയെപോലെ കയ്യൂക്കുള്ളവൻ 'മാന്യൻമാരാ' വുകയും, മറുഭാഗം - ലോകത്തെ ബഹുഭൂരിഭാഗം ജനങ്ങളുടെയും അഭിപ്രായത്തിൽ നീതിഅവർക്കാണ് ലഭിക്കേണ്ടത്, കരുത്തില്ലാത്ത ഒറ്റക്കാരണത്താൽ പിന്തള്ളപ്പെടുകയാണ് ചെയ്തത്. ഇതെവിടെയാണ് ചെന്നവസാനിക്കുക എന്നകാര്യം ഇപ്പോൾ ഭാവനയിൽ കാണാൻ മാത്രമേ സാധിക്കൂ. ഇറാഖിനേയും, മറ്റും ആക്രമിക്കുന്നതിനെതിരെ, ബ്രിട്ടനിലെ 'മാസ്സീവ്അറ്റാക്ക്' എന്ന റോക് ഗായക സംഘം രംഗത്ത് വന്നിരിക്കുകയാണ്. അവരോടൊപ്പം ചേർന്ന് നമുക്കും പാടാം. സമാധാനത്തിന്റെ ഉണർത്തുപാട്ട്.

വാൽക്കഷ്ണം: ഈയിടെ പത്രങ്ങളിൽ വന്ന ഒരു വാർത്ത ശ്രദ്ധേയമാണ്. അമേരിക്കയിലേക്ക് വന്ന ഒരു വിദേശവനിതയുടെ മുലപ്പാൽ അധികൃതർ പരിശോധിച്ചു എന്നായിരുന്നു ആ വാർത്തയുടെ ഉള്ളടക്കം. മുലപ്പാലിൽ കൂടി ഭീകരത അമേരിക്കയിലേക്ക് കടത്തുന്നുണ്ടോ എന്നായിരുന്നു അമേരിക്കൻ രഹസ്യാന്വേഷണ സേനയുടെ സംശയം.

# ഒരു ക്യാമ്പസ് സംവാദം.

തയ്യാറാക്കിയത് : ബീന

ജനാധിപത്യബോധവും സാമൂഹിക ബോധവും നഷ്ടപ്പെട്ട ജനത കച്ചവടതാൽപര്യാധി ഷ്ടിതവും ജനാധിപത്യവിരുദ്ധവുമായ ഒരു പുതിയ സംസ്കാരത്തിലേക്കാണ് കാൽവെക്കുന്നത്. വിവിധ സംസ്കാരങ്ങളുടെ സമന്വയമായ മതേതരത്വത്തിനു പേരുകേട്ട നാടിന്റെ സന്തതികളായ നമ്മൾ ഇന്നെത്തി നിൽക്കുന്നതെവിടെയെന്ന് ചിന്തിക്കേണ്ടതുണ്ട്. വിദ്യാ ഭ്യാസവും രാഷ്ട്രീയവും സാഹിത്യവും സംസ്കാ രവും സമൂഹവും കുടുംബവും വ്യക്തികളും എല്ലാ ഒരു പുനർവിചിന്തനത്തിനു തയ്യാറാകുമ്പോൾ നമുക്ക നമ്മെ നഷ്ടപ്പെടുന്നതെന്തുകൊണ്ടെന്നും എങ്ങനെ യെന്നും ആലോചിക്കേണ്ടത് അനിവാര്യമാണ്. നി തമായി പ്രതികരിക്കുകയും വിമർശിക്കുകയു

ചെയ്തില്ല എന്നുണ്ടെങ്കിൽ ഒന്നു തീർച്ചയാണ്, മതേതരത്വവും ജനാധിപത്യവും മനുഷ്യത്വവും പൂർണ്ണമായും നഷ്ടപ്പെട്ട ഒരു ലോകത്തിന് സാക്ഷിയാവേണ്ടി വരും.

മാനവികതയുടെ മൂല്യങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു ലോകത്താണ് നാമിന്നു ജീവിക്കുന്നത്. കുത്തകമുതലാളിത്തത്തിനു കീഴിൽ ചലിക്കുന്ന വെറും പാവകളായിത്തീരുകയാണു മനുഷ്യൻ. വളർന്നുകൊണ്ടിരിക്കുന്ന യാന്ത്രികസംസ്കാരത്തിനും മത്സരങ്ങൾക്കുമിടയിൽ അന്യമാകുന്ന മാനുഷികമൂല്യങ്ങളെ കുറിച്ച് നാം ബോധവാന്മാരാകേണ്ടതുണ്ട്. സാംസ്കാരികമായി വളരെയധികം അധഃപതിച്ചിരിക്കുന്ന ഈ സാഹചര്യത്തിൽ അവമാനവീകരണത്തെ കുറിച്ച് ക്യാമ്പസിന്റെ പ്രതികരണമറിയാൻ വിവിധ കോളേജുകളിലെ വിദ്യാർത്ഥികളുമായി ഞങ്ങൾ സംവദിച്ചു.

അവമാനവീകരണത്തെക്കുറിച്ചു കേട്ടപ്പോൾ "അയ്യോ.. ഇതൊന്നും ഞങ്ങൾക്കറിയില്ലേ.." എന്നു പറഞ്ഞൊഴിഞ്ഞു മാറാൻ ശ്രമിക്കുകയായിരുന്നു പലരും. മനുഷ്യാവകാശത്തെക്കുറിച്ചും അവകാശ നിഷേധത്തെക്കുറിച്ചുമാണെങ്കിൽ "ഞങ്ങൾക്കു ജീവിക്കാനുളള അവകാശമൊക്കെയുണ്ട്" എന്ന രീതിയിലായിരുന്നു പ്രതികരണം. പൊതുവെ യാഥാർത്ഥ്യങ്ങളിൽ നിന്നകന്നു നിൽക്കുന്ന ഒരു തലമുറയെയാണ് കാമ്പസുകളിൽ കാണാനായത്. അവമാനവീകരണത്തെക്കുറിച്ചും അവയുടെ വിവിധ തലങ്ങളെക്കുറിച്ചും ക്രിയാത്മകമായി പ്രതികരിച്ചു. ഗുജറാത്ത് കലാപവും പരസ്യങ്ങളിലെയും മറ്റും ചൂഷണസ്വഭാവവുമാണ് മിക്കവരും അവമാനവീകരണത്തിന്റെ ഉദാഹരണങ്ങളായി ചൂണ്ടിക്കാണിച്ചത്. മനുഷ്യത്വനിരാസം എല്ലാ മേഖലകളിലും ഉണ്ടെന്നാണ് പലരുടെയും അഭിപ്രായം. മനുഷ്യൻ എവിടെയുണ്ടോ അവിടെ മനുഷ്യത്വനിരാസവും ഉണ്ട്. ഭരണകൂടത്തിനും അവമാനവീകരണത്തിൽ ചെറുതല്ലാത്ത പങ്കുണ്ട് എന്ന് പലരും പറയുന്നു.

***"മനുഷ്യന്റെ സ്വാർത്ഥത പ്രശ്നങ്ങൾ സൃഷ്ടിക്കുന്നില്ലേ..?"***

എല്ലാമനുഷ്യനും ആത്യന്തികമായി സ്വാർത്ഥനാണ്. തിരക്കുപിടിച്ച ജീവിതത്തിൽ എല്ലാവരും സ്വന്തം കാര്യം മാത്രം നോക്കുന്നു. ഒരാളുടെ പ്രശ്നം കേൾക്കാൻ പോലും മറ്റൊരാൾ തയ്യാറാവുന്നില്ലായെന്ന് പ്രൊവിഡൻസ് വിമൻസ് കോളേജിലെ ലിൻസി അഭിപ്രായപ്പെട്ടു. ഇന്നെല്ലാവർക്കും "സ്വന്തം കാര്യം സിന്ദാബാദ്" എന്ന മട്ടാണെന്നാണ് മഷിതയുടെ അഭിപ്രായം.

മനുഷ്യൻ നിരസിക്കപ്പെടുന്ന ആധുനികയുഗത്തിൽ തിരക്കിനിടയിൽ എന്തൊക്കെയോ നഷ്ടപ്പെടുന്നുണ്ട്. പരസ്പര ബന്ധങ്ങളും കടമകളും മറന്ന് മത്സരതീഷ്ണതയിൽ അലഞ്ഞുതിരിയുന്ന കുറെ യന്ത്രങ്ങളെന്നേ ഇന്നിന്റെ മനുഷ്യനെ വിളിക്കാനാവൂയെന്ന് ഗവ: ആർട്സ് കോളേജിലെ മൂന്നാം വർഷ ബിരുദ വിദ്യാർത്ഥിനി നിവിത അഭിപ്രായപ്പെടുന്നു. ഇന്ന് പുതിയതും പഴയതുമായ എല്ലാ സ്രോതസ്സുകളും മനുഷ്യനെ എങ്ങനെ നശിപ്പിക്കാമെന്നതിന്റെ നവീനകണ്ടുപിടുത്തങ്ങളായി പരിണമിച്ചു. പാവപ്പെട്ടവനെ ചൂഷണം ചെയ്തുകൊണ്ട് നിലനില്പിനു വേണ്ടി പോരാടുകയാണ് മനുഷ്യൻ. മനുഷ്യനെയും മനുഷ്യത്വത്തെയും പുഷ്ടിപ്പെടുത്താൻ വേണ്ടി ഉണ്ടായതെന്നു കരുതപ്പെടുന്ന സ്രോതസ്സുകളിലെല്ലാം കലർപ്പിന്റെയും കാപട്യത്തിന്റെയും അംശങ്ങൾ ചേർന്നു. ഇന്ന് മാനവികത എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്താണോ അതിന്റെ വിപരീതാവസ്ഥയിലാണ് മനുഷ്യനെ കാണുന്നത്. ജീവനു വേണ്ടി പിടയുന്ന രോഗിയെ ജീവൻരക്ഷിക്കേണ്ട ഡോക്ടർമാർ പോലും പണത്തിന്റെ തോതനുസരിച്ച് വേർതിരിച്ചുകാണുന്നു. അങ്ങനെ നോക്കുമ്പോൾ മതം, കല, സാഹിത്യം, സ്പോർട്സ് തുടങ്ങി എല്ലാ മേഖലകളിലും അവമാനവീകരണം വ്യാപിച്ചിട്ടുണ്ട്.

> പുതിയതും പഴയതുമായ എല്ലാ സ്രോതസ്സുകളും മനുഷ്യനെ എങ്ങനെ നശിപ്പിക്കാമെന്നതിന്റെ പുതിയ കണ്ടെത്തലുകളായി പരിണമിച്ചു.

ഫാഷനു പിന്നാലെയുളള കാമ്പസുകളുടെ ഓട്ടം അവമാനവീകരണത്തിന്റെ ഏറ്റവും പുതിയ സൃഷ്ടിയാണെന്ന് ലോ കോളേജ് വിദ്യാർത്ഥിനിയായ സുധാമോഹൻ അഭിപ്രായപ്പെട്ടു. ഇതിനുപിന്നിൽ പ്രവർത്തിക്കുന്ന വിദേശകമ്പനികൾക്ക് അവരുടെ ഉൽപന്നങ്ങൾ വിറ്റഴിക്കാനുളള കമേഴ്സ്യൽ താത്പര്യമാണ്. ക്യാമ്പസുകളും വിദ്യാർത്ഥികളും ഈ പ്രവണതക്കു വിധേയരാകുന്നു. കംബൈൻഡ് സ്റ്റഡിയും നോട്ടുകൈമാറലുകളുമെല്ലാം ഇന്ന് ക്യാമ്പസുകളിൽ നിന്ന് അന്യമാകുന്നുവെന്നത് സ്വാർത്ഥതയുടെ ആഴം കാണിക്കുന്നു. എല്ലാവരും തങ്ങളുടെ സ്വന്തത്തിലേക്ക് ഒതുങ്ങിക്കൂടുന്നത് വേദന ഉണ്ടാക്കുന്നതായി അവർ പറഞ്ഞു.

മനുഷ്യൻ സ്വാർത്ഥനായതോടെ മാനുഷികമൂല്യങ്ങളേക്കാൾ സമ്പത്തിനു പ്രാധാന്യം കൽപ്പിക്കുന്ന അവസ്ഥ വളർന്നുവന്നു. മാനസികമായ അധഃപതനം മൂലം കയ്യൂക്കുളളവൻ കാര്യക്കാരൻ എന്ന പഴയ സമ്പ്രദായങ്ങളിലേക്ക് മടങ്ങിപ്പോവുകയാണെന്നാണ് ആർട്സ് കോളേജ് വിദ്യാർത്ഥിയായ സുധീഷിന്റെ അഭിപ്രായം. അർഹതയുളളവനേ അതിജീവിക്കാവൂ എന്നുളളിടത്ത് തന്റെ ഉയർച്ചകൾക്കിടയിൽ മറ്റുളളവരെ

അടിച്ചമർത്തുകയാണ് എല്ലാവരും ചെയ്യുന്നത്. ഇന്ന് സ്വന്തം താൽപര്യം സംരക്ഷിക്കാനായി സുഹൃത്തുക്കളെയും കുടുംബത്തെയും കൂടി ത്യജിക്കേണ്ടിവരുമെന്നാണ് അതേ കാമ്പസിലെതന്നെ ബൈജു പറയുന്നത്. അല്ലാത്തവനെ വിഡ്ഢിയായിട്ടാണ് സമൂഹം വീക്ഷിക്കുന്നത്.

മറ്റുള്ളവരുടെ വലിയ നേട്ടങ്ങൾ ചവിട്ടി മെതിച്ചായാലും തന്റെ ചെറിയ നേട്ടങ്ങൾ സഫലീകരിക്കണമെന്ന ചിന്തയാണ് മനുഷ്യത്വമില്ലായ്മക്ക് പ്രധാന കാരണമെന്ന് കൊണ്ടോട്ടി ഇ.എം.ഇ.എയിലെ വിദ്യാർത്ഥിയായ ഷബീർ പറയുന്നു. വ്യക്തികളെയും കൂട്ടായ്മകളെയും നയിക്കുന്ന ഘടകം സ്വാർത്ഥതാത്പര്യങ്ങൾ മാത്രമാണെന്ന് മുഹമ്മദ് സുഫിയാൻ അഭിപ്രായപ്പെടുന്നു. സ്വന്തം വിജയത്തിന് അപരനെ എത്ര ഹീനമായി അമർച്ച ചെയ്യാനും ലജ്ജയില്ലെന്നു വന്നിരിക്കുന്നു. തിക്താനുഭവങ്ങൾ നന്മയുടെ വക്താക്കളെപ്പോലും മറിച്ച് ചിന്തിക്കാൻ പ്രേരിപ്പിക്കുന്നു. ഈയൊരവസ്ഥയിൽ ആസൂത്രിതമായ ബോധവത്കരണങ്ങളിലൂടെ മനുഷ്യമനസ്സുകളെ ഒന്നിപ്പിക്കേണ്ടതാണെന്നാണ് മുഹമ്മദ് പറയുന്നത്. കൊണ്ടോട്ടി ഇ.എം.ഇ.എ കോളേജിലെ മൂന്നാം വർഷ ബി.കോം വിദ്യാർത്ഥിയാണ് മുഹമ്മദ് സുഫിയാൻ.

മനുഷ്യനും മനുഷ്യത്വവും തമ്മിൽ ബന്ധമില്ലാത്ത കാലമാണിത്. അയൽവീട്ടുകാർ തമ്മിലുള്ള സഹവർത്തിത്വം പോലും നഷ്ടമാവുകയാണ്. മോഡേണിസമാണു 'മനുഷ്യമനസ്സുകളെ ശിഥിലീകരിച്ചതെന്നാണ് ഇ.എം.ഇ.എയിലെ വിദ്യാർത്ഥിയായ ഷബീബിന്റെ അഭിപ്രായം. നീട്ടിവിളിച്ചാൽ വിളികേൾക്കുന്ന അയൽവീട്ടിലേക്കുപോലും ബന്ധപ്പെടാൻ ടെലഫോൺ ഉപയോഗിക്കുന്ന ഇക്കാലത്ത് മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ അകലം കൂടുകയാണ്. സമൂഹത്തിന് മാതൃകയാകേണ്ട സാമൂഹിക സാംസ്കാരിക നായകർ പോലും പരസ്പരം ചെളിവാരിയെറിയുന്ന ഇക്കാലത്ത് മനുഷ്യത്വം നശിക്കുകയാണ്.

മനുഷ്യന്റെ സ്വാർത്ഥത പ്രശ്നങ്ങൾക്കു കാരണമാകുന്നുവെന്ന് എല്ലാവരും സമ്മതിക്കുന്നുണ്ട്. തന്നെ കുറിച്ചു ചിന്തിക്കുന്നത് മനുഷ്യസ്വഭാവം മാത്രമാണെന്നാണ് പലരുടെയും അഭിപ്രായം. ഇന്നത്തെ കാലത്ത് ജീവിക്കണമെങ്കിൽ അങ്ങനെ വേണം. എന്നാൽ സ്വന്തം കാര്യം മാത്രം നോക്കി എല്ലാവരും തന്നിലേക്കുതന്നെ ഒതുങ്ങുന്നതും മറ്റുള്ളവരുടെ പ്രശ്നങ്ങളെ അവഗണിക്കുന്നതും മാനവികതയുടേതല്ലാത്ത ഒരു അന്തരീക്ഷസൃഷ്ടിക്കു കാരണമാകുന്നുണ്ട്. ഈ അകൽച്ചയുടെ മകുടോദാഹരണമാണ് ഗുജറാത്ത്.

### *"ഗുജറാത്തിനെക്കുറിച്ച് ?"*

ബ്രിട്ടീഷുകാർ ഇന്ത്യയിൽ സ്വീകരിച്ച "ഭിന്നിപ്പിച്ചു ഭരിക്കുക" എന്ന ആശയം ഗുജറാത്ത് ഗവൺമെന്റ് ഏറ്റെടുത്തതായി പലരും സംശയിക്കുന്നു. ഭരണകൂടത്തിന്റെ സാമുദായിക പ്രീണനത്തിന്റെ അനന്തരഫലമാണു ഗുജറാത്തിലെ ദാരുണസംഭവമെന്ന് ലോ കോളേജ് വിദ്യാർത്ഥിയായ ജോളി എബ്രഹാം അഭിപ്രായപ്പെട്ടു. ഇതിനെ മതതീവ്രവാദികൾ ശരിക്കും ഉപയോഗപ്പെടുത്തി. വിശ്വാസങ്ങൾ പരസ്പരം കൈമാറുന്നത് ഹ്യൂമനൈസേഷനാണ്. പക്ഷെ അത് അടിച്ചേൽപിക്കുന്നത് ഡി-ഹ്യൂമനൈസേഷനാണ്. ഇവിടെ അതിക്രൂരമായി അടിച്ചമർത്തുകയാണു ചെയ്യുന്നത്. ഭരണകൂടം സ്പോൺസർ ചെയ്ത വംശഹത്യയാണ് ഗുജറാത്തിൽ നടന്നതെന്ന് മലബാർ ക്രിസ്ത്യൻ കോളേജിലെ ഹാരിസ് അഭിപ്രായപ്പെടുന്നു. ഇന്ത്യയിലെന്നല്ല; ലോകത്ത് പോലും ഗുജറാത്തിന് സമാനമായ ഭീകരത നടന്നിട്ടില്ലെന്നാണ് ബി.എ. മൂന്നാം വർഷ വിദ്യാർത്ഥികളായ ഹാരിസിന്റെയും കൂട്ടുകാരുടെയും അഭിപ്രായം. മനുഷ്യന്റെ ഏറ്റവും ഹീനമായ ഭാവനയിൽപോലും സങ്കൽപിക്കാൻ കഴിയാത്ത പൈശാചികത അരങ്ങേറിയ ഗുജറാത്ത്, നമ്മുടെ കാമ്പസുകളിൽ വേണ്ടത്ര നടുക്കം സൃഷ്ടിച്ചില്ലെന്നത് കാമ്പസുകളിലെ ബാധിച്ച നിസ്സംഗതക്ക് ഉദാഹരണാമായി ഇവർ കാണിക്കുന്നു.

പണത്തിനുവേണ്ടി എന്തും ചെയ്യാൻ മടിക്കാത്ത ഈ ലോകത്ത് മാനുഷികത മരിക്കുകയാണ്. മനുഷ്യനെ കൊല്ലാൻ വേണ്ടി ഓരോ രാജ്യവും വിനിയോഗിക്കുന്ന പണം മാത്രം മതി ലോകത്തെ പട്ടിണി മാറ്റാൻ. ജനങ്ങളിൽ തെറ്റിദ്ധാരണയുണ്ടാക്കി മനുഷ്യത്വം നശിപ്പിച്ച് ലാഭമുണ്ടാക്കിയ ഹിറ്റ്ലറുടെ തന്ത്രമാണ് ഇന്ന് ലോകം മുഴുവനും നടക്കുന്നതെന്ന് കൊണ്ടോട്ടി ഇ.എം.ഇ.എയിലെ ഇക്കണോമിക്സ് വിദ്യാർത്ഥിയായ ഗുലാംഹസൻ ആലംഗീർ അഭിപ്രായപ്പെട്ടു. മുതലാളിത്ത രാജ്യങ്ങൾ ചെയ്യുന്ന ഈതന്ത്രത്തിന്റെ ഏറ്റവും മികച്ച ഉദാഹരണമാണ് ഗുജറാത്തിലെ വർഗ്ഗീയകലാപങ്ങൾ. ജനങ്ങൾ എന്തിലെങ്കിലുമൊന്നിൽ ശരിയായ രീതിയിലുള്ള വിശ്വാസം മുറുകെ പിടിക്കുക മാത്രമാണ് ഇതിനുപ്രതിവിധിയെന്നും ഗുലാംഹസൻ പറയുന്നു.

ഭരിക്കുന്നവരുടെ സ്വാർത്ഥചിന്ത ഡി-ഹ്യൂമനൈസേഷൻ എന്ന പ്രവണതയെ വളർത്തുന്നതായി ആർട്സ് കോളേജിലെ നിഖിത പറയുന്നു. ഗുജറാത്ത് കലാപത്തിന്റെ ഭീകരതയിൽ ഭരണകൂടത്തിന്റെ പങ്ക് വലുതാണ്. "ചിന്തിക്കാതിരിക്കുക, പേടിച്ചുനിൽക്കുക" എന്ന മുദ്രാവാക്യമാണ് ഭരണകൂടം സാധാരണക്കാരനു നൽകുന്നത്. ഇന്ത്യയിലെ ഹിന്ദുത്വവർഗ്ഗീയതയുടെ ഭീകരമായ വളർച്ചയുടെ ബാക്കിപത്രമാണ് ഗുജറാത്ത് കലാപം. തികച്ചും ആസൂ

"ചിന്തിക്കാതിരിക്കുക, പേടിച്ചുനിൽക്കുക" എന്ന ഭീതിതമായ സന്ദേശമാണ് ഭരണകൂടം സാധാരണക്കാരന് നൽകുന്നത്. ഹിന്ദുത്വവർഗ്ഗീയതയുടെ ഭീകരമായ വളർച്ചയുടെ ബാക്കിപത്രമാണ് ഗുജറാത്ത് വംശഹത്യ.

ത്രിതമായി ഒരു വിഭാഗം മറ്റൊരു വിഭാഗത്തെ നിർമ്മാർജ്ജനം ചെയ്യാൻ ശ്രമിക്കുക! ഏകപക്ഷീയമായ ഈ ആക്രമണത്തിൽ അബലരായ സ്ത്രീകളും കുട്ടികളുമാണ് അധികവും ചൂഷണം ചെയ്യപ്പെട്ടതെന്ന് നിഖിത അഭിപ്രായപ്പെട്ടു.

ന്യൂനപക്ഷങ്ങളെ ഉന്മൂലനാശം വരുത്താനുള്ള അജണ്ടയാണ് ഗുജറാത്ത്, ഒറീസ്സ, ബോംബേ, മാറാട് വർഗ്ഗീയ ലഹളകൾ വിളിച്ചറിയിക്കുന്നതെന്ന് ഹോമിയോ കോളേജ് വിദ്യാർത്ഥിയായ നൗഷാദ് അഭിപ്രായപ്പെട്ടു. ഗുജറാത്ത് നരഹത്യ ഇന്ത്യൻ ഫാഷിസത്തിന്റെ പൈശാചികത വിളിച്ചറിയിക്കുമ്പോൾ അതിനു മറയിടാൻ പ്രീണനനയവുമായി ഗവൺമെന്റ് മുന്നിൽവരുന്നത് അപമാനമാണ്.



ഹിന്ദുത്വവർഗ്ഗീയതയുടെ തീഷ്ണമായ മുഖമാണ് ഗുജറാത്തിൽ നടന്നതെന്ന് കണ്ണൂർ പോളി വിദ്യാർത്ഥി അഭിലാഷ് അഭിപ്രായപ്പെട്ടു. മതത്തേയും മതാദർശങ്ങളെയും ബലികഴിച്ച് അവയെ സ്വന്തം താൽപര്യങ്ങൾക്ക് വേണ്ടി വളച്ചൊടിക്കുകയാണ് ചെയ്യുന്നത്. മാനസികമായ നിയന്ത്രണമില്ലാത്ത, വിദ്യാഭ്യാസമില്ലാത്ത ഒരു യുവജനവിഭാഗത്തെ തെറ്റിദ്ധരിപ്പിച്ച്, യാന്ത്രികമായി പ്രവർത്തിപ്പിക്കുകയാണ് ഇവിടെ ചെയ്തത്.

ഗുജറാത്തിൽ മാത്രമല്ല, കണ്ണൂർ തുടങ്ങിയ കലാപങ്ങളിലും ലഹളകളിലുമെല്ലാം മതത്തെ ദുരുപയോഗം ചെയ്യുന്നുവെന്ന് പ്രൊവിഡൻസ് കോളേജിലെ മഷിത അഭിപ്രായപ്പെടുന്നു.

*"ഭരണകൂടം...?"*

ഭരണകൂടം അവമാനവീകരണമെന്ന പ്രവണത വളർത്തുന്നതിനുദാഹരണമായി എല്ലാവരും ചൂണ്ടിക്കാണിച്ചത് ഗുജറാത്ത് കലാപം തന്നെയാണ്. കലാപങ്ങൾക്കു നേരെ മൗനം പാലിക്കുന്ന ഭരണകൂടത്തെമാറ്റണമെന്നാണ് പ്രൊവിഡൻസ് വിമൻസ് കോളേജിലെ മൂന്നാം വർഷ ബികോം വിദ്യാർത്ഥിനിയായ അസ്നയുടെ അഭിപ്രായം.

എല്ലാ പ്രശ്നങ്ങളിലും ഭരണകൂടം അനുകൂലമായി നില്ക്കുന്നു. ഭരണകൂടങ്ങളുടെ അധികാരമോഹം എല്ലാരംഗത്തെയും തങ്ങളുടെ താത്പര്യങ്ങൾക്കനുസരിച്ച് പ്രവർത്തിപ്പി

ക്കാൻ അവരെ പ്രേരിപ്പിക്കുന്നുവെന്ന് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ പ്രീതിരാജ് പറയുന്നു. ഇന്ത്യയിൽ ഭരണകൂടം വർഗ്ഗീയതയെ പ്രോത്സാഹിപ്പിച്ചതിന്റെ ഫലമാണ് ഗുജറാത്ത് സംഭവമെന്ന് സംസ്കൃത കോളേജിലെ വ്യാകരണ വിദ്യാർത്ഥിയായ രതികല പറയുന്നു. ഭരണകൂട ഭീകരതയെ തകർക്കാൻ ഒന്നിച്ചുനില്ക്കേണ്ടത് ആവശ്യമാണ്.

ഗുജറാത്തിൽ പോലീസിന്റെയും ഭരണകൂടത്തിന്റെയും സഹായത്തോടെയാണ് കൂട്ടക്കൊലകൾ നടക്കുന്നത്. നികൃഷ്ടമായ സംഭവങ്ങൾ പെരുകുമ്പോഴും 'സ്വാതന്ത്ര്യസമരത്തിന്റെ നാഴികക്കല്ലെ'ന്നാണ് ഗുജറാത്ത് സംഭവത്തെ മുഖ്യമന്ത്രി വിശേഷിപ്പിച്ചത്. ഗാന്ധിജിയുടെ ദണ്ഡിയാത്രയോടാണ് ഈ ക്രൂരതയെ അദ്ദേഹം ഉപമിച്ചത്. ഗർഭിണിയായ സ്ത്രീയുടെ വയറു കുത്തിക്കീറി ആ ഭ്രൂണത്തെ പുറത്തെടുത്ത് അമ്മയുടെ മുമ്പിൽവച്ചു വെട്ടിനുറുക്കിയതിൽ എവിടെയാണ് സ്വാതന്ത്ര്യബോധമുള്ളത്? ഇത്തരം പൈശാചിക കൃത്യങ്ങളെ എങ്ങനെയാണ് ന്യായീകരിക്കാനാവുക? ഇതിന് നേതൃത്വം നൽകുന്ന ഭരണകൂടത്തിന് നില നില്ക്കാനവകാശമില്ലന്ന് മൊകേരി കോളേജിലെ നിത്യ സമർത്ഥിക്കുന്നു.

യു.പി.യിലും മറ്റും ചരിത്രപാഠ പുസ്തകങ്ങളിൽ ഗവൺമെന്റ് വരുത്തിയ അപലപനീയമായ തിരുത്തുകളും മാറ്റങ്ങളും തെഹൽക വെളിയിൽകൊണ്ടു വന്ന രാജ്യരക്ഷയെപ്പോലും താറുമാറാക്കുന്ന പ്രവൃത്തികളും ഭരണകൂടത്തിന്റെ ഭീകരമുഖത്തെയാണ് കാണിക്കുന്നത്. കേരളത്തിൽത്തന്നെ പരിസ്ഥിതിപ്രശ്നങ്ങളോടും സാധാരണ ജനങ്ങളോടും അവഗണനകാണിക്കുകയാണ് ഭരണകൂടം ചെയ്യുന്നത്. ഇതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് കാസർഗോഡ് ജില്ലയിലെ പദ്രെയിലെ സംഭവങ്ങൾ. ഒരുഗ്രാമം മുഴുവനും മാറാരോഗികളും മന്ദബുദ്ധികളും ബലഹീനരുമായി മാറമ്പോഴും ഭരണകൂടം അതിനുനേരെ കണ്ണടക്കുകയാണ്. ബന്ധുക്കൾ തമ്മിലുള്ള വിവാഹമാണ് ഈ സ്ഥലങ്ങളിലെ രോഗങ്ങൾക്ക് കാരണമെന്ന് വാസ്തവ വിരുദ്ധമായ പ്രചരണം നടത്തുന്ന ഗവൺമെന്റ് മനുഷ്യത്വവിരുദ്ധമായ പ്രവർത്തനമാണ് ചെയ്യുന്നത്. ജനങ്ങളെ സംരക്ഷിക്കേണ്ട ഗവൺമെന്റുതന്നെ ജനങ്ങൾക്കെതിരായി പ്രവർത്തിക്കുന്നത് വിഷമകരം തന്നെയാണ്.

*"ആഗോളം...?"*

മതതീവ്രവാദത്തിനെതിരെ എന്ന ലേബലിൽ അമേരിക്ക നടത്തുന്ന തീവ്രവാദം അവമാനവീകരണത്തിന്റെ ഒരു മുഖമാണ്. ലോകപോലീസിനെ ഒരു ഞെട്ടലോടെനാമനുസരിക്കുന്നത് ഇതിനുദാഹരണമാണെന്ന് ദേവഗിരി കോളേജിലെ ജംഷീർ പറയുന്നു.

അമേരിക്കയാണ് ലോകത്തെനിയന്ത്രിക്കുന്നത്. ആശയപരമായി ഒരു ജനതയും ഒന്നിക്കരുത് എന്നാണ് അമേരിക്കയുടെ സിദ്ധാന്തമെന്ന് വടകരയിലെ ബിരുദ വിദ്യാർത്ഥിയായ സന്ദീപ് പറയുന്നു. എന്നാൽപോലും കുറെകഴിയുമ്പോൾ ലോകസംസ്കാരത്തെ തകർക്കുന്ന ഈ വൻശക്തിക്കെതിരെ ഒരു മുന്നേറ്റമുണ്ടാകുമെന്ന് അദ്ദേഹംപ്രത്യാശിക്കുന്നു.

ലോകത്ത് ഏറ്റവും കൂടുതൽ ഭീകരപ്രവർത്തനം നടത്തുന്ന അമേരിക്ക മറ്റുരാജ്യങ്ങളിലെ പ്രശ്നങ്ങളെ മുതലെടുക്കുകയും ലോകത്തെ സ്വന്തം പ്രഖ്യാപനങ്ങൾക്ക് പിന്നിൽ അണിനിരത്താൻ ശ്രമിക്കുകയുമാണെന്ന് ഫാറൂഖ്കോളേജിലെ വിദ്യാർത്ഥികളായ രജനിയും കൂട്ടുകാരും അഭിപ്രായപ്പെട്ടു. മാനവികതയുടെ പേരുപറഞ്ഞുള്ള അമേരിക്കയുടെ പ്രവൃത്തികളെല്ലാം അവമാനവീ

കരണത്തിന്റെ ദൃഷ്ടാന്തങ്ങളാണെന്ന് ഇവർ പറയുന്നു. ലോകം ഇന്ന് നേരിടുന്ന ഏറ്റവും വലിയഭീഷണി അമേരിക്കൻ ഭീകരതയാണ്. ഈ ഭീകരതക്ക് സ്തുതിപാഠകർ ആകുന്നതിലൂടെ മറ്റു രാഷ്ട്രങ്ങളും ഭീകരത വളർത്തുകയാണ് ചെയ്യുന്നത്. ലോകത്തു നടക്കുന്ന സ്വാതന്ത്ര്യപോരാട്ടങ്ങളെ 'ഭീകരത' എന്ന ലേബലടിച്ച് അമർച്ച ചെയ്യുന്ന പ്രവണതക്കുനേരെ കണ്ണടക്കുന്നവർ ഡി-ഹ്യൂമനൈസേഷന്റെ ആഴം നമുക്ക് കാണിച്ചുതരുന്നുവെന്ന് എറണാംകുളം മഹാരാജാസ് കോളേജിലെ ഒന്നാംവർഷ ഫിലോസഫി വിദ്യാർത്ഥിയായ ഷിബിൻ അഭിപ്രായപ്പെട്ടു.

ആയുധക്കച്ചവടങ്ങൾക്കും സാമ്പത്തിക നേട്ടത്തിനും വേണ്ടി മനുഷ്യത്വവിരുദ്ധമായി പ്രവർത്തിക്കുന്ന അമേരിക്ക ഡി-ഹ്യൂമനൈസേഷന്റെ വക്താക്കളാണെന്ന് പ്രൊവിഡൻസ് കോളേജിലെ ഷാജിന, ലദിഷ, ധന്യശ്രീ എന്നിവർ അഭിപ്രായപ്പെട്ടു. സാമ്പത്തിക നേട്ടത്തിനു വേണ്ടി ആരെയും പീഡിപ്പിക്കാൻ മടിക്കാത്ത അമേരിക്കയാണ് ആഗോള ഭീകരതയുടെ വക്താക്കളെന്ന് സംശയമേതുമില്ലാത്ത കാര്യമാണെന്ന് സെന്റ് തെരേസസ് കോളേജിലെ ജിനിഷ പറയുന്നു. തങ്ങളുൽപാദിപ്പിക്കുന്ന നൂതനായുധങ്ങൾ ചെലവഴിക്കാൻ വേണ്ടി യുദ്ധങ്ങളെ പ്രോത്സാഹിപ്പിക്കുന്ന നയമാണ് അവരുടേത്.

ആഗോളതലത്തിൽ അവമാനവീകരണത്തിന്റെയും ഭീകരതയുടെയും ഉദാഹരണങ്ങളായി എല്ലാവരും ചൂണ്ടിക്കാണിച്ചത് അമേരിക്കയുടെ ചെയ്തികളാണ്. ഈയൊരുതരത്തിൽ അമേരിക്ക എന്നത് ഒരു രാജ്യമായല്ല മറിച്ച് ഭീകരതയെ സാധൂകരിക്കുന്ന ഒരാശയമായി നിലനിൽക്കുന്നു.

### *"വിദ്യാഭ്യാസം...?"*

വിദ്യാഭ്യാസം മുതലാളിത്തത്തിന്റെ കൈകൾക്കുള്ളിൽ ഒതുങ്ങുന്ന ഒരു നിലയാണ് ഇന്നുള്ളതെന്നാണ് ഹോമിയോ കോളേജിലെ സുബോധിന്റേയും കൂട്ടുകാരുടേയും അഭിപ്രായം. തിരുവനന്തപുരം ജില്ലയിലെ ഒരു സ്വകാര്യസ്കൂളിൽ വലിയ തുക സംഭാവന കൊടുത്ത് പ്രവേശനം നേടിയിട്ടും സ്കൂളിന്റെ 'സ്റ്റാൻഡേർഡി'നനുസരിച്ച വസ്ത്രം ധരിച്ചില്ലയെന്ന കാരണത്താൽ പാവപ്പെട്ട ഒരു വിദ്യാർത്ഥിയെ വെയിലത്തു നിർത്തിയത് ഇതിനുദാഹരണമായി അവർ ചൂണ്ടിക്കാട്ടി.

പാവപ്പെട്ടവർക്ക് വിദ്യാഭ്യാസം നിഷേധിക്കുന്ന രീതിയാണ് നിലനില്ക്കുന്നതെന്ന് ദേവഗിരി കോളേജിലെ ജംഷീർ അഭിപ്രായപ്പെട്ടു. സ്വാശ്രയകോളേജുകളും സ്വകാര്യസ്ക്കൂളുകളും വളർന്നുവരുന്നതും പെരുകുന്നതും ഇതിനുദാഹരണമാണ്.

### *"പരസ്യങ്ങൾ...?"*

അവമാനവീകരണത്തിന്റെ ഒരു പ്രധാന മേഖലയായി പരസ്യങ്ങളെ മിക്കവരും ചൂണ്ടിക്കാണിക്കുന്നുണ്ട്. കൂടുതലായും സ്ത്രീശരീരം ചൂഷണം ചെയ്യപ്പെടുന്നുവെന്നതാണ് ഒരു പ്രശ്നം. പക്ഷെ അതിന് സ്ത്രീകൾ തന്നെയാണു കുറ്റക്കാരെന്നാണ് പ്രൊവിഡൻസ് വിമൻസ് കോളേജിലെ ലിറ്ററേച്ചർ സ്റ്റുഡന്റായ ചിന്നുവിന്റെ അഭിപ്രായം. മോഡലിംഗിനും ഫാഷൻഷോകൾക്കും വേണ്ടി കോടികൾ മുടക്കുന്നതിനെ എതിർക്കുന്നുണ്ടെങ്കിലും മോഡലിംഗ് ഒരു പ്രൊഫഷനാക്കുന്നതിൽ തെറ്റൊന്നും അവർ കാണുന്നില്ല.

എന്നാൽ സ്ത്രീകൾ പൊതുവെ ഇത്തരം രംഗങ്ങളിലേക്കിറങ്ങുന്നത് ജീവിക്കാൻ വേണ്ടിയാണെന്നാണ് ഇതേ കോളേജിലെ മൂന്നാം വർഷ വിദ്യാർത്ഥിനിയായ അനറ്റിന്റെ അഭിപ്രായം. പരസ്യങ്ങളിൽ ഒരു വ്യക്തി എന്നതിൽ നിന്നു മാറി വെറുമൊരു ശരീരം മാത്രമായും ഉപഭോഗവസ്തുവായും കാണുന്നുവെന്നതിൽ ആർക്കും എതിരഭിപ്രായമില്ല. പലപരസ്യങ്ങളും കുട്ടികളെപ്പോലും സ്വാധീനിക്കുന്നുവെന്നും ഇത്തരം പരസ്യങ്ങൾക്കെതിരായി നിയമംവരാതെ ഈ അവസ്ഥ മാറില്ലെന്നും ഇവർ അഭിപ്രായപ്പെടുന്നു.

"ഇതൊക്കെ ശരിക്കും ഫാഷനാണോ...?" ഇന്നത്തെ ഫാഷൻ തരംഗത്തെക്കുറിച്ച് ബിനില പ്രതികരിച്ചതിങ്ങനെയാണ്. സ്ത്രീശരീരത്തെ വെറും വില്പനച്ചരക്കാക്കികാണുന്ന അവസ്ഥ ഇന്നത്തെ പൊതുവായ ട്രെന്റ് ആണെന്ന് കമ്പ്യൂട്ടർ സയൻസ് എഞ്ചിനീയറിംഗ് വിദ്യാർത്ഥിനിയായ സേക്രഡ് ഹാർട്ടിലെ സോണിയ അഭിപ്രായപ്പെടുന്നു.

മെസ്സേജസ് കുറവായ വൾഗറായ പരസ്യങ്ങൾ പെരുകുന്നത് ഖേദകരമാണെന്ന് പ്രൊവിഡൻസ് കോളേജിലെ സ്മിത പറയുന്നു. ഷേവിംഗ് ക്രീം, സ്കൂട്ടർ തുടങ്ങി ഹോട്ട് ഡ്രിംഗ്സിന്റെ വരെ പരസ്യത്തിനായി സ്ത്രീശരീരത്തെ പരമാവധി ചൂഷണം ചെയ്യുന്നു. ഇത് സ്ത്രീകൾക്കു മാത്രമല്ല മനുഷ്യനു തന്നെ അപമാനകരമാണ്.

### *"മാധ്യമങ്ങൾ...?"*

ഒരുതരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ മാധ്യമങ്ങളിലും അവമാനവീകരണം കടന്നുവരുന്നു. സാമ്പത്തിക ലാഭത്തിന് വേണ്ടി പത്രധർമ്മം പോലും വിറ്റുകാശാക്കുന്ന കാലമാണിത്. വർഗ്ഗീയ ലഹളകളും കലാപങ്ങളും പോലും മാധ്യമങ്ങൾ അവരുടെ അഭിപ്രായങ്ങൾക്കനുസരിച്ച് വളച്ചൊടിക്കു

കയും വർഗ്ഗീയതയുടെയും ഫാഷിസത്തിന്റെയും സഹയാത്രികരായി മാറുകയും വാർത്തകൾ തമസ്ക്കരിക്കുകയും ചെയ്യുന്നു. പ്രലോഭനങ്ങൾക്കു വിധേയരാവാതെ യാഥാർത്ഥ്യങ്ങളെ സമൂഹവുമായി പങ്കുവെക്കുന്നതിൽ മാധ്യമരംഗം പരാജയപ്പെട്ടിരിക്കുന്നതായി പലരും അഭിപ്രായപ്പെട്ടു.

വ്യക്തിത്വവികസനത്തിനാവശ്യമായ ധൈര്യവും കർമ്മശേഷിയും ഉയർത്തിക്കാണിക്കുന്നതിനു വിപരീതമായി ആഡംബരങ്ങളിൽ ഭ്രമിക്കുകയും കർത്തവ്യബോധമില്ലാതെ ഭീരുവായി സദാകരഞ്ഞുകൊണ്ടിരിക്കയും ചെയ്യുന്ന വ്യക്തികളെയാണ് ദൃശ്യമാധ്യമങ്ങൾ പ്രദർശിപ്പിക്കുന്നത്. കൂടുതലായും സ്ത്രീകളെ ശാരീരികപരമായും മാനസികപരമായും ദുർബലയും അബലയുമായി ചിത്രീകരിക്കുന്നു. ഈ പ്രവണത എതിർക്കപ്പെടാത്തിടത്തോളം മാധ്യമങ്ങളുടെ സമീപനവും മറ്റൊന്നായിരിക്കില്ല.

മാധ്യമപ്രവർത്തകരും കമേഴ്സ്യൽ താത്പര്യങ്ങൾക്കു പിന്നാലെ പായുമ്പോൾ അവർ മാനുഷിക ബാധ്യതകളെ വിസ്മരിക്കുകയാണെന്ന് തിരുവനന്തപുരത്തെ വിമൻസ് കോളേജ് വിദ്യാർത്ഥിനിയായ സന്ധ്യയും കൂട്ടരും ചൂണ്ടിക്കാട്ടി. കുളത്തിൽ മുങ്ങിച്ചാവാൻ പോവുന്നയാൾക്ക് ഒരു കൈസഹായം നൽകാതെ ആ രംഗം ക്യാമറയിൽ പകർത്തിയ ഫോട്ടോഗ്രാഫറുടെ കച്ചവടതാത്പര്യത്തെക്കുറിച്ചെന്ത് പറയാനാണെന്ന് കണ്ണൂർ സർ സയ്യിദ് കോളേജിലെ ഹിസ്റ്ററി വിദ്യാർത്ഥിയായ റഷീദ് വ്യാകുലപ്പെടുന്നു. പാലസ്തീൻ ഇസ്രയേൽ പ്രശ്നവും അഫ്ഘാൻ പ്രശ്നവും പോലും വിവിധ മാധ്യമങ്ങൾ തങ്ങളുടെ താത്പര്യങ്ങൾക്കനുസരിച്ചാണ് ചിത്രീകരിക്കുന്നതെന്ന് മടപ്പള്ളി കോളേജിലെ സാമ്പത്തിക ശാസ്ത്ര വിദ്യാർത്ഥികളായ ലത്തീഫും നൗഷാദും പറയുന്നു.

### *"മതം, രാഷ്ട്രീയം, കല...?"*

സാമ്പത്തികനേട്ടം മാത്രം ലക്ഷ്യമാക്കിക്കൊണ്ടുള്ള സ്പോർട്സ് രംഗവും ഏതു പ്രൊഡക്ടിനും സ്ത്രീശരീരം പരമാവധി ചൂഷണം ചെയ്യുന്ന തരത്തിലുള്ള പരസ്യങ്ങളും ടെററിസവും രാഷ്ട്രീയനേതാക്കൾ തമ്മിലുള്ള അധികാരവടംവലികളും അവമാനവീകരണത്തിന്റെ ഉദാഹരണങ്ങളായി സേക്രെഡ് ഹാർട്ട് കോളേജിലെ ഒന്നാം വർഷ ബി.കോം വിദ്യാർത്ഥിനി ഡിൻസി അഗസ്റ്റിൻ അഭിപ്രായപ്പെട്ടു.

പ്രാദേശികമായ പ്രശ്നങ്ങളെല്ലാം സൃഷ്ടിക്കുന്നത് പൊളിറ്റീഷ്യൻസ് ആണെന്നാണ് ബ്യൂലയുടെ അഭിപ്രായം. കണ്ണൂരിലും മറ്റും രാഷ്ട്രീയ പാർട്ടികളാണ് മനുഷ്യനു വിലയില്ലാതാക്കിക്കൊണ്ടിരിക്കുന്നതെന്നാണ് ജിഷിത പറയുന്നത്. ഈ പ്രശ്നങ്ങൾ ഭരണകൂടമാണ് പരിഹരിക്കേണ്ടത്. സ്പോർട്സ് രംഗത്തെയും നിയന്ത്രിക്കുന്നത് കുത്തകമുതലാളിത്തമാണെന്നും ഇത് അനാവശ്യമായ ചെലവുണ്ടാക്കുന്നുവെന്നും ഫാത്തിമയും ഫസ്നയും അഭിപ്രായപ്പെട്ടു. ഇവിടെ താരങ്ങൾക്ക് പ്രാധാന്യമില്ലെന്നും അവരുടെ കഴിവിനെ പരമാവധി ചൂഷണം ചെയ്യുകയാണെന്നും ഇവർക്കഭിപ്രായമുണ്ട്.

സിനിമയുൾപ്പെടെ കലാ സാഹിത്യങ്ങളെല്ലാം മനുഷ്യനു വഴികാണിക്കുന്നതിനു പകരം പണമുണ്ടാക്കുവാനുള്ള അവസരം മാത്രമായി അധഃപതിച്ചിരിക്കുന്നു. ഇവിടെ ഏറ്റവും കൂടുതൽ ചൂഷണം ചെയ്യപ്പെടുന്ന വിഭാഗം സ്ത്രീസമൂഹമാണ്.

ഇന്ത്യയിലെ എല്ലാ രാഷ്ട്രീയപാർട്ടികളും മതത്തെ തങ്ങളുടെ ആവശ്യാനുസരണം ചിത്രീകരിക്കാൻ ശ്രമിക്കുകയും മതനേതാക്കൻമാരെ പ്രീണിപ്പിക്കുന്ന രീതി പിന്തുടരുകയും ചെയ്യുന്നുവെന്ന് ആർട്സ് കോളേജ് വിദ്യാർത്ഥിനിയായ ഹരിപ്രിയ അഭിപ്രായപ്പെടുന്നു. കേരളത്തിൽ വിവിധ സംഘടനകൾ ഭരണത്തെ സ്വാധീനിക്കുന്നതെങ്ങനെയെന്ന് നമുക്കു കാണാവുന്നതാണ്.

""Politics is a dirty game" എന്നാണ് പ്രൊവിഡൻസ് കോളേജിലെ മൂന്നാംവർഷ ഡിഗ്രി വിദ്യാർത്ഥിനിയായ സ്മിത പറയുന്നത്. അയോധ്യാപ്രശ്നം പോലും കോടതിയെന്ന ഭാവേന മത പാർട്ടികളാണ് കൈകാര്യം ചെയ്യുന്നത്. കാശ്മീരിലും ഗുജറാത്തിലും കണ്ണൂരിലുമൊക്കെ ഇവർതന്നെയാണ് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത്. വർഗ്ഗീയ പാർട്ടികളെ ഒഴിവാക്കുകയാണ് വേണ്ടത്. രാഷ്ട്രീയക്കാർ അവരുടെ വാക്ചാതുരികൊണ്ട് സാധാരണ ജനങ്ങളെ എളുപ്പത്തിൽ തെറ്റിദ്ധരിപ്പിക്കുന്നു.

സിനിമയുൾപ്പെടെ കലാ സാഹിത്യങ്ങളെല്ലാം മനുഷ്യനു വഴികാണിക്കുന്നതിനു പകരം പണമുണ്ടാക്കുവാനുള്ള അവസരം മാത്രമായി അധഃപതിച്ചിരിക്കുന്നു. ഇവിടെ ഏറ്റവും കൂടുതൽ ചൂഷണം ചെയ്യപ്പെടുന്ന വിഭാഗം സ്ത്രീസമൂഹമാണ്. നമ്മുടെയൊക്കെ കാമ്പസുകളിൽ പക്ഷെ യാഥാർത്ഥ്യങ്ങളെക്കുറിച്ചുള്ള ചിന്തകളും ചർച്ചകളും വളരെ പരിമിതമാണ്. ഗുജറാത്തിലും മറ്റും വിദ്യാർത്ഥികൾക്ക് പരീക്ഷയെഴുതാനുള്ള അവകാശംകൂടി നിഷേധിച്ചത് അധികമാരും ശ്രദ്ധിച്ചുകൂടിയില്ല. കലാപങ്ങളിൽ എരിഞ്ഞടങ്ങുമ്പോഴും മനുഷ്യരായി പരിഗണിക്കാതെ ന്യൂനപക്ഷസ്ത്രീയെന്നും വിദ്യാർത്ഥിയെന്നും വേർതിരിച്ചു കാണുന്ന രീതിയാണുള്ളത്. ഈ ന്യൂനപക്ഷ ഭൂരിപക്ഷവിടവ് വ്യാപകമായ പ്രത്യാഘാതങ്ങളിലേക്കാണ് ഇന്ത്യൻ ജനതയെ നയിക്കുന്നത്. ഈ പ്രവണതയാണ് ഭീകരവാദം വളർത്തുന്നത്.

ഒരു ജനതയെ മുഴുവൻ അഭയാർത്ഥികളാക്കിക്കൊണ്ട്

എന്ത് പുരോഗതിയാണ് നമ്മുടെ നാടിനുണ്ടാകുന്നത്?!

ജനങ്ങളെ സംരക്ഷിക്കേണ്ട ഭരണകൂടം തന്നെയാണ്

അവർക്കുള്ള നരകം ഒരുക്കുന്നത്.

വ്യവസായ വിപ്ലവത്തിനുശേഷം ആഗോള മനുഷ്യന്റെ ചിന്താമണ്ഡലങ്ങളിൽ വന്ന ക്രമേണയുള്ള മാറ്റമാണ് ഇത്തരം മത്സരാധിഷ്ഠിത യുഗത്തിലേക്ക് മനുഷ്യനെ എത്തിച്ചതെന്ന് ഹരിപ്രിയ പറയുന്നു. കൂടുതൽ പണത്തിനും പ്രശസ്തിക്കും വേണ്ടി യാന്ത്രികമായി ജീവിക്കുകയാണു മനുഷ്യൻ. സ്വലാഭത്തിനുവേണ്ടി സാഹിത്യമേഖലയെയും മനുഷ്യൻ വക്രീകരണത്തിന്റെ പാതയിലേക്കു നയിച്ചു. ഭരണകൂടം അതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലെ ഹിന്ദുത്വവാദികളായ നേതാക്കന്മാരുടെ കൃതികളുടെ പരിണിത ഫലമാണ് ഗുജറാത്തുപോലും.

പുറംപകിട്ടുകളിലാണ് ഇന്ന് മനുഷ്യൻ ജീവിക്കുന്നതെന്ന് ആർട്സ് കോളേജിലെ മൂന്നാംവർഷ ഡിഗ്രി വിദ്യാർത്ഥിയായ ജയൻ പറയുന്നു.'സ്വയം മാന്യനാവുക എല്ലാറ്റിനേയും തരണം ചെയ്യുക.' അമേരിക്കയൊക്കെ മുഖംമൂടികൾക്കുള്ളിലിരുന്ന് എത്രയോ പൈശാചികകരമായ കൃത്യങ്ങളാണു ചെയ്യുന്നത്.

ഇന്നത്തെ ലോകത്ത് എല്ലാ മേഖലകളിലും മനുഷ്യനെക്കാൾ മനുഷ്യ ഉല്പാദനങ്ങൾക്ക് പ്രാധാന്യംനൽകുന്നുവെന്ന് ഗവ: പോളിടെക്നിക്ക് വിദ്യാർത്ഥിയായ ഫിറോസ് പറയുന്നു. സ്വയം മടിയനാവുകയും ചിന്താശക്തി പണയംവെക്കുകയും ചെയ്ത അവൻ യാന്ത്രികബലത്തിലാണ് കഴിയുന്നത്. സാഹിത്യം, സ്പോർട്സ്, കല തുടങ്ങി എല്ലാ മേഖലകളിലും യാന്ത്രികത മുഴച്ചു നിൽക്കുന്നു. ആത്മാർത്ഥത നഷ്ടപ്പെട്ട അവൻ ഇനിയും യാഥാർത്ഥ്യങ്ങളിലേക്കു തിരിച്ചുവരേണ്ടിയിരിക്കുന്നു. ധാർമ്മികമായ അവബോധത്തിലൂടെ മാത്രമേ അതിനു കഴിയൂ. അതിന് ആത്മീയവും ഭൗതികവുമായ വിദ്യ അവനെ പ്രാപ്തനാക്കേണ്ടിയിരിക്കുന്നു. നീചവും നികൃഷ്ടവുമായ ചെയ്തികൾ ഗുജറാത്തിൽ നടന്നിട്ടും അതിനെതിരെ വേണ്ട രീതിയിൽ പ്രതികരിക്കാൻ നമുക്കായില്ല എന്നത് വളരെ ഖേദകരമാണെന്നും ഫിറോസ് പറഞ്ഞു.

### *"സാംസ്കാരികം...?"*

പെൺഭ്രൂണഹത്യ പെരുകുന്നത് സാംസ്കാരികമായ അവമാനവീകരണത്തിന്റെ ഏറ്റവും വലിയ ഉദാഹരണമായി പ്രൊവിഡൻസ് കോളേജിലെ ബിനല, ലിൻസി എന്നിവർ ചൂണ്ടിക്കാണിക്കുന്നു. ഇത്തരം പ്രശ്നങ്ങൾക്കെതിരെ കഴിയുന്ന വിധത്തിൽ പ്രതികരിക്കണം. കഴിയുമെങ്കിൽ കേസാക്കണം. സ്ത്രീധനവും, ശൈശവവിവാഹവും ഭ്രൂണഹത്യയുമെല്ലാം നിയമപരമായി നിരോധിച്ചിട്ടുണ്ടെങ്കിലും ഇന്നും തുടരുന്നുണ്ട്. വേണ്ടവിധത്തിൽ പ്രതികരിക്കാത്തതിന്റെ അഭാവമാണ് ഇത്തരം പ്രശ്നങ്ങൾ വളരുന്നതിന്റെ പ്രധാന കാരണം. 100 % സാക്ഷരതയുള്ള കേരളത്തിൽ പോലും ഇത്തരം പ്രശ്നങ്ങൾ കൂടുതലാണെന്നത് നമുക്കുതന്നെ അപമാനമാണെന്ന് ഫാറൂഖ് ട്രെയിനിംഗ് കോളേജിലെ വിദ്യാർത്ഥിയായ അഷ്റഫ് പറയുന്നു.

കാസർഗോഡ് ജില്ലയിലെ **എൻഡോസൾഫാൻ** പരിസ്ഥിതി **പ്രശ്നം** കാണിക്കുന്നത് ഗവൺമെന്റിന്റെ ഉത്തരവാദിത്വമില്ലായ്മയാണ്. ഗ്രാമവാസികളുടെ ജീവനും ആരോഗ്യത്തിനും സംരക്ഷണം നൽകേണ്ട ഭരണകൂടം അതിനെതിരായി വ്യാവസായിക വളർച്ചമാത്രം ലക്ഷ്യമാക്കുന്നത് അപമാനം തന്നെയാണ്. ഒരു ഗ്രാമം മുഴുവൻ മാറാരോഗികളായി മനുഷ്യത്വത്തിനു മുന്നിൽ ചോദ്യചിഹ്നങ്ങളായി അവശേഷിക്കെ നമ്മുടെ ഭരണകൂടം ചെയ്യുന്നതെന്താണ്?! നർമ്മദാ ബച്ചാവോ ആന്ദോളൻ തുടങ്ങിയ പ്രശ്നങ്ങൾ പരിസ്ഥിതിയിൽ ഡി-ഹ്യൂമനൈസേഷൻ കടന്നുവന്നതിന്റെ അടയാളങ്ങളാണ്. ഒരു ജനതയെ മുഴുവൻ അഭയാർത്ഥികളാക്കിക്കൊണ്ട് എന്ത് പുരോഗതിയാണ് നമ്മുടെ നാടിനുണ്ടാകുന്നത്?! ജനങ്ങളെ സംരക്ഷിക്കേണ്ട ഭരണകൂടം തന്നെയാണ് ഇവിടെ അവർക്കെതിരെ പ്രവർത്തിക്കുന്നത്. പരമോന്നതനീതിപീഠം പോലും പാവപ്പെട്ടവന് നീതിനിഷേധിക്കുമ്പോൾ സാധാരണ ജനങ്ങൾക്ക് കോടതിയിലുള്ള വിശ്വാസം പോലും നഷ്ടമാകുന്നു. രക്ഷിക്കേണ്ടവൻ തന്നെ ശിക്ഷിക്കുന്നവനാകുമ്പോൾ സാധാരണ ജനങ്ങളുടെ അവസ്ഥയെന്താണ്?! നൂറുശതമാനം സാക്ഷരതയുള്ള നമ്മുടെ നാട്ടിൽ കൊലപാതകങ്ങളും ബലാൽസംഗങ്ങളും ഭ്രൂണഹത്യകളും വർഗീയലഹളകളും പെരുകിവരുന്നു. കണ്ണൂർ, മാറാട് കലാപങ്ങളും കല്ലുവാതുക്കൽ വിഷമദ്യദുരന്തവും, സൂര്യനെല്ലി, കൃഷ്ണപ്രിയ ദാരുണ സംഭവങ്ങളും മനുഷ്യത്വത്തിനുനേരെയുള്ള കടന്നാക്രമണങ്ങളാണ്. മാനുഷികവികാരങ്ങൾ അൽപമെങ്കിലും ഉള്ളിലുള്ളവരെ മുഴുവനും ഞെട്ടിച്ച സംഭവമാണ് ഈയിടെ കോഴിക്കോട് മെഡിക്കൽ കോളേജിൽ പോള്ളലേറ്റ യുവതിക്കുണ്ടായ പീഡനാനുഭവം. അതിക്രൂരമായ ഈ സംഭവമറിഞ്ഞിട്ടും അത് പൂഴ്ത്തിവെ

പരിഹാരം നിർദ്ദേശിക്കേണ്ടവർ മുഖം താഴ്ത്തി
മാളത്തിലൊളിക്കുമ്പോൾ നമ്മുടെ ക്രൂരമായ മൗനം
ജീർണതയുടെ ഒരു പുതിയ ലോകമായിരിക്കും
സൃഷ്ടിക്കുക.

---

ക്കാനാണ് അധികൃതർ ശ്രമിച്ചത്. ഇതെല്ലാം മാനവീകരണത്തിന്റെ അധ:പതനത്തിന്റെ അങ്ങേയറ്റമാണ്. വിദ്യാസമ്പന്നരായ നമുക്കിടയിലും എന്തുകൊണ്ടിങ്ങനെ സംഭവിക്കുന്നു?!

യഥാർത്ഥത്തിൽ നമ്മളാരും ഇതേക്കുറിച്ചു ബോധവാന്മാരല്ല. സ്വന്തം തോടിനുള്ളിലേക്കൊതുങ്ങാനാണ് എല്ലാവരും ശ്രമിക്കുന്നത്. സ്വാർത്ഥത കൈവെടിയാൻ പുതിയ തലമുറയെങ്കിലും ശ്രമിക്കേണ്ടിയിരിക്കുന്നു. അതിന് അവരെ സ്വയം ബോധവാന്മാരാക്കുന്ന വിദ്യാഭ്യാസത്തിനേ കഴിയൂ. മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ അഭാവമാണിതിനു കാരണമെന്ന് മനസ്സിലാക്കാൻ നമുക്കുകഴിയണം. ഇന്നത്തെ രീതിയിലുള്ള വിദ്യാഭ്യാസത്തിൽ ആവശ്യമായ സ്വഭാവരൂപീകരണം നടക്കുന്നില്ല.

പ്രശ്നങ്ങളെക്കുറിച്ചു ചിന്തിക്കുന്നവർ പോലും പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിൽ നിസ്സഹായരായിതീരുന്നു. പ്രതികരിക്കണമെന്നു ആഗ്രഹിക്കുന്ന ഒരുപാടുപേരുണ്ട്. എന്നാൽ പ്രതികരിച്ചിട്ടും കാര്യമില്ല എന്ന തിരിച്ചറിവും നിരാശാബോധവുമാണ് പലർക്കും. തങ്ങളെക്കൊണ്ടാവുംവിധം പ്രതികരിക്കാൻ താത്പര്യമുണ്ടെങ്കിലും മുന്നിട്ടിറങ്ങാൻ കഴിയുന്നില്ല. മാത്രമല്ല ഇന്നത്തെ ജീവിതത്തിൽ ഒറ്റക്കെട്ടായി നില്ക്കുന്നരീതി നമുക്കില്ലെന്ന് എല്ലാവരും അംഗീകരിക്കുന്നു. എങ്കിലും അപമാനവീകരണത്തിന്റെ അംശങ്ങൾ സമൂഹത്തിലെ എല്ലാ മേഖലകളിലുമുണ്ടെന്ന് ഇവർ സമ്മതിക്കുന്നു. മനുഷ്യവത്ക്കരണത്തിന്റെ ലോകത്തിലേക്കു കണ്ണുതുറക്കാൻ ആഗ്രഹിക്കുന്നവരാണെങ്കിൽകൂടി പ്രബുദ്ധരാവേണ്ടതിനു പകരം പ്രതികരണശേഷി നഷ്ടപ്പെട്ടപാവകളായിപ്പോകുന്നു പലപ്പോഴും ഇന്നത്തെ തലമുറ. എന്തായാലും ഒന്നു തീർച്ചയാണ്, വേണ്ടരീതിയിൽ പ്രതികരിച്ചില്ലെങ്കിൽ എല്ലാവിധ മാനുഷികമൂല്യങ്ങളെയും പിഴുതെറിയുന്ന, സ്നേഹത്തിനും മനുഷ്യബന്ധങ്ങൾക്കും വിലയില്ലാത്ത ജീർണത ബാധിച്ച ഒരു ലോകത്തിന്റെ യാന്ത്രികതയുടെ, സ്നേഹരാഹിത്യത്തിന്റെ ഭീകരതയുടെ ഭ്രാന്തഹസ്തങ്ങളുടെ കരാളനിഴൽ 'ഡെമോക്ലസിന്റെ വാൾ' പോലെ ഭീതിയും പരിഭ്രാന്തിയും പരത്തിക്കൊണ്ട് നമ്മെ മുഴുവൻ ചൂഴ്ന്നുനില്ക്കുന്നുണ്ട്.

നവാബ്ജാൻ. കെ
മൂന്നാം വർഷ ബി.ബി.എസ്.

# ഒരു പുഴ പറയുന്നത്...

വണ്ട് പണ്ട്, ഓന്തുകൾക്കും മുമ്പ്, ദിനോസറുകൾക്കും മുമ്പ് ഒരു സായാഹ്നത്തിൽ രണ്ട് ജീവ ബിന്ദുക്കൾ നടക്കാനിറങ്ങി. അസ്തമയത്തിലാറാടി നിന്ന ഒരു താഴ്വരയിലെത്തി.

ഇതിന്റെ അപ്പുറം കാണേണ്ടേ. ചെറിയ ബിന്ദു വലിയതിനേട് ചോദിച്ചു.

പച്ചപിടിച്ച താഴ്വര, ഏട്ടത്തി പറഞ്ഞു ഞാനിവിടെതന്നെ നിൽക്കട്ടെ.

എനിക്കു പോവണം അനുജത്തി പറഞ്ഞു.

അവളുടെ മുമ്പിൽ നീണ്ടു കിടന്ന അനന്തപഥങ്ങളിലേക്ക് അനുജത്തി നോക്കി.

നീ ചേച്ചിയെ മറക്കുമോ?

ഏട്ടത്തി ചോദിച്ചു.

മറക്കില്ല. അനുജത്തി പറഞ്ഞു.

മറക്കും ഏട്ടത്തി പറഞ്ഞു. ഇത് കർമ്മ പരമ്പരയുടെ സ്നേഹരഹിതമായ കഥയാണ്. ഇതിൽ അകൽച്ചയും ദു:ഖവും മാത്രമേയുള്ളൂ. (ഖസാഖിന്റെ ഇതിഹാസം).

**********

ഒരു പുഴയുടെ നഷ്ടത്തിൽ നിന്നാണ് എന്റെ ഓർമ്മകൾ തുടങ്ങുന്നത്.

അനന്യമായ പ്രവാഹത്തിന്റെ സ്വഛന്ദതയിൽ നിന്നും ഞാനെന്റെ ഗൃഹാതുരത്വത്തിന്റെ ജനിതകം കുറിക്കുന്നു........................

കാലത്തിന്റെ കൺവെട്ടങ്ങളിൽ,
ഭൂഖണ്ഡത്തിന്റെ വേർതിരിവുകളിൽ
മനുഷ്യനാഗരികതയുടെ താരാട്ടുപാടി,
ഒരു പുഴ എന്നും ഓർമ്മയിൽ നിറയുന്നു.
അത്കൊണ്ട് പുഴ എനിക്ക് കാലത്തിന്റെ രൂപകമാണ്.
കാല നിഷേധത്തിന്റെ രൂപകമാണ്.
അനശ്വരതയിൽ നിന്നും ,
നിമിഷത്തിന്റെ പ്രഗാഢതയിൽ

പുഴ വർത്തമാനത്തിലേക്ക് സാന്ദ്രീക
രിക്കപ്പെടുമ്പോൾ,
കൺവെട്ടങ്ങളിൽ തീരം തഴുകുന്ന
ഓളത്തിന്റെ നനവ് അറിയുന്നു.

ഓർമ്മകളിൽ ഒരു ടൈഗ്രീസ്
ഒരു യൂഫ്രട്ടീസ്, ഒരു സിന്ധു, ഒരു
ഗംഗ..........................
അതി ജീവനത്തിന്റെ എടുപ്പുകളും
സംസ്കാരത്തിന്റെ നിർണ്ണിതമായ
സങ്കേതങ്ങളും കാലാന്തരങ്ങളിലേക്ക്
അവശേഷിപ്പിച്ച്
മനുഷ്യ നാഗരികതയുടെ ശേഷിപ്പുക
ളുമായി
പുഴയുടെ ആത്മാവ് നാം അറിയുന്നു.


**********

ഭൂതത്തിൽ നിന്ന് വർത്തമാനത്തിലേ
ക്കെന്നോണവും,
കാലത്തിൽ നിന്ന് കാല നിഷേധത്തി
ലേക്കും..........................
"ഒരു പുഴയിൽ നിങ്ങൾ രണ്ട് തവണ
കാൽ വെക്കുന്നില്ല"
(ഹെറോഡോറ്റസ്)
കാലം ഒരു പുഴ.
വീണ്ടെടുപ്പില്ലാത്ത നഷ്ടങ്ങളി
ലേക്കുള്ള,
പ്രവാഹമാകുന്നു പുഴ.

പരിമിതമായ സ്ഥലത്തിലും കാല
ത്തിലും ജീവിക്കുന്ന മനുഷ്യൻ ജീവി
തത്തെയും മരണത്തെയും പിന്നെ
ഒരു പുഴയുടെ സ്വച്ഛന്ദതയേയും കുറി
ച്ചല്ലാതെ മറ്റെന്ത് പറയാൻ.......

ജനിമൃതികളുടെ
കണക്കു പുസ്തകങ്ങളിൽ
ഒരു പുഴയുടെ നൈർമല്യം
കൂടി ചേർക്കപ്പെടുന്നു.
ഏകാന്തതയുടെ പര്യായമാണെനിക്ക്
പുഴ.
ജന്മത്തിന്റെയും, മരണത്തിന്റെയും
ഒറ്റപ്പെടലുകളിൽ
പുഴ മനസ്സ് നിറയുന്ന അനുഭവമാകു
ന്നത്,
പ്രലോഭനങ്ങളില്ലാത്ത,
പൊയ്മുഖങ്ങളില്ലാത്ത,
നൈസർഗികതയുടെ അനുഭവ വിശേ
ഷമാവുന്നത് കൊണ്ടാണ്.

ഒരു പുഴയുടെ സാമീപ്യത്തിൽ
ഒറ്റപ്പെടുക,
സ്ഥലകാലങ്ങളുടെ ധ്യാനത്തിലേക്ക്
കാത് തുറക്കുക _
ജീവന്റെ ഊർവ്വരായ ഗന്ധം തേടി
നാം അധികം അലയേണ്ടതില്ല.
ബ്രഹത്തായ ഒരു ആവാസ വ്യവസ്ഥ
യുടെ,




ഗർഭഗൃഹത്തിൽ,
ജീവന്റെ ആദ്യ ബിന്ദു പിറവിയെടു
ത്തു.
സൃഷ്ടിയുടെ രാശിചങ്ങലയിൽ
എവിടെയാണ് നമുക്ക് സ്ഥാനം?

**********

ജന്മം തന്ന കൈകൾ കൊണ്ട് തന്നെ
പാപത്തിന്റെ കറ അകറ്റാനും
കഴുകി കളയാനും
ഒരു പുഴക്ക് സന്ദേഹമേതുമില്ല.

ഗംഗയുടെ തീരത്തൊരു വരാ
ണസീ.........................
മുക്തിയുടെ നിറവിൽ മനസ്സ്
സ്വസ്ഥമാവുന്നു,
ജനിമൃതികളുടെ വിഴുപ്പ് അലക്കി
ഗംഗ ഇന്ന് അശുദ്ധമാണ്, എങ്കിലും
മനസ്സിനകത്തൊരു ഗംഗയുണ്ട്.
എക്കാലത്തെയും അഭയമാവുന്ന,



ഒരു പുഴപോലെ..........................
കാലത്തിന്റെ കീർത്തനങ്ങൾ അലി
ഞ്ഞുചേർന്ന
വരാണാസിയുടെ തെരുവിൽ നമുക്ക്
ഒരു 'ബിസ്മില്ലയെ' കാണാം.
ഗംഗയുടെ ഒസ്യത്തിൽ
ഈ വൃദ്ധനുമുണ്ട് ഒരു ഓഹരി
ഷഹനായ് മംഗളവാദ്യമാണ്.
ഏഴ് സുഷിരങ്ങളുടെ പരിമിതിയിൽ
നിന്ന് കാലാന്തരത്തിലേക്ക്
ഷഹനായ് വായിക്കുമ്പോൾ
ഇയാളും ഒരു പുഴപോലെ........

**********

ജന്മം തന്നെ പുഴയിൽ നിന്നോണം
ഭൗതികതയുടെ എടുപ്പുകളും
ആ പുഴക്ക് ചുറ്റും തന്നെ.
പേർഷ്യൻ സംസ്കാരം.
ഈജിപ്ത്യൻ..........
സിന്ധുനദീതട സംസ്കാരം...........

നദിയുടെ കാഴ്ചവട്ടങ്ങളിൽ ജീവിച്ച
വർക്ക്
നദി വിധിയുടെ മൂർത്തരൂപമാണ്.
പിന്നീട് എന്നാണ് നാം
അണകെട്ടി ഒരു നദിയെ
നിഷ്ഠൂരമായി കൊല്ലാൻ പഠിച്ചത്?
ഭരണപന്മാർക്ക്
വലിയ ഡാമുകൾ പുരോഗതിയുടെ
ക്ഷേത്രങ്ങളാണ്.........
ക്രയ വിക്രിയങ്ങളുടെ പരിമിതിയിൽ
പുഴ നമുക്കൊരു സ്വത്താണ്.
നദീജല തർക്കത്തിന്റെ ന്യായവാദങ്ങ
ളിൽ നമുക്ക്,
കാവേരിയുടെ മനസ്സറിയില്ല.

ഇന്നിന്റെ വ്യവഹാര മണ്ഡലങ്ങളിൽ
ഓരോ പുഴയും
കച്ചവടം ചെയ്യപ്പെടുകയാണ്.
ഒരു നദിയെ നമുക്ക്കൊല്ലാനറിയാം.
മേധാപട്ക്കർ
നമുക്ക് അന്യയാണ്
അതുപോലെ എത്ര അറിയപ്പെ
ടാത്ത.........

കബനി ചുവന്നതും
നിള സംസ്കൃതിയുടെ ജീവനാഡിയാ
യതും.

പെരിയാർ പ്രേമത്തിന്റെ താളമായതും,
എന്റെ ഹൃദയ തുടിപ്പുകളിൽ
ചില്ലിട്ട് വെച്ചിട്ടുണ്ട്.
ജീവിതത്തിന്റെ മരുപ്പച്ചയിൽ
പൂമരങ്ങൾ നട്ടുപിടിപ്പിച്ച,
കാലത്തിന്റെ ഊർവ്വരമായ ഗന്ധം
ഞാൻ ഒരു പുഴയുടെ ഓർമ്മകളിൽ
നിന്നും പിടിച്ചെടുക്കുന്നു..........

**********

പുഴ അമ്മയാണ്.
മാതൃത്വത്തിന്റെ മടിത്തട്ടിൽ നാം,
പുഴയുമായി വൈകാരികമായ ഒരു
ബന്ധം സ്ഥാപിക്കുന്നു.
നിഗൂഢതകളുടെ കഥകളും
വേട്ടയാടുന്ന സൗന്ദര്യവും ഇടകലർന്ന
വേർപാടിന്റെ മൊഴികളുമാണീ ബന്ധം.

പത്തൊമ്പതാം ശതകത്തിന്റെ തുടക്ക
ത്തിൽ
'വേഡ്സവർത്ത് തെംസ് നദിയിൽ
കണ്ടത്
പ്രഭാതത്തിന്റെ സരളതയാണെങ്കിൽ
ഇരുപതാം നൂറ്റാണ്ടിൽ 'എലിയറ്റ്'
തെംസിൽ കണ്ടത്,
മനുഷ്യ ദുരന്തത്തിന്റെ തേങ്ങലുകളാ
ണ്.

**********

ഒരു യോഗിയുടെ നിയോഗത്തിൽ
നിന്നാണ് ഫാറൂഖിന്റെ വിത്ത്
ചാലിയാറിന്റെ തീരത്ത് മുളപൊട്ടി
യത്.

ഇന്നും ഈ കലാലയത്തിന്റെ
പ്രലോഭനങ്ങളിൽ മനസ്സ് പങ്കുവെക്കപ്പെടുമ്പോൾ
നാം പിടിച്ചെടുക്കാൻ ശ്രമിക്കുന്നത്
നമ്മെ സ്പർശിച്ചൊഴുക്കുന്ന
ആ പുഴയുടെ ഓർമ്മയാണ്.
ചാലിയാർ നമുക്കൊപ്പം ഉണ്ട്
ആ നൈർമല്യത്തിന്റെ ഉൺമയിൽ നിന്നാണ്
നാം ഇങ്ങനെയൊക്കെയാവുന്നത്.


**********

ഒഴുക്കിൽ എവിടെയോ നഷ്ടപ്പെട്ട
ഒരു പുഴയുടെ പേര് വെച്ച്
ഒരു ജനത ഇന്നും
വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിൽ
എവിടെയോ കുടിയിരിപ്പുണ്ട്.

അത് അങ്ങിനെയാണ്..........
ജീവിതത്തിന്റെ ശേഷിപ്പിൽ
പുഴ കണക്ക് പറഞ്ഞില്ലെങ്കിലല്ലേ
അത്ഭുതമുള്ളൂ?
പുഴ നമ്മോട് പറയുന്നതും
ഈ കഥകൾ ഒക്കെ തന്നെയല്ലേ?..........

**********

muhammed. s.
second m.sc. physics



# the echo

Man has been said to "Stand between the atom and the stars", and between molecules and men are to be found many fascinating application of physics of partiucular interest to the interplay between round waves and the animals and men who use them.

You know what is sound wave ? Sound waves can tell us a great deal about the world around us. Sound exhibit all properties of wave motion, and these properties can be observed whenever sound travels back and forth from place to place carrying information about the things it touches. Sound waves are very useful as messengers when one person or animal is present to broadcast them and liten for their echoes.


When sound wave is travelling through a medium such as air, the pressure of the medium is changing, rhythmically increasing and decreasing at any particular point. Sound waves travel in liquids and solids as well as in gases such as air and these should have a medium they are barred from empty space or vaccum. The sound waves become weaker and weaker as they progress, and eventually die out. But as loud as they are detectable, their velocity remains the same. The speed depends primarily upon the medium where the sound waves travel; but temperature and the other factors affect it slightly.

The reflected sound waves are called the echoes or reverberations and they have an important effect on whatever is heard.

On demonstrating the important effect of echoes in a room. If a high frequency sound is maintained at a constant level in an ordinary room and if one listens to it carefully while moving slowly across the room, its loudness will rise and fall at regular intervals of distance. It is of particular interest to observe this effect while moving slowly near the middle of a room with

# The The echo

t h e e c h o



the tape recorder at one and of the room playing. You know, there is a whole science of architectural accoustics devoted to minise "dead spot" and to controlling the echoes from the walls of auditoria. So that speech and music are carried as faithfully as for all parts of the hall.

If you go with echoes; we see that it is desirable to get daily bread and butter for bats and whale. If their system should fail, they would strave to death. They use sounds and modify them for particular problem of echolocation. Also it is a task to build machines to trace the movements for distant objects, which we cannot see flying above the clouds or submarines hundreds of feet below the surface of the ocean. These solutions are based on sending out of some form of energy and sensing of a part of this energy as it echoes back from the object at a distance. These are done by operating radar and sonar systems which sends out radio waves or sound waves to locate objects that return echoes of these probing signals.


The experts of echolocation are animals which live where sound replaces light as the best means of finding their way-cover where bats fly by thousands, or dark waters where light is nearly non-existent or is so diffused that clear images over any distance are impossible. The best known of these animals experts are the whales and prpoises, which often swim in dark turbid waters, catching fishes they cannot sea and he bats which fly in near or total darkness, getting all their food by aerial interpertation of invisible flying insects. To have survived at all required of these animals and their ancestors enormous skill at echolocation. The location of objects by their echoes. By studying the sound they used and how they modify them for a partiucular problem of echolocation, we may learn much that can help blind people. Even aside from this reason, we will find these animals use of echoes to be a fascinating subject in its own right.

# യുദ്ധം മാനവികതയുടെ ഭവിഷ്യത്ത്

അഹമ്മദുൽ കബീർ. എ.പി
ഒന്നാം വർഷ ബി.എ സോഷ്യോളജി

ഇന്നും തേങ്ങുന്ന ഹിരോഷിമ......

"ഒരു മിന്നൽ പിണർ ......... പ്രകാശ ധോരണിയിൽ കാഴ്ച നഷ്ടപ്പെട്ടതു പോലെ .... ആകാശത്തെ പിളർന്ന് കൊണ്ട് ഭീകരമായ ഒരായുധം താഴേക്കു വരുന്നു... എന്തോ പ്രേരണയ്ക്ക് വിധേയമായെന്നതു പോലെ ഞാൻ ഭൂമിയിലേക്ക് വീണു. നിലം തൊട്ട് കിടന്നു. എന്റെ ശരീരമാകെ ഒരു നീറ്റൽ.. കത്തിപ്പടരുന്നതുപോലെ തോന്നി.... ബോധം നിലച്ചതു പോലെ പരിപൂർണ നിശബ്ദത... ക്രമേണ... അകലെയെവിടെയോ ഇടിമുഴക്കത്തിന്റെ ശബ്ദം.. പിന്നെ, അതിശക്തമായ പൊട്ടിത്തെറി ... എന്തൊക്കെയോ പൊട്ടിത്തകരുന്നു.... അമ്പരപ്പോടെ തലയുയർത്തി നോക്കിയ എനിക്ക് കാണുവാൻ കഴിഞ്ഞത് കറുത്തിരുണ്ട ഒരു മേഘപടലം ആകാശത്തെ മൂടിയിരിക്കുന്നതാണ്. അത് ക്രമേണ വളർന്ന് ഒരു കൂണിന്റെ രൂപം കൈക്കൊള്ളുന്നതുപോലെ തോന്നി.... ആകൃതിയും നിറവും പ്രകാശവും മാറിമാറിവരുന്ന ഭീമാകാരമായ ഒരു കൂൺ."



ഒരു നഗരത്തെ മുഴുവൻ വിഴുങ്ങുവാൻ പോന്ന കരുത്തോടെ പൊട്ടിത്തെറിച്ച ആദ്യത്തെ അണുബോംബിന്റെ ആഘാതം നേരിൽ കണ്ട ഒരാൾ വിവരിക്കുകയാണ്. ഇതേ പോലെ എത്ര എത്ര അനുഭവങ്ങൾ!!

എഴുതപ്പെട്ട മാനവചരിത്രത്തിൽ ഇന്നോളം പതിനയ്യായിരത്തോളം വലിയ യുദ്ധങ്ങളും സംഘട്ടനങ്ങളും നടന്നിട്ടുണ്ട്. കൊറിയ, ഇന്തോനേഷ്യ, വിയറ്റ്നാം, ആഫ്രിക്കൻ രാജ്യങ്ങൾ, ലാറ്റിനമേരിക്ക, ഇന്ത്യ, പാകിസ്ഥാൻ എന്നുവേണ്ട ഭൂപടത്തിന്റെ വിവിധ ഭാഗങ്ങളിലായി അനേകലക്ഷങ്ങൾ ഈ യുദ്ധത്തിൽ മരിച്ചു വീണു. രണ്ടാം ലോക മഹായുദ്ധത്തിൽ പോളണ്ടിൽ ഓരോ ആയിരം പേരിലും ഇരുനൂറ്റി ഇരുപത് പേർ മരണമടഞ്ഞു.

ഹിരോഷിമയിൽ ബോംബ് വീണിട്ട് ദശകങ്ങൾ പിന്നിട്ടിരിക്കുന്നു. എന്നാലിന്നും ആ ഭീകരനിമിഷത്തിന്റെ വേദനയും ഭീതിയും വെറുപ്പും നിലനിൽക്കുന്നു. പക്ഷെ, ലോകത്തിലാകമാനം മറ്റൊരു വൻയുദ്ധത്തിന്റെ തയ്യാറെടുപ്പ് നടത്തുകയാണ്. ലോകമാകെ അത്യാധുനിക ആയുധ കൂമ്പാരങ്ങൾ കൊണ്ട് നിറഞ്ഞിരിക്കുകയാണ്.

എന്നാൽ ഇനിയൊരു യുദ്ധമുണ്ടായാൽ ലാഭ ചേതങ്ങൾ കണക്കാക്കാൻ ആരും തന്നെ ബാക്കിയുണ്ടാവി

ല്ല. കാരണം മാനവരാശിയെ മൊത്തം തുടച്ചു നീക്കാൻ പര്യാപ്തമായത്ര ശക്തിയുള്ള ആയുധങ്ങൾ ഇന്ന് ലോകത്തുണ്ട്.

യുദ്ധം ചെയ്യുന്നതും രാജ്യംവെട്ടിപ്പിടിക്കുന്നതും കുലധർമ്മമായിട്ടാണ് ആദ്യകാലത്ത് കരുതിയിരുന്നത്. യോദ്ധാക്കൾ വീരപുരുഷൻമാരായി ആദരിക്കപ്പെട്ടു. മതഗ്രന്ഥങ്ങൾ പോലും ഇവർക്ക് മാന്യമായ സ്ഥാനം നൽകി. കുഞ്ചൻ നമ്പ്യാർ പാടിയപോലെ ഇവയിൽ പലതും 'കനക'ത്തിനും 'കാമിനി'ക്കും വേണ്ടിയായിരുന്നു.

മനുഷ്യൻ എന്നും ഇത്തരം വെട്ടിപ്പിടുത്തക്കാരായിരുന്നില്ലെന്നാണ് ചരിത്രം തെളിയിക്കുന്നത്. ആദിമനുഷ്യൻ പ്രകൃതിയിൽ നിന്ന് കിട്ടിയ വസ്തുക്കൾ സംഭരിച്ച് ഭക്ഷിച്ചു; കാട്ടുചോലകളിലെ വെള്ളം കുടിച്ച് ജീവിച്ചു. ജീവിക്കാനായി എല്ലാവരും അധ്വാനിച്ചു. അവർക്കിടയിൽ ഉച്ചനീചത്വങ്ങളോ മർദ്ദനമുറകളോ ഉണ്ടായിരുന്നില്ല. എന്നാൽ ഈ നില അധിക കാലം നീണ്ടുപോയില്ല. സാമൂഹ്യ വളർച്ച ഈ നിയമത്തിൽ മാറ്റം വരുത്തി. അവരിൽ ഗോത്രങ്ങളും കുലങ്ങളുമുണ്ടായി. പരസ്പരം ചേരിതിരിഞ്ഞ് ഗോത്ര സംഘട്ടനങ്ങൾ നടന്നു. ശത്രുക്കളെ കൊല്ലുകയും ചിലരെ തിന്നുകയും ചെയ്തു. ശേഷിച്ചവരെ കൊണ്ട് ജോലി ചെയ്യിച്ചു. വിതക്കുന്നതിനേക്കാൾ കൊയ്യാമെന്ന് അവർ പഠിച്ചു. അധ്വാനത്തിലൂടെ മണ്ണിനെ പൊന്നാക്കാമെന്ന് മനസ്സിലാക്കി. അധ്വാനശക്തി സംഭരിക്കാൻ തന്നെക്കാൾ ശക്തികുറഞ്ഞവരെ മനുഷ്യൻ കീഴടക്കി; അവരുടെ ഉടമയായി; കീഴടക്കപ്പെട്ടവർ അടിമകളും. അടിമ ഉടമക്ക് വേണ്ടി പണിയെടുത്തു; ഒപ്പം അടിമകളുടെ ഉയർച്ചക്കായി പൊരുതുകയും ചെയ്തു. ഉടമ അവന്റെ തന്ത്രത്തിൽ മാറ്റം വരുത്തികൊണ്ട് അടിമകളുടെ കലാപത്തെ മയപ്പെടുത്താൻ ശ്രമിച്ചു. അടിമകൾ കുടിയാൻമാരും ഉടമകൾ ജന്മികളുമായി. അവരിലൂടെ പ്രഭുക്കളും, നാട്ടുരാജാക്കൻമാരും ചക്രവർത്തികളുമുണ്ടായി. ഫ്യൂഡലിസം എന്ന പുതിയൊരു സാമൂഹ്യവ്യവസ്ഥ ജന്മമെടുത്തു. രാജ്യാതിർത്തി വർധിപ്പിക്കാനും അന്യന്റെ മുതൽ കവർന്നെടുക്കാനും അവർ പരസ്പരം യുദ്ധം ചെയ്തു. നിരപരാധികളായ പട്ടാളക്കാരും ജനങ്ങളും അന്നും ഇന്നത്തേതുപോലെ മരിച്ചു വീണു. ജനകീയ പ്രക്ഷോഭങ്ങളും ആഭ്യന്തര കലഹങ്ങളും വിപ്ലവങ്ങളുമുണ്ടായി. പുത്തൻ ആശയങ്ങളും സംസ്ക്കാരങ്ങളും ആവിർഭവിച്ചു. പലതും അടിച്ചമർത്തപ്പെട്ടു, ചിലത് അതിജീവിച്ചു. പുതിയ മുതലാളിമാരുണ്ടായി, ചൂഷണം തുടർന്നു. ഉള്ളവൻ കൂടുതൽ ഉള്ളവനാവുകയും പുതിയ മേച്ചിൽ സ്ഥലങ്ങൾ കണ്ടെത്തുകയും ചെയ്തു. ശാസ്ത്രനേട്ടങ്ങളെ ഉപയോഗപ്പെടുത്തി വ്യവസായങ്ങളും ഫാക്ടറികളും ആരംഭിച്ചു.


ഉൽപാദനം വർധിച്ചെങ്കിലും ദരിദ്രരായ സാധാരണ ജനങ്ങൾക്ക് അത്യാവശ്യവസ്തുക്കൾ പോലും വാങ്ങാൻ പണമുണ്ടായിരുന്നില്ല. ഉൽപന്നങ്ങൾകെട്ടിക്കിടന്നതോടെ അവ വിറ്റഴിക്കാനുള്ള വിപണികൾക്കായി തിരച്ചിൽ തുടങ്ങി. ഞാനാദ്യം ഞാനാദ്യം എന്ന വാശിയിൽ മുതലാളിമാർ മത്സരിച്ചു. രാജ്യാതിർത്തി വിട്ടുള്ള വിപണി മത്സരങ്ങളുണ്ടായി. ഇതേ തുടർന്നുള്ള സാഹചര്യങ്ങൾ ലോകയുദ്ധങ്ങളുണ്ടാക്കി – ഒന്നല്ല, രണ്ടു തവണ.

ലക്ഷക്കണക്കിന് നിരപരാധികൾ മരിക്കുകയും കോടിക്കണക്കിന് രൂപയുടെ സമ്പത്ത് നശിപ്പിക്കപ്പെടുകയും ചെയ്തു. പക്ഷെ, യുദ്ധക്കൊതിയും മത്സരവും അവസാനിച്ചില്ല. ലാഭം വർധിപ്പിക്കാനും, ആധിപത്യം സ്ഥാപിക്കാനും, കമ്പോളങ്ങൾ വെട്ടിപ്പിടിക്കാനും പുതിയ തന്ത്രങ്ങൾ ആവിഷ്ക്കരിച്ചു. യുദ്ധം, ഇനിയും യുദ്ധം എന്ന മട്ടിൽ ഒരു മൂന്നാം ലോക യുദ്ധത്തിന് കളമൊരുങ്ങുന്നു. അതിനുള്ള പാശ്ചാത്തല പ്രവർത്തനങ്ങളിൽ നാം ഓരോരുത്തരും ഭാഗഭാക്കായികൊണ്ടിരിക്കുന്നു.

## കെടുതിയുടെ കണക്കുകൾ

നാളിതുവരെയുള്ള മനുഷ്യചരിത്രത്തിൽ യുദ്ധമില്ലാതിരുന്ന ദിവസങ്ങൾ കൂട്ടിയാൽ 292 വർഷങ്ങൾ മാത്രമാണ് സമാധാനത്തോടെയുള്ള ജീവിതമുണ്ടായിരുന്നെന്ന് കാണാൻ കഴിയും. കഴിഞ്ഞ 5500 വർഷങ്ങൾക്കിടയിൽ 15,000ൽപരം യുദ്ധങ്ങളിലും സംഘട്ടനങ്ങളിലും മനുഷ്യൻ പങ്കുകൊണ്ടുവത്രെ! ഇവയിൽ മിക്കതും യൂറോപ്പിലായിരുന്നു. 17–ാം നൂറ്റാണ്ടിന്റെ തുടക്കം മുതൽ ഒന്നാം ലോകമഹായുദ്ധം വരെ മാത്രം





ഏതാണ്ട് 140 ലക്ഷം ജനങ്ങൾ യൂറോപ്പിലെ യുദ്ധക്കളങ്ങളിൽ മരിച്ചു വീണു.

രണ്ടാം ലോക മഹായുദ്ധത്തിൽ മാത്രം അഞ്ചുകോടി മനുഷ്യർ മരിച്ചു. ഇതിൽ ഏറ്റവും കൂടുതൽ (2 കോടി) ജനങ്ങളും സോവിയറ്റ് യൂണിയനിൽ നിന്നുള്ളവരായിരുന്നു. ഒന്നാം ലോകയുദ്ധത്തിൽ 33 രാഷ്ട്രങ്ങൾ പങ്കെടുത്തപ്പോൾ രണ്ടാമത്തേതിൽ അത് 62 ആയി ഉയർന്നു. 1945ലെ വിലയനുസരിച്ച് ഏതാണ്ട് 31,600 കോടി ഡോളർ ധനനഷ്ടമുണ്ടായി. ഒന്നാം ലോകയുദ്ധത്തിലുണ്ടായ നഷ്ടത്തിന്റെ പതിനൊന്ന് ഇരട്ടിയോളമായിരുന്നു ഇത്.

ഓരോ യുദ്ധവും കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടാണ് അവസാനിക്കാറുള്ളത്. മനുഷ്യൻ കൂടുതലായി നശിക്കുന്നു. രാജ്യം തകരുന്നു. കഷ്ടപ്പാടുകൾ പെരുകുന്നു. സ്വാഭാവികമായും യുദ്ധാനന്തര അനുഭവങ്ങൾ മറ്റൊരു യുദ്ധത്തിൽ നിന്ന് പിന്തിരിയാൻ മനുഷ്യനെ പ്രേരിപ്പിക്കേണ്ടതാണ്. പക്ഷെ, ചരിത്രം വിപരീതമായ പാഠമാണ് നമ്മെ പഠിപ്പിക്കുന്നത്. രണ്ടാം ലോകമഹായുദ്ധത്തിന് ശേഷമുണ്ടായ പ്രാദേശിക യുദ്ധങ്ങളിലും ആയുധസംഘട്ടനങ്ങളിലും മാത്രം ഏതാണ്ട് 2.2 കോടി ജനങ്ങൾ മരിക്കുകയും കോടിക്കണക്കിന് രൂപയുടെ നാശനഷ്ടങ്ങൾ സംഭവിക്കുകയുമുണ്ടായി. 150ഓളം പ്രാദേശിക യുദ്ധങ്ങൾ അതിന് ശേഷമുണ്ടായി.

## യുദ്ധം വികസനവിരുദ്ധം

നമുക്കുള്ള പരിമിതമായ വിഭവങ്ങളാണ് യുദ്ധാവശ്യങ്ങൾക്കായി ചെലവഴിക്കുന്നത്. ഈ പണം വികസനപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ കഴിഞ്ഞെങ്കിൽ ലോകത്തെല്ലാവരുടെയും പട്ടിണിയും രോഗവും നിരക്ഷരതയും തൊഴിലില്ലായ്മയും പരിഹരിക്കാൻ കഴിയുമായിരുന്നു.

ഭൂമുഖത്തുനിന്ന് മലമ്പനി നിർമ്മാർജ്ജനത്തിനായി ലോകാരോഗ്യ സംഘടന കണക്കാക്കിയിട്ടുള്ള തുക അരദിവസത്തെ യുദ്ധച്ചെലവിന് തുല്യമാണ്.ഒരു ആധുനിക ടാങ്ക് വാങ്ങാനുള്ള പണമുണ്ടെങ്കിൽ 80 ലക്ഷം ജനങ്ങൾക്ക് ഒരു ദിവസത്തെ റേഷൻ വാങ്ങാൻ കഴിയും.

പരിസര തകർച്ചയാണ് യുദ്ധം കൊണ്ടുള്ള മറ്റൊരു കെടുതി. ജലമലിനീകരണം, വായുമലിനീകരണം, അണുപ്രസരണം എന്നിവ ഇതിൽ പ്രധാനമാണ്. ഹിരോഷിമയിലേയും നാഗസാക്കിയിലേയും അണുപ്രസരണത്തിന്റെ പ്രത്യാഘാതങ്ങൾ 40 കൊല്ലം കഴിഞ്ഞ് ജനിക്കുന്ന കുട്ടികളിൽ പോലും കാണുന്നു. യുദ്ധക്കെടുതിക്കിരയായ ജപ്പാനിലെ ജനങ്ങളെ ഹിബാക്കുഷകൾ എന്നാണ് പറയുന്നത്. ഇതോടൊപ്പം ഭൂമുഖത്ത് നടന്നുകൊണ്ടിരിക്കുന്ന വന നശീകരണവും മറ്റും ഉയർത്തുന്ന ഭീഷണി വേറെയും. സഹാറ മരുഭൂമി കഴിഞ്ഞ 50 കൊല്ലങ്ങൾക്കിടയിൽ 150.കി.മീ കൂടി വികസിച്ചിരിക്കുകയാണത്രെ. ഇതെല്ലാം അറിഞ്ഞുകൊണ്ട് തന്നെ ദാരിദ്ര്യത്തിൽപെട്ട് വലയുന്ന രാജ്യങ്ങൾ ഭദ്രതക്കായി കൂടുതൽ നശീകരണ ശക്തിയുള്ള ആയുധങ്ങൾ വാങ്ങിക്കൂട്ടുന്നു; തദനുസൃതമായി തങ്ങളുടെ വികസന പ്രവർത്തനങ്ങൾ വെട്ടി കുറക്കുന്നു.

## യുദ്ധത്തിനെതിരെ

യുദ്ധം ഇത്രയും സങ്കീർണ്ണമായ പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ടെങ്കിലും അവയെ നേരിടാനുള്ള നടപടികളും മറുഭാഗത്ത് നടന്ന് കൊണ്ടിരിക്കുന്നു. ദരിദ്രരാജ്യങ്ങളിലെ വിമോചനമുന്നേറ്റത്തിന്റെ നേതാവും ക്യൂബൻ പ്രസിഡണ്ടന്റുമായ ഫിഡൽ കാസ്ട്രോ സാമ്രാജ്യത്വചൂഷണത്തിനെതിരെ ഒറ്റക്കെട്ടായി ആഞ്ഞടിക്കാനുള്ള ഒരു കർമ്മപരിപാടി ദരിദ്രരാജ്യങ്ങൾക്ക് മുന്നിൽ അവതരിപ്പിച്ചിരിക്കയാണ്. അദ്ദേഹത്തിന്റെ വിപുലമായ നിർദേശങ്ങളിൽ ചിലത് താഴെ വിവരിക്കുന്നു.

1. സമാധാനത്തിനായി അവിശ്രമം പൊരുതുക. സാർവ്വദേശീയ ബന്ധം മെച്ചപ്പെടുത്തുകയും ആയുധവൽക്കരണം തടയുകയും ചെയ്യുക. ആയുധ ചെലവിന്റെ ഒരു ഭാഗം ദരിദ്രരാജ്യങ്ങളിലെ വികസനത്തിനായി നീക്കിവെക്കുക.

2. പുതിയ സാർവ്വദേശീയ സാമ്പത്തിക വ്യവസ്ഥക്കായി പോരാടുക.

3. ലോകവിപണിയിൽ ദരിദ്രരാജ്യങ്ങളുടെ വില ഉറപ്പുവരുത്തുക.

4. കടക്കെണിയിൽ നിന്ന്

രക്ഷപ്പെടുത്താനായി കടം എഴുതിത്തള്ളാനുള്ള സമ്മർദ്ദമുയർത്തുക.

5, കാർഷിക പരിഷ്ക്കാരങ്ങൾ പോലുള്ള അടിസ്ഥാനമാറ്റങ്ങൾ നടപ്പാക്കുക.

6, ദരിദ്രരാജ്യങ്ങളുടെയും ചേരിചേരാ രാജ്യങ്ങളുടെയും സഹകരണം ഉറപ്പുവരുത്തി സാമ്രാജ്യത്വത്തിന്റെ ആഗോള ചൂഷണത്തിനെതിരെ പോരാടാനും സമാധാനം ഉറപ്പുവരുത്താനും അവിടങ്ങളിലെ ജനങ്ങളെ സജ്ജരാക്കാനും വേണ്ടി ഓരോ വ്യക്തികൾ അവനാൽ കഴിയുന്ന പ്രവർത്തനങ്ങൾ നടത്താൻ തയ്യാറാകുക, അവരെ തയ്യാറെടുപ്പിക്കുക.

ഇനിയൊരു യുദ്ധമുണ്ടായാൽ അത് യുദ്ധം ചെയ്യുന്ന രാജ്യങ്ങളെ മാത്രമല്ല, ലോകത്തെയാകെ ചുട്ടുകരിക്കും. ലോകത്തിന്റെ ഏതൊരു കോണിലുണ്ടാകുന്ന യുദ്ധവും സാധാരണ ജനങ്ങൾക്ക് ഭീഷണിയാണ്. ഇതിനെതിരെ ശക്തമായി പ്രതികരിച്ചേ മതിയാകൂ. സമാധാന പ്രസ്ഥാനങ്ങൾ മാത്രം വിചാരിച്ചാൽ യുദ്ധഭീഷണിയെ ചെറുക്കാൻ കഴിയില്ല. മുഴുവൻ ജനങ്ങളും ഇതിനെതിരെ മുന്നോട്ട് വരണം. ലോക സമാധാനത്തിനായുള്ള പ്രവർത്തനത്തിൽ നാം ഓരോരുത്തരും അണിനിരന്നേ മതിയാകൂ.

ഹിരോഷിമാ നഗരമധ്യത്തിൽ, യുദ്ധത്തിൽ മരിച്ചവരുടെ സ്മരണക്കായി പണിതുയർത്തിയ ഒരു സ്മാരകമുണ്ട്. അതിന്റെ കവാടത്തിൽ ഇപ്രകാരം കൊത്തിവെച്ചിരിക്കുന്നു.

"സമാധാനമായി വിശ്രമിക്കൂ ഇനിയെങ്കിലും തെറ്റ് ആവർത്തിക്കാതിരിക്കട്ടെ"

ഈ അഭ്യർഥന സഫലമാകുമോ? ഹിരോഷിമകൾ ഇനിയും ആവർത്തിക്കാതിരിക്കുമോ?

(യുദ്ധമേ വിട)